# മലയാളം

ഉപപാഠപുസ്തകം

സ്റ്റാന്റേർഡ്

X

# പാത്തുമ്മായുടെ ആട്



TB/X/2005/400(MS)

വൈക്കം മുഹമ്മദ് ബഷീർ

Price Rs. 6.00

TB/X/2005/400 (MS)

# പാത്തുമ്മായുടെ ആട്

## ഉപപാഠപുസ്തകം

## സ്റ്റാൻഡേർഡ് 10

വിദ്യാഭ്യാസ വകുപ്പ്

കേരള സർക്കാർ

2005

Price Rs. 6.00

## — പ്രതിജ്ഞ —

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

### ദേശീയഗാനം

ജനഗണമന-അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ
പഞ്ചാബസിന്ധു ഗുജറാട്ട മറാഠാ
ദ്രാവിഡ ഉത്കലവംഗാ,
വിന്ധ്യഹിമാചലയമുനാ ഗംഗാ,
ഉച്ഛല ജലധിതരംഗാ
തവശുഭനാമേ ജാഗേ,
തവശുഭ ആശിസമാഗേ,
ഗാഹേ തവജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ, ജയഹേ!

**Prepared By :**

**State Council of Educational Research and Training (SCERT)**

©
**Government of Kerala**
**Department of Education**
**2005**

# ആമുഖം

കൂട്ടുകാരേ,

ഭാഷ പഠിക്കുന്നതോടൊപ്പം സാഹിത്യലോകത്തേക്കും കടന്നുചെല്ലാൻ സഹായകമായ വിധത്തിലാണ് ഈ പുസ്തകം നിങ്ങൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ളത്. ഇതിനെ പലവിധത്തിൽ നിങ്ങൾക്ക് ഉപയോഗപ്പെടുത്താം – സ്വതന്ത്ര വായനയ്ക്ക്, നാടകമായി അവതരിപ്പിക്കുന്നതിന്, പുനർരചനയ്ക്ക്, വായനക്കുറിപ്പു തയ്യാറാക്കുന്നതിന്, കഥാകഥനത്തിന് അങ്ങനെ പലതിനും.

ഇതുപോലെ ധാരാളം കൃതികൾ നിങ്ങളുടെ സ്കൂൾ ലൈബ്രറിയിലുണ്ട്. അവയിൽ ഇഷ്ടപ്പെട്ടവ വായിക്കുക. വായന ഒരു ശീലമാക്കുക. അതിലൂടെ നിങ്ങളുടെ ഭാഷാശേഷികളും സാഹിത്യബോധവും സംസ്കാരവും വളർന്നുവരട്ടെ.

ഡയറക്ടർ

എസ്. സി. ഇ. ആർ. ടി., തിരുവനന്തപുരം.

# പാത്തുമ്മായുടെ ആട്

വൈക്കം മുഹമ്മദ് ബഷീർ


| | | പേജ് നമ്പർ |
|---|---|---|
| അധ്യായം 1 | .. | 1 |
| അധ്യായം 2 | .. | 11 |
| അധ്യായം 3 | .. | 18 |
| അധ്യായം 4 | .. | 24 |
| അധ്യായം 5 | .. | 30 |
| അധ്യായം 6 | .. | 33 |

# ഒന്ന്

പാത്തുമ്മായുടെ ആട്, അഥവാ പെണ്ണുങ്ങളുടെ ബുദ്ധി എന്ന തമാശക്കഥയാണ് ഞാനിവിടെ പറയാൻ പോകുന്നത്:

അനേകകാലത്തെ അലഞ്ഞുതിരിഞ്ഞുള്ള ഏകാന്ത ജീവിതത്തിനു ശേഷം മൂക്കത്തു ശുണ്ഠിയുമായി ഞാൻ വൈക്കം പട്ടണത്തിനടുത്ത് തലയോലപ്പറമ്പിലുള്ള എന്റെ വീട്ടിൽ താമസിക്കാൻ ചെന്നു. സ്റ്റൈലൻ സ്വീകരണം! എനിക്ക് എന്തെന്നില്ലാത്ത ദേഷ്യം വന്നു. ഞാനിരുന്നു പുകഞ്ഞു. എന്റെ വീട്........ ഞാൻ ആരെ പഴിക്കണം?

പത്തുപതിനഞ്ചു കൊല്ലമായിട്ടു ഞാൻ എന്റെ വീട്ടിൽ അങ്ങനെ താമസിച്ചിട്ടില്ല. വല്ലപ്പോഴുമൊക്കെ ചില രാത്രികൾ കഴിച്ചു കൂട്ടിയതായ ഓർമയേ ഉള്ളു. എനിക്കു താമസിക്കുവാനായി മാത്രം വീടിനെതിരെ പബ്ലിക്ക് റോഡിന്റെ വക്കിൽ ഓടിട്ട ഒരു ചെറിയ കെട്ടിടമുണ്ട്. അതു പണിയുമ്പോൾ ഞാൻ കല്ലും മണ്ണും ചുമന്നിട്ടുണ്ട്. വളരെ അധ്വാനിച്ചിട്ടുണ്ട്. ശാന്തതയ്ക്കും ഭംഗിക്കുംവേണ്ടി പലതും ചെയ്തു. ഉയരത്തിൽ കല്ലു കെട്ടിച്ചു വെള്ളമണൽ വിരിച്ച മുറ്റത്തിനു ചുറ്റും ഭംഗിയുള്ള ചെടികളുണ്ട്. പൂപ്പുരുത്തിയിൽ മുല്ലയും പിച്ചിയും പടർത്തീട്ടുണ്ട്. മുറ്റത്തിന്റെ മൂലകളിൽ പേര നട്ടുപിടിപ്പിച്ചിട്ടുണ്ട്. അവിടെ രണ്ടു കുളങ്ങളുണ്ട്. കുടിക്കാനൊന്ന്, കുളിക്കാനൊന്ന്. എനിക്കായി മാത്രം സ്പെഷ്യൽ കക്കൂസ്. പറമ്പു നിറയെ തെങ്ങുകളും വാഴയും: കൂടാതെ പലേ വൃക്ഷങ്ങളും ഞാൻ നട്ടുപിടിപ്പിച്ചു; കൂട്ടത്തിൽ നല്ല മാവുകളും. റോഡിന്റെ വക്കിനും അതിരിലുമെല്ലാം ഭംഗിയിൽ ശീമക്കൈതകൾ. പറമ്പിനു ചുറ്റും ആറടി പൊക്കത്തിൽ ഓലയും മുള്ളും പൊതിഞ്ഞ വേലി. മുൻവശത്ത് അഴികളിട്ടതും സദാ പൂട്ടിക്കിടക്കുന്നതുമായ ഗേററ്. അതിലേ നോക്കിയാൽ വഴിയേ പോകുന്നവർക്കു ചെടികളും പുഷ്പങ്ങളും എല്ലാം നല്ല ഭംഗിയിൽ കാണാം.

ഞാൻ ആ ചെറിയ വീട്ടിലാണ് ഏകാന്തമായി വസിച്ചിരുന്നത്. ചായയും പലഹാരവും ഊണും എന്റെ ഉമ്മ, അതായത് അമ്മ, ഗേറ്റിന്റെ മുകളിൽക്കൂടി അകത്തേക്കു തരും. അങ്ങനെ ആരെയും അകത്തേക്കു കയറ്റാറുണ്ടായിരുന്നില്ല. സൗഖ്യത്തോടെ ഇരുന്ന് എഴുതും; അല്ലെങ്കിൽ എന്തെങ്കിലും വായിക്കും. അതുമല്ലെങ്കിൽ ചെടികളെയും വൃക്ഷങ്ങളെയും ശുശ്രൂഷിച്ചുകൊണ്ട് അവിടെയൊക്കെ നടക്കും. അങ്ങനെയിരിക്കുമ്പോൾ ഞാനൊന്നു ചുറ്റാൻ പോയി. വർക്കലയിലെ ശിവഗിരി, മദിരാശി, എറണാകുളം, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിലായി മൂന്നു കൊല്ലം താമസിച്ചു. എന്നിട്ടു സുഖമില്ലാതെ പ്രശാന്തത തേടി തിരിച്ചു വരുമ്പോഴുണ്ട്, ഞാൻ താമസിക്കുന്ന ചെറിയ കെട്ടിടം എന്റെ നേരെ ഇളയവൻ, അബ്ദുൽഖാദർ, വാടകയ്ക്കു കൊടുത്തിരിക്കുന്നു! എക്സൈസ് ഇൻസ്പെക്ടർ ശ്രീമാൻ രാമൻകുട്ടി, അരിവയ്പുകാരനുമായി അവിടെ സുഖമായി താമസിക്കുകയാണ്. മൂപ്പർക്കു വീടു നന്നായി പിടിച്ചു. എങ്കിലും മാറിത്തരാം. പക്ഷേ, ആ വലിയ ഗ്രാമത്തിൽ വേറെ വീടു കിട്ടാൻ ഒരു വഴിയുമില്ല. എന്തു ചെയ്യും?

ങ്ഹും! അങ്ങനെ ഞാൻ വീട്ടിൽ താമസമാക്കി. നിശ്ശബ്ദത, ശാന്തത, പിന്നെ പരിപൂർണ വിശ്രമവുമാണ് എനിക്കാവശ്യം. ആരോഗ്യം വീണ്ടെടുക്കണം. മനസ്സിനു വിഷമമുണ്ടാക്കുന്ന ശല്യങ്ങളോ ഒച്ചകളോ ഒന്നും ഉണ്ടാവരുത്. പക്ഷേ, ഞാൻ ശല്യങ്ങളുടെയും ബഹളങ്ങളുടെയും ഒച്ചകളുടെയും നടുവിലായി! ഒത്ത നടുവിൽ!

ഓല മേഞ്ഞ ഒരു ചെറിയ, രണ്ടു മുറികളും ഒരടുക്കളയും രണ്ടു വരാന്തകളുമുള്ള കെട്ടിടമാണ് എന്റെ വീട്. അതിൽ ആരെല്ലാമാണെന്നോ താമസക്കാർ?

എന്റെ ഉമ്മ, എന്റെ നേരേ ഇളയവനായ അബ്ദുൽഖാദർ, അവന്റെ കെട്ടിയോളായ കുഞ്ഞാനുമ്മ, അവരുടെ ഓമന സന്താനങ്ങളായ പാത്തുക്കുട്ടി, ആരീഫ, സുബൈദ, അബ്ദുൽഖാദറിന്റെ ഇളയവനായ മുഹമ്മദ് ഹനീഫാ, അവന്റെ കെട്ടിയോളായ ഐശോമ്മ, അവരുടെ ഓമനസന്താനങ്ങളായ ഹബീബു മുഹമ്മദ്, ലൈല, മുഹമ്മദ് റഷീദ്; ഹനീഫായുടെ ഇളയതായ ആനുമ്മ, അവളുടെ കെട്ടിയോനായ സുലൈമാൻ, അവരുടെ ഓമനസന്താനമായ സൈദുമുഹമ്മദ്, പിന്നെ എന്റെ എല്ലാറ്റിലും ഇളയ അനുജൻ അബുബക്കർ എന്ന അബു.

ഇത്രയുമാണു മനുഷ്യർ. ഇവരെക്കൂടാതെയുമുണ്ട് സംഭവങ്ങൾ. എവിടുന്നോ വന്നു കുടിയേറി ഉമ്മായുടെ അഭയാർഥികളായിപ്പാർക്കുന്ന കുറെ

പൂച്ചകൾ; അവരെ പേടിച്ചു മച്ചുംപുറത്തു സദാ ഓടിനടക്കുന്ന കാക്കത്തൊള്ളായിരം എലികൾ. പുരപ്പുറത്തിരുന്നു കരഞ്ഞു ബഹളം കൂട്ടുന്ന കുറെ ഏറെ കാക്കകൾ. ഇതിനെല്ലാറ്റിനും പുറമേ എൻെറ ഉമ്മായുടെ സ്വന്തം വകയും വീടുഭരിക്കുന്നവരുമായ പത്തുനൂറു കോഴികൾ. അവരുടെ എണ്ണമില്ലാത്ത കുഞ്ഞുങ്ങൾ. ഇവരെ റാഞ്ചിക്കൊണ്ടുപോയി തിന്നു ജീവിക്കുന്ന എറിയനും പരുന്തും വൃക്ഷങ്ങളിൽ.

വീട്ടിൽ എപ്പോഴും നല്ല ഹരമാണ്. ചന്തകൂടിയ ബഹളം. റഷീദും സുബൈദയും നീന്തിനടക്കാൻ തുടങ്ങിയിട്ടില്ല. മുലകുടിക്കാത്ത സമയങ്ങളിൽ അവരങ്ങനെ നിർത്താതെ കരയും. നടന്നുതുടങ്ങിയ ആരിഫയും ഒരു കരച്ചിൽയജ്ഞക്കാരിയാണ്. അവളെക്കാൾ ശകലം പ്രായംകൂടിയ ലൈലയും സൈദുമുഹമ്മദും നല്ല ഒന്നാംതരം കരച്ചിൽകാരുതന്നെ. അബിയും പാത്തുക്കുട്ടിയും (ങ്ഹാ, ഹബീബുമുഹമ്മദ് എന്നുളള പേര് സ്കൂളിൽ മാത്രമേയുളളു. വീട്ടിൽ വിളിക്കുന്നത് അബി, തന്നത്താൻ അവൻ പറയുന്നത് 'മ്പി'. അവനും പാത്തുക്കുട്ടിയും ഒന്നാം ക്ലാസിൽ പഠിക്കുന്നു.) രണ്ടുപേരും ഉശിരൻ കരച്ചിലുകാരാണ്, ശാഠ്യക്കാരുമാണ്. കുട്ടികൾ, പൂച്ചകൾ, കോഴികൾ, പെണ്ണുങ്ങൾ, പരുന്തുകൾ, എലികൾ, കാക്കകൾ — എല്ലാവരുംകൂടി നല്ലൊരു മേളമാണു സൃഷ്ടിക്കുന്നത്.

ഈ പറയപ്പെട്ട ബഹളത്തിൽ ഞാൻ നോക്കുമ്പോൾ വന്നിരിക്കുന്നു ഒരാട്!!!

പെണ്ണുതന്നെ. തവിട്ടു നിറം. നല്ല ചുറുചുറുപ്പുണ്ട്. അത്, വെളുപ്പിനേ എൻെറ വീട്ടിൽ വന്ന് അടുക്കളയിൽ കയറി വല്ലതും പ്രാതൽ കഴിക്കും. എന്നിട്ടു പുരയ്ക്കകത്തു കടന്ന് ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളുടെ ദേഹത്തു ചവിട്ടി അവരെ ഉണർത്തി, മുറ്റത്തിറങ്ങി രാത്രി വീണ പ്ലാവില വളരെ ധൃതിയോടെ തിന്നുതുടങ്ങും.

മുറ്റത്തിൻെറ അരികിലുളള പ്ലാവ് വൃദ്ധദശ കടന്നതാണ്. എങ്കിലും ചക്കകളുണ്ട്. എത്ര ആടുകൾക്കു വേണമെങ്കിലും കൊടുക്കാൻ പ്ലാവിലയുമുണ്ട്. ആടു പ്ലാവിലയെല്ലാം വേഗം തിന്നുതീർത്തിട്ട്, മുറ്റത്തിൻെറ അരികിലുളള ചാമ്പമരത്തിൻെറ ചുവട്ടിലേക്കു ചെല്ലും. അവിടെ വീണുകിടക്കുന്ന ചാമ്പങ്ങ എല്ലാം തിന്നും. എന്നിട്ടു മുകളിലേക്കു നോക്കും. ഇളം ചുവപ്പിൽ മുങ്ങിയ വലിയ മഞ്ഞുതുളളികൾ പോലെ പച്ചിലകളുടെ ഇടയിൽ ചാമ്പങ്ങ ഇറിഞ്ഞിലുപോലെ കിടപ്പുണ്ട്. എന്തു ചെയ്യും? ആട് രണ്ട് പിൻകാലുകളിൽ ഉയർന്നുനിന്ന് താഴ്ന്ന കൊമ്പിലുളള ചാമ്പങ്ങ തിന്നാൻ നോക്കും. എത്തുന്നില്ല! ആരാണീ ചാമ്പമരത്തിൻെറ താഴ്ന്ന കൊമ്പുകൾ മുകളിലേക്കു വലിച്ചു കെട്ടിയത്?

അങ്ങനെ ഓർത്തു നില്ക്കുമ്പോൾ പഴുത്ത ഒരു പ്ലാവില വീഴും. ആട് മുറ്റത്തേക്കോടിച്ചെന്ന് അതു നക്കിയെടുത്തു, രുചിയോടെ ചവച്ചുതിന്നും. അപ്പോഴേക്കു ഉമ്മായോ കുഞ്ഞാനുമ്മയോ ഐശോമ്മായോ ആനുമ്മായോ മുറ്റമടിക്കാൻ ചൂലുമായി വരും. ആട് ഓടി പുരയ്ക്കകത്തു കയറി അവിടെയൊക്കെ അങ്ങനെ പരതി നടക്കും.

ഇതാരുടെ ആട്? എന്തൊരു സ്വാതന്ത്ര്യമാണു കാണിക്കുന്നത്? എവിടെല്ലാം കയറുന്നു! എന്തെല്ലാം ചെയ്യുന്നു! എന്നിട്ട് ആരും ഒന്നും മിണ്ടുന്നില്ല. കേൾപ്പോരും കേൾവിയുമില്ലാത്ത ഒരു വീട്!

ചാരുകസേരയിൽ ഞാൻ മുൻവശത്തെ വരാന്തയിൽ ഇരിക്കുമ്പോൾ മുറിയിൽ ആരോ കടലാസു വലിച്ചുകീറുന്ന ശബ്ദം കേട്ടു. ഞാൻ ചെറുവാതിലിലൂടെ ഉളളിലേക്കു നോക്കി. അദ്ഭുതം! ആ ആട് എൻെറ കിടക്കയിൽ കയറിനിന്നുകൊണ്ട് പുസ്തകം തിന്നുകയാണ്!

പെട്ടിപ്പുറത്ത് ബാല്യകാലസഖി, ശബ്ദങ്ങൾ എന്നീ രണ്ടു പുസ്തകങ്ങളുടെ പുതിയ പതിപ്പിൻെറ ഓരോ കോപ്പി ഇരിപ്പുണ്ടായിരുന്നു. അതിൽ ബാല്യകാലസഖിയാണ് ഇപ്പോൾ അതു സാപ്പിടുന്നത്. മുൻകാലുകൊണ്ട് ചവിട്ടിയിട്ട് രണ്ടും മൂന്നും പേജുകളായി നക്കിനക്കി വായിലാക്കി സ്റ്റൈലായി ചവച്ചു തിന്നുകയാണ്. തിന്നട്ടെ! നല്ല ആടുതന്നെ ............... 'ശബ്ദങ്ങൾ' ഇരിപ്പുണ്ടല്ലോ. ഘോരഘോരമായ വിമർശനപീരങ്കിഉണ്ടകൾ ഏറ്റ ചെറുപുസ്തകമാണ്. എങ്കിലും സംഗതി ഭീകരം. ആ പുസ്തകം തിന്നാൻ ഈ ആട് ധൈര്യപ്പെടുമോ?

യാതൊരു സങ്കോചവുമില്ല. 'ബാല്യകാലസഖി' അകത്തായി. ഉടനെ 'ശബ്ദങ്ങൾ' തുടങ്ങി. രണ്ടു മിനിട്ടുകൊണ്ട് മുഴുവനും സാപ്പിട്ടു. എന്നിട്ട് ആട് എൻെറ പുതപ്പു തിന്നാൻ തുടങ്ങി. ഉടനെ ഞാൻ ചാടിയിറങ്ങി; ഓടിച്ചെന്നു!

'ഹേ അജസുന്ദരീ! ഭവതി ആ പുതപ്പു തിന്നരുത്. അതിനു നൂറു രൂപാ വിലയുണ്ട്. അതിൻെറ കോപ്പി എൻെറ പക്കൽ വേറെയില്ല. എൻെറ പുസ്തകങ്ങൾ ഇനി വേറെയുമുണ്ട്. ഭവതിക്കതെല്ലാം വരുത്തി സൗജന്യമായി തരാം.'

എന്നിട്ട് ആടിനെ ഓടിച്ചു പുറത്തിറക്കി. അതു പ്ലാവിൻ ചുവട്ടിലേക്കോടി. അവിടെ രണ്ടുമൂന്ന് ഇലകൾ വീണുകിടപ്പുണ്ട്. മൂപ്പത്തി അതെല്ലാം തിന്നുകയാണ്.

ഞാൻ ഉമ്മയെ വിളിച്ചു ചോദിച്ചു:

'ആരതാണുമ്മാ ഈ ആട്?'

ഉമ്മാ പറഞ്ഞു:

'ഞമ്മടെ പാത്തുമ്മാട ആടാ.'

'അതാണല്ലേ ഇതിനിത്ര സ്വാതന്ത്ര്യം?'

പാത്തുമ്മായുടെ ആടാണ്............ സംഗതി വ്യക്തമായി. നേരം വെളുക്കുന്നതിനു മുമ്പ് പാത്തുമ്മാ അതിനെ അഴിച്ചുവിടും.

'അവരു മുറ്റോടിച്ച് ആ പെലാവെല മുഴുവനും കളേണതിനു മുമ്പ് ചെന്നുതിന്നു വയറുനെറ എൻെറ പൊന്നാടേ,' എന്നുപദേശിക്കും. ആട് നേരേചൊവ്വേ പബ്ലിക് റോഡിലൂടെ വീട്ടിലേക്കു വരും, എന്നിട്ടാണല്ലേ, മേട്! കുശാൽ.

ഈ ആടുകാരി പാത്തുമ്മ എൻെറ സഹോദരിയാണ്. അബ്ദുൽഖാദറിൻെറ നേരേ ഇളയത് — താമസിക്കുന്നത് ഒന്നര ഫർലോംഗ് അകലെ ചന്തയുടെ പിന്നിലാണ്. ഭർത്താവായ കൊച്ചുണ്ണിക്ക് കാലത്തെ ചായയും പലഹാരവും ഉണ്ടാക്കിക്കൊടുത്ത്, കൊച്ചുണ്ണിയെ കച്ചവടത്തിനു പറഞ്ഞയയ്ക്കും. മൂപ്പർ പലേ കച്ചവടവും ചെയ്തു നോക്കി. എന്നിട്ടു കയർ കച്ചവടത്തിലേർപ്പെട്ടിരിക്കുകയാണ്. സന്ധ്യക്കേ മടങ്ങിവരൂ.

കൊച്ചുണ്ണി പോയിക്കഴിഞ്ഞാൽ പാത്രങ്ങളെല്ലാം കഴുകി കമിഴ്ത്തിവെച്ചിട്ട്, തൻെറ കൊച്ചുമകൾ ഖദീജയുമായി പാത്തുമ്മാ നേരേചൊവ്വേ വീട്ടിലേക്കു വരും. — വരുന്നത് ഒരു സ്റ്റൈലിലാണ്. വാലുപോലെ പിറകിൽ ഖദീജ. സ്വപ്നത്തിലെന്നവണ്ണമാണ് പാത്തുമ്മായുടെ നടപ്പ്. വീട്ടിലെത്തിയാൽ വിധം മാറും. പാത്തുമ്മായുടെയും ഒച്ച പൊന്തും. അതിനാവശ്യവുമുണ്ടല്ലോ! അവളാണ് ഉമ്മായുടെ മൂത്ത മകൾ. അതുകൊണ്ട് വീട്ടിൽ ലേശം അധികാരമൊക്കെ കൂടുതലുണ്ടാകുമല്ലോ?

പാത്തുമ്മാ വന്നു കയറിയപ്പോൾ ഞാൻ ശകലം ശ്രദ്ധിച്ചു. പാത്തുമ്മായുടെ ആടുണ്ട്. ഉമ്മായുണ്ട്. അനിയത്തിയുണ്ട്. രണ്ടു നാത്തൂന്മാരുണ്ട്. എന്താണുണ്ടാവുക?

പാത്തുമ്മാ അകത്തു കടന്ന് അനിയത്തിയോടും ഉമ്മായോടും നാത്തൂന്മാരോടുമായി ഒരൽപ്പം അധികാരത്തോടെ ചോദിച്ചു:

'വല്ലവരും എൻെറ ആടിനു കഞ്ഞോളം കൊടുത്തോ?'

ഉമ്മാ പറഞ്ഞു:

'നൂറുകൂട്ടം പണിയൊണ്ട്. നിൻെറ ഒരാട്!'

പാത്തുമ്മാ നാത്തൂന്മാരോട് എന്തൊക്കെയോ ചോദിച്ചു, അനിയത്തിയെ അൽപ്പം ശാസിച്ചു:

'ഇനിക്കു നിന്ന നന്നായിട്ടറിയാമെടീ!'

അതിന് ആനുമ്മാ എന്തു പറഞ്ഞെന്നറിഞ്ഞുകൂടാ. പാത്തുമ്മാ, ഉമ്മായോടു തൻെറ ജീവിതക്ലേശങ്ങളെപ്പറ്റി പറഞ്ഞു. ഒട്ടുവളരെ സങ്കടങ്ങൾ. എന്നിട്ട് ഒരു വെച്ചിരുത്തലോടെ പ്രസ്താവിച്ചു:

'നിങ്ങളാരും ഒന്നും ചെയ്യണ്ട. എൻെറ ആടു പെറട്ടെ, അപ്പക്കാണാം!'

പാത്തുമ്മായുടെ ആടു പ്രസവിക്കുമ്പോൾ പാത്തുമ്മാ എന്താണ് മാലോകരോടു കാണിക്കാൻ പോകുന്നത്?

ചാമ്പമരം കായ്കളാൽ മന്ദഹസിക്കയാണ്. ഞാനതിൽ നോക്കി ചാരുകസേരയിൽ പടിഞ്ഞാട്ടു തിരിഞ്ഞു കിടക്കുമ്പോൾ 'മ്യാവൂ, മ്യാവൂ!' എന്നുള്ള വൃത്തികെട്ട ശബ്ദങ്ങളോടെ അഭയാർഥിപ്പൂച്ചകൾ എൻെറ അടുത്തു വന്നു. അതിൽ ഒന്ന് ഉശിരോടെ ചാടിക്കയറി എൻെറ മടിയിൽ ഇരിപ്പായി. വലിയ വൃത്തിയുള്ളതല്ല ഈ പൂച്ച.

എന്തിനെൻെറ മടിയിൽ കയറി ഇരിക്കുന്നു? തമ്മിൽ യാതൊരു പരിചയവുമില്ല. എങ്കിലും കണ്ടപ്പോൾ എന്നോട് ഇഷ്ടം തോന്നിയിരിക്കാം. ഓ, ഇരിക്കട്ടെ......... അങ്ങനെ റോഡിലേക്കു നോക്കുമ്പോൾ കുറെ ഏറെ പെൺകുട്ടികൾ പോകുന്നു; ഹൈസ്ക്കൂളിൽ പഠിക്കുന്നവരാണ്. എല്ലാവരും എന്നെ നോക്കുന്നുണ്ട്. സുന്ദരികൾ! തീക്ഷ്ണമായ നോട്ടം!

എന്താ കാരണം?

പാത്തുമ്മായുടെ ആടിൻെറ പുറത്ത് ഒരു കാക്ക വന്നിരുന്നു. കാക്കയെയും വഹിച്ചുകൊണ്ട് ആട് എൻെറ അടുത്തു മുമ്പിൽ വന്നു. കണ്ട 'ഓർമ തോന്നുന്നില്ലല്ലോ' എന്ന മട്ടിൽ കാക്ക എന്നെ ഒന്നു ചെരിഞ്ഞു നോക്കി.

എൻെറ അടുത്തു സിമൻറുതിണ്ണയിൽനിന്നു കുറെ കോഴികൾ എന്തെല്ലാമോ കൊത്തിപ്പെറുക്കുന്നുണ്ട് ആ കൂട്ടത്തിൻെറ അറ്റത്തു കാക്ക പറന്നുവന്നിരുന്നു.

'ഇതിനെന്തിവിടെ അവകാശം?' എന്ന മട്ടിൽ കോഴികൾ നോക്കി. കാക്ക യാതൊരു കൂസലും കാണിച്ചില്ല. 'ഞാനാണ് ഇവിടത്തെ അവകാശി' എന്ന മട്ടിൽ കാക്ക കൊത്തിപ്പെറുക്കിത്തുടങ്ങി.

ആ സദസ്സിലേക്ക് ഒരു വെള്ളപ്പൂച്ച വന്നു. കൂട്ടത്തിൽ വലിയ കരിങ്കോഴിക്ക് അതത്ര പിടിച്ചില്ല. അതു പൂച്ചയുടെ തലയ്ക്കു കൊടുത്തു ഒരു കൊത്ത്! പൂച്ച ഒന്നു ചീറ്റി. എന്നിട്ടു വാലുംപൊക്കി രോമങ്ങളെല്ലാം എടുത്തുപിടിച്ചുകൊണ്ട് 'ഞങ്ങൾക്കീ വീട്ടിൽ അവകാശം വല്ലതും ഉണ്ടോ ഇല്ലയോ എന്ന് ഇപ്പോൾ കാണിച്ചുതരാം. ചുണയുണ്ടെങ്കിൽ നീ ഒന്നുകൂടി കൊത്ത്!' എന്ന മട്ടിൽ നിൽപ്പായി.

'ഉമ്മാ, ഇതു കണ്ടോ?' എന്നുള്ള പരുക്കൻ ഒച്ചയോടെ ആ സദസ്സിലേക്ക് എൻെറ ഏറ്റവും ഇളയ അനുജൻ അബൂബക്കർ, അലക്കിത്തേച്ച വസ്ത്രങ്ങളും ചീകിമിനുക്കിയ മുടിയും, കരയുന്ന ചെരിപ്പുകളുമായി വന്നു. അവൻ വെറും 'അബു'

ആയി നടക്കുകയാണ്. മൂപ്പർ ഒരു ലെഫ്ടിസ്റ്റാണെന്നു സംസാരമുണ്ട്. ദിവസത്തിൽ രണ്ടു തവണ ഡ്രസ് മാറും. അവന് അറുപത് ജോടി ചെരിപ്പുകളുണ്ടെന്ന് ഉമ്മ പറഞ്ഞിട്ടുണ്ട്. നൂലുപോലെയാണവൻ. എങ്കിലും മഹാ ഒച്ചക്കാരനാണ്. വലിയ മെനക്കാരനും. ഞാൻ വന്നയുടനെ അവനെ കുടിയിറക്കി. വീട്ടിലുള്ള എൻെറ സ്വന്തം മുറിയിൽ സർവാധിപതിയായി അവൻ വാഴുകയായിരുന്നു. ആ മുറി എനിക്കും അബ്ദുൽഖാദറിനും ഇരുന്നു പഠിക്കാനായി ബാപ്പ പണ്ട് വീടിനോടു ചേർത്തു പണിയിച്ചതാണ്. ആ കാലത്തുതന്നെ അബ്ദുൽഖാദറിനെ ആ മുറിയിൽനിന്നു ഞാൻ കുടിയിറക്കി. അവൻ പിന്നെ ഉമ്മായുടെകൂടെയായി കിടപ്പ്. അബ്ദുൽ ഖാദറിൻെറ തല ഇപ്പോൾ നരച്ചു കഴിഞ്ഞു. കണ്ടാൽ എൻെറ ജ്യേഷ്ഠനാണെന്നേ തോന്നൂ. അവൻ പണ്ടത്തെ എൻെറ മുറിയുടെ ഇണപോലെ വേറൊന്ന് ഇപ്പോൾ വീടിൻെറ ഇങ്ങേവശത്തു പണിയിച്ചിട്ടുണ്ട്. അതിലാണ് ഹനീഫായും കെട്ടിയോളും മക്കളും രാത്രി കഴിച്ചുകൂട്ടുന്നത്. അബുവിനെ ഞാൻ കുടിയിറക്കിയപ്പോൾ, തൻെറ പെട്ടികളും പുസ്തകങ്ങളും വിളക്കും കിടക്കയുമായി അവൻ ഹനീഫായുടെ മുറിയിലേക്കു മാറി.

അബുവിൻെറ ഒച്ച കേട്ടയുടനെ പൂച്ചകൾ ഓടി, കാക്ക പറന്നു, കോഴികൾ പരക്കം പാഞ്ഞു, പാത്തുമ്മായുടെ ആട് അപ്പുറത്തു പെണ്ണുങ്ങളുടെ അടുത്തേക്കോടി, പിള്ളേര് കരച്ചിൽ നിർത്തി. പരുന്തുകളും എറിയനും നിശ്ശബ്ദരായി എങ്ങോ ഒളിച്ചു. സ്ത്രീകളുടെയും വർത്തമാനം നിലച്ചു. വീടു നിശ്ശബ്ദമായി.

അബുവിൻെറ ഒച്ച പൊന്തി :

'വല്യ ഇയ്ക്കാക്കാ ഇതെല്ലാം അനുവദിക്കുന്നല്ലോ? പൂച്ച, പിള്ളേര്, കോഴി, കാക്ക, ആട്! ആടിനെ തീറ്റി വളർത്താൻ കണ്ട ഒരു സ്ഥലം! എല്ലാത്തിനേം ഞാൻ പാകമാക്കാം — ഉമ്മാ, ആ വടിയും തെറ്റാലിയും എടുത്തോണ്ടു വന്നേ!'

പാത്തുമ്മാ ഉടനെ സങ്കടത്തോടെ പറയുന്നതു കേട്ടു :

'ഖദീജാ, ഞമ്മടെ ആടിനെ വിളി. ഞമ്മക്കീ വീട്ടിൽ അവകാശമൊന്നുമില്ലെന്നു തെളിഞ്ഞു കഴിഞ്ഞ്! വാ, പോകാം — പൊന്നുമ്മാ ഞങ്ങള് പോണ്!'

അബു ഒച്ചയിട്ടു:

'എനിക്കീ വീട്ടിൽ വല്ല അവകാശവും ഉണ്ടോ എന്നു ഞാനും ഒന്നു നോക്കട്ടെ. ഇന്നു ഞാൻ ഹനീഫായ്ക്കേനേം കെട്ടിയോളേം പുള്ളേരേം കുടിയിറക്കും!'

ഞാനും ഒച്ചയിട്ടു, വലിയ ഒച്ച:

'എടാ, ഈ വീട്ടിൽ നിൻെറ ഒച്ച കേട്ടുപോകരുത്. നിൻെറ എല്ലു ഞാൻ തകർത്തുകളയും! നൂലുപോലെയാണ്! അവൻെറ ഒരു തൊള്ള! എടാ അബു, അപ്പോൾ ഹനീഫായും മറ്റും എവിടെപ്പോയി താമസിക്കും?'

അബു പതുക്കെ പറഞ്ഞു;

'ഹനീഫായ്ക്കാക്കാട എസ്റ്റേറ്റിൽ ഒരു വീടുണ്ടാക്കി താമസിക്കട്ടെ.'

അതു ശരി. അങ്ങനെ ഒരു വർത്തമാനമുണ്ട്. വീടുണ്ടാക്കുന്ന കാര്യത്തെപ്പറ്റി ഹനീഫാ എന്നോടു പറഞ്ഞിട്ടുള്ളതുമാണ്. രണ്ടു മൈൽ ദൂരെ കുന്നിൻെറ ചെരിവിലായി റോഡിനടുത്ത് ഒരു എൺപതു സെൻറ് നല്ല ഭൂമി അവൻ വാങ്ങിയിട്ടുണ്ട്. അതിലിപ്പോൾ ഏത്തവാഴയും കപ്പയും മാവും വെച്ചിരിക്കയാണ്. അതിലൊരു വീടുവെക്കണം. അതിനു വേണ്ട സഹായസഹകരണങ്ങൾ എന്നിൽനിന്നാണ് അവൻ പ്രതീക്ഷിക്കുന്നത്. അവൻെറ പക്കൽ പണമൊന്നുമില്ലെന്നും പറഞ്ഞിട്ടുണ്ട് — അവൻ വെളുപ്പിനെ നാലു മണിക്ക് എണീറ്റു നടന്നു ചെന്ന്, വാഴയ്ക്കും മറ്റും വെള്ളമൊഴിച്ചിട്ട് ഏഴു മണിക്ക് വീട്ടിൽ വരും. എന്നിട്ടവൻ അബിയെയും ലൈലായെയും കൂട്ടി നദിയിൽ കുളിക്കാൻ പോകും. ബാപ്പയും മക്കളും വലിയ കൂട്ടുകെട്ടിലാണ്. അവരുടെ സ്ഥലത്തു വീടു വെക്കുമ്പോൾ എന്നെ കൊണ്ടുപോകാമെന്ന് ലൈലായും അബിയും പറഞ്ഞിട്ടുണ്ട്; അതുപോലെതന്നെ സൈദു മുഹമ്മദും പറഞ്ഞിട്ടുണ്ട്. അവനും അവൻെറ ഉമ്മയായ ആനുമ്മായ്ക്കും ബാപ്പയായ സുലൈമാനുംകൂടി താമസിക്കാൻ വീടിൻെറ തൊട്ടടുത്തുള്ള പുരയിടത്തിൽ ഒരു വീടുവെക്കുന്നുണ്ട്. അതിനുള്ള മരപ്പണികളെല്ലാം കഴിഞ്ഞിട്ടുണ്ട്. കല്ലിറക്കി വെച്ചിരിക്കുന്നു. ഈ പറഞ്ഞതൊന്നും ഹനീഫാ ചെയ്തിട്ടില്ല. ഞാൻ പറഞ്ഞു :

'എടാ അബു, ഹനീഫായുടെ കൈയിൽ കാശില്ലെന്നാണു തോന്നുന്നത്.'

അബു പതുക്കെ പറഞ്ഞു:

'ഹനീഫാ ഇയ്ക്കാക്കാ മഹാ അറ്ക്കീസാണ്. ഒരുപാടു രൂപായൊണ്ട്.'

'പോടാ.'

അവൻ റബ്ബർ തെറ്റാലി എടുത്തു കുറെ ഉരുളൻ കല്ലുകളുമായി പക്ഷികളെ തെറ്റി വീഴിക്കാൻ പോയി.

വാ ആടേ, അവനൊന്നും ചെയ്യേല,' എന്നാശ്വസിപ്പിച്ചുകൊണ്ട് ആടുമായി പാത്തുമ്മാ ഇപ്പുറത്തു വന്നു. അടുത്തുള്ള പറമ്പിൽ അബു നിൽക്കുന്നതു കണ്ട് പാത്തുമ്മാ വിളിച്ചു പറഞ്ഞു :

'എടാ അബു, നീ അടങ്ങിയൊതുങ്ങി ജീവിച്ചാ മതി! വലിയ ഇയ്ക്കാക്കാ വന്നതറിഞ്ഞില്ലേ നീ?'

'എന്നെ "എടാ അബു" എന്നു വല്യ ഇത്താത്താ വിളിച്ചതു കേട്ടോ ഇയ്ക്കാക്കാ? വല്യ ഇയ്ക്കാക്കാ വന്നിട്ടുള്ള മൂച്ചാണ്! ങ്ഹും!'

അബുവിൻെറ മൂത്തതിൻെറ മൂത്തതിൻെറ മൂത്തതാണ് പാത്തുമ്മാ — അവൾ അവനെ 'എടാ അബു' എന്നു വിളിച്ചതു വളരെ കുറച്ചിലായിപ്പോയി!

ഞാൻ പറഞ്ഞു:

'എന്നാ നിന്നെ "അബുസാർ" എന്നു വിളിക്കാമെടാ! പോടാ!'

പാത്തുമ്മാ എൻെറ അടുത്തു വന്നു. എന്നിട്ട്, തിക്കുംപൊക്കും നോക്കി. ആരുമില്ല! പാത്തുമ്മാ രഹസ്യമായി പറഞ്ഞു :

'വല്യ ഇയ്ക്കാക്കാ, ആരും അറിയണ്ട. ആനുമ്മാ അറിഞ്ഞാ വഴക്കിടും. ഇഞ്ഞി ഇനിക്കു വല്യ ഇയ്ക്കാക്കാ രൂപ ആയിട്ടൊന്നും തരണ്ട. ഖദീജ്ജായ്ക്കു രണ്ടു കമ്മല് പണീച്ചു കൊടുത്താ മതി — ഹനീഫായും അറിയണ്ട, കൊച്ചിക്കായും അറിയണ്ട, അബും അറിയണ്ട, ഉമ്മായും അറിയണ്ട.'

ഞാൻ പതുക്കെ ചോദിച്ചു:

'കമ്മല് വെള്ളിയുടെതോ പൊന്നിൻെറതോ?'

പാത്തുമ്മാ തിക്കുംപൊക്കും നോക്കിയിട്ടു പതുക്കെ പറഞ്ഞു :

'പൊന്നിൻറതു വേണം! വല്യ ഇയ്ക്കാക്കാ വല്ലോരോടും പറയുവോ?'

'ഹേയ്!' ഞാൻ പറഞ്ഞു: 'പരമ രഹസ്യമാക്കി വയ്ക്കും.'

അങ്ങനെ പാത്തുമ്മായുമായി ഒരു രഹസ്യക്കരാറിൽ ഞാൻ ഏർപ്പെട്ടു:

'കമ്മല് ഉടനേ വേണം!' പാത്തുമ്മാ പറഞ്ഞു.

ഞാൻ പറഞ്ഞു: 'നോക്കട്ടെ.'

ഈ കമ്മൽ ഒരടിയന്തിര പ്രശ്നമായിത്തീരാൻ ഒരു ചെറിയ കാരണമുണ്ട്. ഞാൻ വന്ന ഉടനെ മൂന്നു ചെറിയ കുടകൾ എറണാകുളത്തുനിന്ന് വരുത്തിച്ച് അബ്ദുൾഖാദറിൻെറ മകൾ പാത്തുക്കുട്ടി, ഹനീഫായുടെ മകൻ അബി, ആനുമ്മായുടെ മകൻ സൈദുമുഹമ്മദ് — എന്നിവർക്കു കൊടുത്തു. പാത്തുമ്മായുടെ മകൾ ഖദീജ്ജായ്ക്കു കുട കൊടുത്തില്ല! പാത്തുക്കുട്ടിയും അബിയും സൈദുമുഹമ്മദും ഖദീജ്ജായും ഏതാണ്ട് ഒരേ പ്രായക്കാരാണ്. ശീമത്തരവും ഒച്ചയും സമം. കരച്ചിലും അതുപോലെതന്നെ. എന്നാൽ ഖദീജ്ജായ്ക്കു കുട കൊടുത്തില്ല! എന്താ കാരണം? സത്യം പറഞ്ഞാൽ ഞാനാക്കാര്യം മറന്നുപോയി. സാരമില്ല; പൊന്നിൻെറ കമ്മൽ രണ്ടെണ്ണം അവൾക്കു റെഡി!

പാത്തുമ്മാ അപ്പുറത്തുപോയി എന്തോ വീട്ടുജോലിയിൽ ഏർപ്പെട്ട തക്കത്തിന് ആനുമ്മാ പതുക്കെ എൻെറ അടുത്തു വന്നു. അവൾക്കു ഗർഭമുണ്ട്. പാത്തുമ്മാ സ്കൂളിൽ പോയിട്ടില്ല. ആനുമ്മാ സ്കൂളിൽ പോയിട്ടുണ്ട്. അതുകൊണ്ടു വർത്തമാനം പാത്തുമ്മായുടെ മാതിരിയല്ല. ആനുമ്മാ പതുക്കെ പറഞ്ഞു :

'വല്യ ഇയ്ക്കാക്കാ രൂപയായിട്ട് ഇനി എനിക്കൊന്നും തരണ്ട. പാത്രങ്ങൾ വാങ്ങിച്ചു തന്നാൽ മതി. അതും ഇപ്പോൾ വേണ്ട. ഞങ്ങൾ മാറിത്താമസിക്കുമ്പോൾ മതി. ഈ വിവരം ഇത്താത്തായോടു പറയരുത്.'

അതായത്, പാത്തുമ്മാ അറിയരുതെന്നു ചുരുക്കം — അറിഞ്ഞാൽ പറയും:

'മതിയെടി, മതിയെടി നിൻെറ കള്ളത്തരം! നീ ഒരു പഠിത്തക്കാരി! ഞാനില്ലാത്തപ്പ നീ വല്യയ്ക്കാക്കാടെല്ലാം മേടിച്ചില്ലേ?'

അതുകൊണ്ടാണ് ഈ പാത്രങ്ങളുടെ രഹസ്യം ചെവിക്കുചെവി അറിയണ്ടാത്തത്. ആനുമ്മായ്ക്കു വീട്ടുപാത്രങ്ങൾ വാങ്ങിച്ചുകൊടുത്തുകൊള്ളാമെന്നും, അതു രഹസ്യമായിത്തന്നെ വയ്ക്കുന്നതാണെന്നുമുള്ള കരാറിൽ ഞാൻ ഒപ്പുവെച്ചു. അങ്ങനെ സമാധാനത്തോടെ ഇരിക്കുമ്പോൾ സാമാന്യം ഭേദപ്പെട്ട ഒരു ബഹളം.

'ഉള്ളാടത്തിപ്പാറൂ, ഉള്ളാടത്തിപ്പാറൂ, ഞാങ്കൊണ്ട് പോകുകേലാ!'

ലൈലായുടെ ഒച്ചയാണ്. അവൾ ആരെയാണ് ഉള്ളാടത്തിപ്പാറൂ എന്നു വിളിക്കുന്നത്? അധികനേരം കാത്തിരിക്കേണ്ടിവന്നില്ല. അപമാനം സഹിക്കവയ്യാതെ, കലങ്ങിയ കണ്ണുകളോടെ തനി ആൺകുട്ടിയായ സൈദുമുഹമ്മദ് എൻെറ മുമ്പിൽ വന്നു.

അവൻ പരിപൂർണ നഗ്നനാണ്.

അവൻ വേവലാതിയോടെ പറഞ്ഞു:

'വല്യമാമാ, ലൈലാമ്മ എന്ന ഉള്ളാടത്തിപ്പാറൂന്നു വിളിച്ച്!'

ഒരാണിനെ ഉള്ളാടത്തിപ്പാറൂ, എന്നു വിളിക്കുകയോ? അതും ഒരു പീക്രിപ്പെണ്ണ്!

'വടി എടുത്തു കൊണ്ടുവാടാ!'

സൈദുമുഹമ്മദ് ശീഘ്രം വടിക്കു പോയി.

ഞാൻ വിളിച്ചു:

എടീ, ലൈലാ ഇവിടെ വരൂ!'

അവൾ വന്നു. പരിപൂർണ നഗ്നതന്നെ. സൈദുമുഹമ്മദ് കൊണ്ടുവരുന്ന വടി കണ്ട് അവൾ പറഞ്ഞു:

'വല്യമുത്താപ്പനെ കൊണ്ടുപോക്കേല.'

'വേണ്ടടീ!' എന്നും പറഞ്ഞ് സൈദുമുഹമ്മദിൻെറ പക്കൽനിന്നും വടി ഞാൻ കൈയിൽ വാങ്ങിച്ചു. ലൈല അയ്യോ പൊത്തോന്ന് ഉച്ചത്തിൽ കരയാൻ തുടങ്ങി.

'അമ്മച്ചീ, അമ്മച്ചീ!'

ലൈലാ അവളുടെ ഉമ്മായെ വിളിക്കുന്നത് അമ്മച്ചീ എന്നാണ്. ഞാൻ പറഞ്ഞു:

'നീ നിൻെറ അമ്മച്ചിയെ വിളിക്ക്! നിൻെറ ബാപ്പായെ വിളിക്ക്! നിൻെറ ഉപ്പൂപ്പായെ വിളിക്ക്! എല്ലാവരെയും ഞാൻ തല്ലും!'

ഉപ്പൂപ്പാ എന്നു പറഞ്ഞാൽ അപ്പൂപ്പൻ. ലൈലായുടെ ഉമ്മായുടെ ബാപ്പയാണ്. മേപ്പടിയാൻ താമസിക്കുന്നത് ഹനീഫായുടെ കൃഷിത്തോട്ടത്തിൻെറ അടുത്താണ്. ആ ഭാഗത്ത് എവിടെയോ ഒരു റെയിൽവേ സ്റ്റേഷൻ വരാൻ പോകുന്നുണ്ട്. അപ്പോൾ സ്ഥലത്തിനു പറയുന്ന വില കിട്ടും. തന്നെയുമല്ല, ആ ഭാഗം തെളിയും. ഇതെല്ലാം കാലേകൂട്ടി ആലോചിച്ചിട്ടുതന്നെ ലൈലായുടെ ഉപ്പൂപ്പാ ഹനീഫായെക്കൊണ്ട് ആ സ്ഥലം വാങ്ങിപ്പിച്ചതാണ്. ലൈലാ പറഞ്ഞു:

'അമ്മച്ചീനെ തല്ലണ്ടാ! . ബാപ്പാനെ തല്ലണ്ടാ! ഉപ്പൂപ്പാനേം തല്ലണ്ടാ!'

'എന്നാൽ നീ മേലിൽ ഉള്ളാടത്തിപ്പാറൂ എന്ന് ആൺപിള്ളേരെ വിളിക്കരുത്.'

'ഇല്ല.'

'നിൻെറ ബാപ്പാ പുര വയ്ക്കുമ്പോൾ, അവിടെ സൈദുമുഹമ്മദിനെ കൊണ്ടുപോകുമോ? വലിയ മുത്താപ്പായെ കൊണ്ടുപോകുമോ?'

അവൾ കണ്ണീരോടെ പറഞ്ഞു:

'എല്ലാരേം കൊണ്ടുപോകാം!'

ഹാവൂ, അങ്ങനെ ആ കേസ്സു തീർത്തു. നഷ്ടപരിഹാരാർഥം സൈദു മുഹമ്മദിനു രണ്ടു മിഠായിയും ഒരു ഞാലിപ്പൂവൻ പഴവും കൊടുത്തു. എൻെറ പക്കലാണെങ്കിൽ ഏത്തപ്പഴം, ടൊമാറ്റോ, കണ്ണൻപഴം, കൈതച്ചക്ക, ഞാലിപ്പൂവൻ, മിഠായി — ഇതൊക്കെ സ്റ്റോക്കുണ്ട്. മിഠായി മാത്രമാണ് ഞാൻ കാശു കൊടുത്തു വാങ്ങിച്ചിട്ടുള്ളത്. പിള്ളേരുടെ കരച്ചിൽ മാറ്റാൻ. ബാക്കി എല്ലാം എൻെറ അനുജന്മാരും കൊച്ചുണ്ണിയും സുലൈമാനും വാങ്ങിച്ചു തന്നതാണ്. പഴങ്ങൾ ധാരാളം തിന്നേണ്ട ആവശ്യമുണ്ടെനിക്ക്. അതെല്ലാം മേശപ്പുറത്തു വച്ചിരുന്നു. പെട്ടിപ്പുറത്തു കയറിനിന്നു സൈദു മുഹമ്മദ് പഴങ്ങൾ കട്ടു തിന്നുന്നതു ഞാൻ നേരിൽ കണ്ടതാണ്. ഞാൻ കണ്ടു എന്നുള്ളത് അവനും കണ്ടതാണ്. എൻെറ മുമ്പിൽ അവൻ വലിയ കള്ളനായിത്തീർന്നതിൽ അവനു വലിയ സങ്കടം തോന്നി. അവൻ കരഞ്ഞു. മേലിൽ അവനു കരച്ചിലിന് ഇടംകൊടുക്കാതിരിക്കാനായി പഴങ്ങൾ എല്ലാം പെട്ടിക്കകത്തു ഭദ്രമാക്കി വെച്ചിരിക്കയാണ്. സൈദു മുഹമ്മദ് മിഠായിയും പഴവും തിന്നുന്നതു കണ്ടപ്പോൾ ലൈലായ്ക്കു വലിയ കരച്ചിൽ വന്നു. അവൾക്കും രണ്ടു മിഠായിയും ഒരു പഴവും കൊടുത്തു. മണം പിടിച്ചറിഞ്ഞുവന്ന ആരിഫായ്ക്കും അതേ തോതിൽ കൊടുത്തു. ഈ രണ്ടു മിഠായി വീതം സുബൈദായ്ക്കും റഷീദിനും കൊടുത്തയച്ചു. എന്നിട്ട് ആശ്വാസത്തോടെ ആനുമ്മായെക്കൊണ്ട് ഒരു ചായ വരുത്തിച്ച് ഒരു ബീഡിയും കത്തിച്ച് ഒരു പുസ്തകവുമായി ചാരുകസേരയിൽ മലർന്നു. എല്ലാം ശാന്തം.

അങ്ങനെ കിടക്കുമ്പോൾ എന്നെ സ്റ്റൈലായി പെറ്റ എൻെറ ഉമ്മാ അടുത്തു വന്നു. മൂപ്പത്തിക്ക് അറുപത്തിയേഴോ എഴുപത്തിയേഴോ എൺപത്തിയേഴോ വയസ്സുണ്ട്. പല്ലു പോയിട്ടില്ല. വെളുപ്പിനെ നാലു മണിക്കെണീക്കും. എന്നിട്ടു തോടുകളിൽ കുതിർക്കാൻ ഇട്ടിരിക്കുന്ന തെങ്ങോല വലിച്ചു കൊണ്ടുവന്നു മെടയും. അതു കഴിഞ്ഞ് അതെല്ലാം പറമ്പിൽ നിരത്തിയിടും: നേരം ഉദിച്ചു തുടങ്ങുമ്പോൾ മുതൽ ഉണങ്ങട്ടെ. അതു കഴിഞ്ഞു വീട്ടാവശ്യത്തിനുള്ള വെള്ളം കോരി നിറയ്ക്കും. രണ്ടു കൈയിലും ഓരോ വലിയ കുടം തൂക്കിക്കൊണ്ടു വരും. പാത്തുമ്മാ, ആനുമ്മാ, ഐശോമ്മാ, കുഞ്ഞാനുമ്മ എന്നിവരെ ശാസിക്കും; ഒച്ചയിടും: വലിയ വീട്ടുവേല തന്നെ, രാത്രി പത്തുമണിവരെ. പാത്തുമ്മാ എല്ലാ രാത്രികളിലും വീട്ടിലുണ്ടാവാറില്ല. എങ്കിലും, റൊക്കം മൂന്നു പെണ്ണുങ്ങളുണ്ട്. ഉമ്മാ എന്തിനു വേല ചെയ്യുന്നു? ചുമ്മാ അടങ്ങി ഒതുങ്ങി ഇരുന്നുകൂടെ? ഈ ചോദ്യങ്ങൾക്ക് എല്ലാം ഉമ്മായുടെ പക്കൽ ഒന്നാംതരം സമാധാനമുണ്ട്: 'അവളുമാർക്ക് ഒന്നും അറിഞ്ഞുകൂടാ. വീടു നോക്കാൻ ശീലിച്ചിട്ടില്ല.' ശരി അവരെല്ലാം പഠിക്കട്ടെ. ഉമ്മാ ഈ ഭരണമങ്ങു വിട്ടു കൊടുക്ക്. അപ്പോഴുമുണ്ടു സമാധാനം: 'നിനക്കു വീടിനെപ്പറ്റി എന്തറിയാം? ഒറ്റാന്തടി, മുച്ചാം വയറ്.'

ഇതുകൊണ്ടും ഞാൻ തോറ്റില്ലെങ്കിൽ പറയും:

'അവരിക്കെല്ലാം കൊച്ച്ങ്ങളില്ലേ? അവരേക്ക നോക്കണതാരാ?'

ഞാൻ പറയും:

'ഒരുത്തി കൊച്ചുങ്ങളെ നോക്കണം. ബാക്കിയുള്ളവർ ജോലി ചെയ്യണം.'

'നെനക്കങ്ങനേക്ക പറയാം. ഒറ്റാന്തടി, മുച്ചാം വയറ്. നീ എനിക്കു കൊറച്ച് രൂപാ താ.'

ഞങ്ങളുടെ, സംഭാഷണം എപ്പോഴും വന്നു നിൽക്കുന്നത് ഈ രൂപായിലാണ്. അതെൻെറ ആരോഗ്യത്തിന് അത്ര പറ്റിയതുമല്ല. അതുകൊണ്ട് ഉമ്മാ

എന്തു ചുമന്നാലും എന്തു വലിച്ചുകൊണ്ടു പോകുന്നത് കണ്ടാലും ഞാൻ മിണ്ടാതിരിക്കും. എന്തിനു ചുമ്മാ ഉമ്മായെക്കൊണ്ടു രൂപാ ചോദിപ്പിക്കുന്നു?

ഉമ്മാ വന്നപാടേ പതുക്കെപ്പറഞ്ഞു:

'എടാ, ഒരു പത്തു രൂപാ ഇനിക്ക് താ'.

അതിനു ഞാനിപ്പോൾ ഉമ്മായോടെന്തുപദേശിച്ചു എന്ന മട്ടിൽ ഞാൻ നോക്കി.

ഉമ്മാ പതുക്കെത്തുടർന്നു.

'അദുൽകാതിറ് അറിയര്ത്. ഹനീഫാ അറിയര്ത്. ആനുമ്മായും പാത്തുമ്മായും അറിയര്ത്.'

ഞാൻ വളരെ രഹസ്യമായിത്തന്നെ ചോദിച്ചു:

'കുഞ്ഞാനുമ്മായും ഐശോമ്മായും അറിയുന്നതിന് വല്ല വിരോധവുമുണ്ടോ?'

ഉമ്മാ കെറുവിച്ചു:

'ഇനി അതാണാണേ താ. ആരും അറിയണ്ട.'

ഞാനും ലേശം കെറുവിച്ചു. ഞാൻ ചോദിച്ചു:

'ഞാൻ വന്നതിനുശേഷം എത്ര രൂപാ തന്നിട്ടുണ്ട് ഈ വീട്ടിൽ? പരസ്യമായും രഹസ്യമായും നിങ്ങൾതന്നെ എത്ര രൂപാ വാങ്ങിച്ചിട്ടുണ്ട്?'

ഉമ്മാ രഹസ്യമായി പറഞ്ഞു:

'നീ ഒന്നും തന്നിട്ടില്ലെന്നല്ല ഈ പറേണത്, ഇനിക്കിപ്പ പത്തു രൂപായ്ക്ക് ആവശ്യോണ്ട്.'

'ഞാൻ തന്നതെല്ലാം എവിടെ? വളരെ ദിവസങ്ങളൊന്നും ആയില്ലല്ലോ? എവിടെ ആ രൂപയെല്ലാം?'

ഉമ്മാ വളരെ പതുക്കെ പറഞ്ഞു:

'പത്ക്ക പറ! എല്ലാം അദുൽകാതിറ് മേടിച്ച്.'

'അവനു ഞാൻ വേറെ രൂപാ കൊടുത്തിട്ടുണ്ടല്ലോ? ചട്ടൻ അവനിങ്ങു വരട്ടെ.'

ചെറുപ്പത്തിലേ അവൻെറ കഴുത്തിനു കീഴ്പോട്ടു തളർന്നു പോയതാണ്. ബാപ്പാ അനേകായിരം രൂപാ ചെലവാക്കി ചികിത്സിപ്പിച്ചു. ഒടുവിൽ വലത്തെ കാലിൽ ഒരു മുടന്ത് അവശേഷിച്ചു. വലതുകാലിനു വളരെ വണ്ണക്കുറവുണ്ട്. ബാക്കിയെല്ലാം അവൻ ഫയൽവാനാണ്. ഇരുമ്പുവടിയും കുത്തിപ്പിടിച്ചാണ് നടപ്പ്.

ഉമ്മാ പതുക്കെ പറഞ്ഞു:

'അവനോടൊന്നും പറേണ്ട. ഈ പണ്ടപ്പരപ്പ് പരാതിനങ്ങളെ എല്ലാം ലക്ഷിക്കണ്തമനല്ലേ? അവനില്ലാർമ്മണങ്കി കാണാർന്ന്, നീ ഒറ്റാന്തടി മുച്ചാം വയറുമായി നടന്ന്, നീ കണ്ടടുത്തെക്ക താമസിച്ച് എത്ര രൂപയാ ചെലവാക്കിയത്?'

'അതിനുളള പിഴ ഞാൻ അടച്ചുകഴിഞ്ഞു. ഒരുപാടു രൂപാ ഞാനും ഇവിടെ ചെലവാക്കി.'

'പതുക്കപ്പറ! ഇല്ലന്നാരും പറഞ്ഞില്ല. ആരും അറിയാതെ ഇപ്പ എനിക്കു പത്തു രൂപാ നീ താ.'

'ഇതിനു മുമ്പ്. ആരും അറിയാതെ ഞാൻ ഉമ്മായ്ക്കു തന്ന രൂപാ എല്ലാം അബ്ദുൽഖാദർ മേടിച്ചതെങ്ങനെയാണ്? അവൻ ഈ രഹസ്യം എങ്ങനെ അറിഞ്ഞു?'

'പത്ക്കപ്പറ! അബീം പാത്തുക്കുട്ടീം ചെന്നു പറഞ്ഞുകൊടുത്ത്!'

ഞാൻ വളരെ പതുക്കെ പറഞ്ഞു:

'ഉമ്മായോട് ഒരു രഹസ്യം ഞാൻ പറയാം. വേറെ ആരോടും പറയരുത്. എൻെറ പക്കൽ ആകെക്കൂടി ഇനി അഞ്ചു രൂപായുടെ ഒരു നോട്ടുണ്ട്. വേറെ ദമ്പിടിക്കാശില്ല!'

ഉമ്മാ ഉടനെ പറഞ്ഞു:

'അതിഞ്ഞാ എട്!'

ഞാൻ തിക്കുംപൊക്കും നോക്കിയിട്ടു മുറിക്കകത്തു ചെന്ന് നോട്ടും ഒരു ഏത്തപ്പഴവും എടുത്തുകൊണ്ടു വന്നു. ഏത്തപ്പഴത്തിൻെറ മണംപിടിച്ച് പാത്തുമ്മായുടെ ആട് മുമ്പിൽ ഹാജരായി. പഴം ഞാൻ തൊലി ഉരിച്ചു തിന്നു. എന്തോ തിന്നുന്നതു കണ്ട് ഉമ്മായുടെ അഭയാർഥികളായ പൂച്ചകൾ വന്നു. ഉമ്മായുടെ മേൽനോട്ടത്തിൽ വിഹരിക്കുന്ന കോഴികളും വന്നു. ഞാൻ പഴത്തൊലി പാത്തുമ്മായുടെ ആടിനു കൊടുത്തു. ആട് പിന്നെയും പ്രതീക്ഷിച്ചങ്ങനെ നിൽക്കുകയാണ്. ഞാൻ തിക്കും പൊക്കും നോക്കി. ആരുമില്ല. മാനും മനുഷ്യരുമില്ല. കോഴികളും പാത്തുമ്മായുടെ ആടും പൂച്ചകളുമേയുളളു. ഞാൻ വളരെ രഹസ്യമായി അഞ്ചു രൂപായുടെ നോട്ട് ഉമ്മായുടെ മടിയിൽ ഇട്ടു കൊടുത്തു. ഉമ്മാ തിക്കുംപൊക്കും നോക്കി. മാനും മനുഷ്യരുമില്ല. ഉമ്മാ അതു മടക്കി തുണിത്തുമ്പിൽ കെട്ടി കുപ്പായത്തിൻെറ ഉളളിലാക്കി. എന്നിട്ട് ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ഇരുന്നു.

ഞാൻ ചോദിച്ചു:

'പിന്നെ എന്തൊക്കെയാണു വിശേഷങ്ങൾ?'

ഉമ്മാ പറഞ്ഞു:

'എടാ എനിക്കിപ്പ ഇത്രേം വയസ്സായി. എപ്പളാ മരിക്കണതെന്നറിയാവോ? ഇനിക്കൊരു മോഹോണ്ട്. നീ ഒരു പെണ്ണ് കെട്ടീട്ട് നിൻെറകൂടെ ഇനിക്കു താമസിക്കണം.

ഞാൻ ഒച്ചയെടുത്തു:

'എവിടെയെങ്കിലും അടങ്ങിയൊതുങ്ങി ഇരിക്കാമെന്നുവച്ചാൽ ഇവര് സമ്മതിക്കുമോ! പാത്തുമ്മാ!

ആനുമ്മാ! ഓടിവാ! എൻെറ പെട്ടിയും കിടക്കയും എടുക്ക്. ഒരു ചുമട്ടുകാരനെ വിളി!'

അവർ രണ്ടുപേരും ഓടിവന്നു.

'എന്താ ഉമ്മാ ഇത്?' എന്ന് ആനുമ്മാ ചോദിച്ചു.

പാത്തുമ്മാ പറഞ്ഞു:

'വല്യയ്ക്കാക്കാട് ഉമ്മാ കാശ് ചോദിച്ചിരിക്കും?'

ഞാൻ ഉടനെ പറഞ്ഞു:

'അതൊന്നുമല്ല!'

ഉമ്മാ എണീറ്റ് അപ്പുറത്തേക്കു പോയി. 'എന്താണുമ്മാ?' എന്നും ചോദിച്ച് പാത്തുമ്മായും ആനുമ്മായും ഉമ്മായുടെ പിറകേ പോയി.

ഞാനങ്ങനെ അൽപ്പം സമാധാനത്തോടെ ഇരുന്നു. വീണ്ടും ആനുമ്മായെക്കൊണ്ട് ഒരു ചായ വരുത്തിച്ചു കുടിച്ചു. എന്നിട്ട് ഒരു ബീഡി വലിച്ചു.

അപ്പോൾ പാത്തുമ്മായുടെ ആട് മുറ്റത്തു നിന്നുകൊണ്ട്, വരാന്തയിൽ എൻെറ തൊട്ടടുത്തിരിക്കുന്ന തീപ്പെട്ടി നാക്കുനീട്ടി ഏന്തിച്ചെടുത്തു ഭക്ഷിക്കാൻ പണിപ്പെടുന്നതു കണ്ടു. ഞാനതെടുത്തു കൊളളികൾ മാറ്റി കാലിത്തീപ്പെട്ടി അതിനു കൊടുത്തു.

പാത്തുമ്മായുടെ ആട് രുചിയോടെ കാലിത്തീപ്പെട്ടി തിന്നു. അതു പോകാതെ നിൽക്കുന്നതു കണ്ട് ഞാൻ പറഞ്ഞു:

'അജസുന്ദരീ, കൊളളികൾ എനിക്കു വേണം. വേറെ കാലിത്തീപ്പെട്ടിയുണ്ട്.'

ആ സമയത്ത് പാത്തുമ്മാ കുറെ കാടിവെളളം കൊണ്ടുവന്ന് അതിനു കൊടുത്തു. ഞാൻ പാത്തുമ്മയോടു പഞ്ഞു:

'പാത്തുമ്മാ നിൻെറ ആട് എൻെറ രണ്ടു പുസ്തകങ്ങൾ തിന്നിട്ടുണ്ട്!'

ഞാനേതോ ഭയങ്കര ദ്രോഹം പറഞ്ഞമാതിരി പാത്തുമ്മാ പറഞ്ഞു:

'അങ്ങനെ പറേല്ലേ വല്യ ഇയ്ക്കാക്കാ — എൻെറ ആട് അതൊന്നും ചെയ്യേല.' എന്നിട്ട് വളരെപ്പതുക്കെ, 'കമ്മലിൻെറ കാര്യം?'

ഞാനും പതുക്കെപ്പറഞ്ഞു :

'ഓർമയുണ്ട്!'

വളരെ പതുക്കെ 'ആ്രും അറിയണ്ട!' എന്നും പറഞ്ഞു പാത്രവുമായി പാത്തുമ്മാ അപ്പുറത്തേക്കു പോയി.

റഷീദും സുബൈദായും കരയുന്നുണ്ട്. ഒരു അനുഭാവക്കരച്ചിലെന്നവണ്ണം ആരിഫായും സൈദുമുഹമ്മദും ലൈലായും തുടങ്ങീട്ടുണ്ട്. ഇടയ്ക്കിടക്കു ലൈലാ, 'അമ്മച്ചീന കൊണ്ടു പൊക്കേല!' എന്നും പ്രസ്താവിക്കുന്നുണ്ട്. അങ്ങനെ ഇരിക്കുമ്പോൾ അബു ഒരു കത്തുമായി വന്നു. കത്തു തന്നിട്ട് ഒരു വടിയുമായി 'എന്താണിത്!' എന്ന് ഒച്ചയെടുത്തുകൊണ്ട് അപ്പുറത്തേക്കു പോയി. ഉടനെ എല്ലാവരും കരച്ചിൽ നിർത്തി. വീടു നിശ്ശബ്ദം!

ഞാൻ കത്തു പൊളിച്ചു വായിച്ചു. വിദൂരമായ മദിരാശി നഗരിയിൽ നിന്നാണ്. രാജശ്രീ എം. ഗോവിന്ദൻെറ ഭാര്യ ഡോക്ടർ പത്മാവതി അമ്മ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചിരിക്കുന്നു. തളളയ്ക്കും കുഞ്ഞിനും സുഖം.

അമ്മയ്ക്കും മകനും സൗഖ്യം നേർന്നുകൊണ്ടു ഞാൻ ഉടനെ ഒരു മറുപടി എഴുതി. ബാലയ്ക്ക് ഒരനിയൻ ഉണ്ടായതിൽ അവളെ അഭിനന്ദിച്ചു. അവളുടെ പക്കലുളള സ്വന്തമായ രണ്ടര രൂപാ ബാങ്കിൽ നിക്ഷേപിക്കാൻ പറയാൻ ഞാൻ അച്ഛനെ ഉപദേശിച്ചു. ശ്രീ എം. ഗോവിന്ദൻ മഹനീയമായ രണ്ടാം വട്ടം പിതാവായതിൽ അദ്ദേഹത്തെ സ്തുതിച്ചു. കൂട്ടത്തിൽ എ. നാരായണൻ നമ്പ്യാർ. എം. എ., കെ. സി. എസ്. പണിക്കർ, ഡേവിഡ് ജോർജ്ജ്, ജാനമ്മ, പാറുക്കുട്ടി അമ്മ, കെ. എ. കൊടുങ്ങല്ലൂർ, കെ. പി. ജി. പണിക്കർ (ഗോപകുമാർ), ശരത്കുമാർ, രാംജി ആർ. എം. മാണിക്കകത്ത് മുതലായ മദിരാശി സുഹൃത്തുക്കളെ കണ്ടെങ്കിൽ ഞാൻ, എന്നെ പെറ്റു വളർത്തിയ എൻെറ ഉമ്മായുടെകൂടെയാണു താമസിക്കുന്നതെന്നുളള വാർത്ത അറിയിക്കാനും, എല്ലാവർക്കും സൗഖ്യമല്ലേ എന്നു ഞാൻ ചോദിച്ചതായി പറയാനും എഴുതി — അച്ഛനും മക്കൾക്കും അമ്മയ്ക്കും ഒരിക്കൽകൂടി മംഗളം നേർന്നുകൊണ്ട് എഴുത്തു പൂർത്തിയാക്കി കവറിലിട്ട് നല്ലവണ്ണം ഒട്ടിച്ച് അഡ്രസ്സ് എഴുതി അബുവിനെ വിളിച്ചുകൊടുത്തിട്ട് 'കൊണ്ടുപോയി വേഗം പോസ്റ്റു ചെയ്യടാ' എന്ന് ആജ്ഞാപിച്ചപ്പോൾ ഒരു കാര്യം ഓർമ വന്നു.:

'നിൽക്കെടാ.' ഞാൻ പറഞ്ഞു. 'നിന്നെപ്പറ്റി വലിയ പരാതികൾ കേൾക്കുന്നുണ്ട്. നീ അബ്ദുൽ ഖാദറിൻെറ കടയിലുളള രൂപാ എല്ലാം വാരി കണ്ടവർക്കു കടം കൊടുക്കുന്നു. കണ്ട മാസികകൾക്കെല്ലാം നീ ഏജൻസി എടുത്തിരിക്കുന്നു. നീ ആരെയും അനുസരിക്കുന്നില്ല. ശരിയാണോ?'

എല്ലാറ്റിനും ഉത്തരമായി അവൻ പറഞ്ഞു:

'എന്നെ ആർക്കും കണ്ടുകൂടാ.'

ഞാൻ എന്തെങ്കിലും പറയുന്നതിനു മുമ്പ് അവൻ പറഞ്ഞു:

'വല്യ ഇയ്ക്കാക്കാ വന്നപ്പക്കണ്ടോ! ചേട്ടത്തിമാരും കൊച്ചിത്താത്തായും വല്യ ഇത്താത്തായും ഉമ്മായും കൂടി ഈ മുറ്റവും പറമ്പുമെല്ലാം അടിച്ചു തൂത്തു കുപ്പയിട്ടു കത്തിച്ചു ക്ലീനാക്കി ഇട്ടിരിക്കുന്നതു കണ്ടോ? മുന്നം ഞാൻ പറഞ്ഞതാ — ആരും കൂട്ടാക്കില്ല. ഞാൻ തന്നെ അടിക്കാൻ എല്ലാരും പറഞ്ഞു. ഇപ്പഴെന്താ? ഇതെല്ലാം വല്യ ഇയ്ക്കാക്കാട കാശ് തട്ടാനുളള വേലയാ. പണക്കാരൻ വന്നപ്പോൾ സന്തോഷിപ്പിക്കാൻ അവരിതെല്ലാം ചെയ്തു. ഞാൻ പണക്കാരനാണോ? എൻേറ കാശൊണ്ടോ? വല്യയ്ക്കാക്കാ, നമുക്ക്, ഈ മുറ്റം കെട്ടിക്കണം. പെരേട കൂടു മാറ്റി ഓടിടീക്കണം.'

ഞാൻ ചോദിച്ചു:

'നമുക്കെന്നു പറഞ്ഞാൽ?'

'വല്യ ഇയ്ക്കാക്കാ രൂപാ മൊടക്കണം. എൻേറ ലെവിടന്നാ കാശ്?'

അവൻ ഊണും കഴിഞ്ഞ് എഴുത്തുമായി പോയി. അവൻ പെന്നിട്ടു വേണം അബ്ദുൽഖാദറിനു വരാൻ. അവൻ പോയവാലെ ഹനീഫ വന്നു.

ഹനീഫാ പട്ടാളക്കാരനായിരുന്നു. അതു കഴിഞ്ഞു തയ്യൽക്കട തുടങ്ങി; കൂട്ടത്തിൽ സൈക്കിൾഷോപ്പും. സാധാരണ ഹനീഫാ ഒരു പരിഷ്ക്കാരിയാണ്. ഡബിളും ളുറുബ്ബായും ചീകി മിനുക്കിയ മുടിയും ക്ലീൻ ഷേവും. ഇപ്പോൾ ഒരു മുണ്ടു മാത്രമേ ഉടുത്തിട്ടുളളു. എന്തോ രഹസ്യമുണ്ട്. ഞാൻ മിണ്ടിയില്ല. വല്ലതും മിണ്ടിപ്പോയാൽ. . . . . !

അവൻ പറഞ്ഞു:

'വല്യ ഇയ്ക്കാക്കാ, ഞാൻ എൻേറ സ്ഥലം വിൽക്കാൻ വിചാരിക്കുന്നു. വല്യ ഇയ്ക്കാക്കായ്ക്ക് വില കുറച്ചു തരാം.'

'അതിപ്പോൾ എന്തിനു വില്ക്കുന്നെടാ?'

'കാശില്ല. ഉണ്ടെങ്കിൽ ഒരു ഷർട്ട് തുന്നി ഇടുകില്ലേ?'

'സ്ഥലത്തിന് എന്തു വില കിട്ടണം?'

'വല്യ ഇയ്ക്കാക്കായ്ക്കായതുകൊണ്ട് വില കുറച്ചു തരാം. പതിനായിരം രൂപ തന്നേര്.'

പതിനായിരം രൂപാ. ഹനീഫാ അതെന്തു വിലയ്ക്കു വാങ്ങിച്ചെന്നെനിക്കറിയാം — ഞാൻ വിഷയം മാറ്റി — ഞാൻ ചോദിച്ചു:

'നീ ഇപ്പോൾ ഈ വീട്ടിൽ, എന്തു കൊടുക്കുന്നുണ്ട്?'

രണ്ടുമൂന്നു കൊല്ലത്തിനു മുമ്പ്, ഹനീഫാ വീട്ടിൽ കൊടുത്തിരുന്നതു ദിവസത്തിൽ രണ്ടണ[1] യായിരുന്നു. അവനും അവൻേറ കെട്ടിയോൾക്കും രണ്ടു പിളേളർക്കും തീറ്റിക്കും കുടിക്കും. കിടക്കയൊന്നും അവൻ വാങ്ങിച്ചിരുന്നില്ല. എണ്ണയും സോപ്പും അവൻ വാങ്ങിച്ചിരുന്നില്ല. അതൊക്കെ രണ്ടണയിൽ പെടും. അബ്ദുൽഖാദർ അവനെ ചീത്ത പറയും. അവനു യാതൊരു നാണവുമില്ല. മുറുകിപ്പറഞ്ഞാൽ ഉടനെ അവൻ പറയും:

'ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം! സർക്കാരിന് എന്നെ ആവശ്യമുണ്ട്.'

എങ്കിലും അന്ന് എൻേറ മധ്യസ്ഥതയിൽ ചില ഒത്തുതീർപ്പുകളെല്ലാം ഉണ്ടായി. രണ്ടണ ഞാൻ നാലണയാക്കി. ക്രമേണ അത് പന്ത്രണ്ടണ[2]യിൽ എത്തിച്ചു. ഞാൻ പോയ ഉടനെ ഹനീഫാ അതു വെട്ടിക്കുറച്ചു. ഒടുവിൽ പഴയ രണ്ടണതന്നെയാക്കിയെന്നോ മറ്റോ കേട്ടതായ ഓർമ്മയുണ്ട്. ഹനീഫായ്ക്ക് ഒരു കുട്ടികൂടിയുണ്ടായിട്ടുണ്ട്. അവനെക്കൊണ്ടു കാശു കൂടുതൽ കൊടുപ്പിക്കാൻ ഒരു ന്യായവുമായി. പക്ഷേ, എൻേറ ചോദ്യത്തിനല്ല അവൻ സമാധാനം പറഞ്ഞത് അവൻ പറഞ്ഞു:

'കൊച്ചിയ്ക്കാക്കാട മേടുകൊണ്ടു ജീവിക്കാൻ വയ്യ!'

'അബ്ദുൽഖാദറിൻേറ എന്തു മേട്?'

'ഒരുകെട്ടു നോട്ടുമായിട്ട് എൻേറ കടയിൽ കയറി വന്നു. ഒരുപാടു യോഗ്യന്മാർ ഇരിപ്പുണ്ടായിരുന്നു. എന്നിട്ട്, നോക്കെടാ എന്നും പറഞ്ഞ് ആ നോട്ടു കെട്ടുകൊണ്ട് എൻേറ മുഖത്തടിച്ചു. എന്നിട്ടു പറയുകയാണ്, 'പണംകൊണ്ടെറിഞ്ഞാൽ പണത്തിൽതന്നെ കൊളളുമെടാ!' എന്നിട്ടു ചട്ടിച്ചട്ടി അങ്ങിറങ്ങിപ്പോയി. ഞാൻ നാണിച്ചുപോയി. ഞാൻ വല്യ ഇയ്ക്കാക്കായ്ക്ക് ദിവസവും ബീഡി മേടിച്ചു തരുന്നില്ലേ? ദിവസവും തീപ്പെട്ടി മേടിച്ചു തരുന്നില്ലേ? എൻേറ പണം കൊണ്ടെറിഞ്ഞിട്ടെന്താ പണത്തിൽതന്നെ കൊളളാത്തത്?'

ന്യായം.

എങ്കിലും അതിനല്ല ഞാൻ സമാധാനം പറഞ്ഞത്. ഞാൻ പറഞ്ഞു:

'റഷീദുകൂടി ഉണ്ടല്ലോടാ ഇപ്പോൾ. റേഷൻ വാങ്ങാൻ നീ എന്തു കൊടുക്കുന്നുണ്ട്?'

അവൻ എടുത്തവായ്ക്കു പറഞ്ഞു:

'ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം. സർക്കാരിന് എന്നെ ആവശ്യമുണ്ട്.'

അവൻ കെറുവിച്ച് അകത്തു കയറി ഊണും കഴിച്ച് നേരേ തയ്യൽക്കടയിലേക്കു പോയി.

ഞാൻ ഊണു കഴിച്ചുകൊണ്ടിരിക്കുമ്പോൾ പാത്തുമ്മായുടെ ആട് വരാന്തയിൽ കയറിവന്ന് എൻേറ

കൂടെ ഒരു മിശ്രഭോജനത്തിന് ഒരുമ്പെട്ടു. ഞാൻ ഒച്ചയെടുത്തു:

'പാത്തുമ്മാ ഓടിവാ!'

പാത്തുമ്മാ ഓടി വന്ന് അതിനെ മുറ്റത്തേക്കു വിളിച്ചുകൊണ്ടുപോയി.

ഞാൻ പറഞ്ഞു:

'അതിനെ കയറിട്ട് കെട്ടിനിർത്തണം.'

പാത്തുമ്മാ പറഞ്ഞു:

'കയറിടണത് ഇതിന് ഇഷ്ടമല്ല, വല്യ ഇയ്ക്കാക്കാ.'

സന്ധ്യയോടെ കൊച്ചുണ്ണി വന്നു. ചിലപ്പോൾ വീട്ടിൽ കിടക്കും. എന്റെ അടുത്തുതന്നെ. എന്റെ ഇപ്പുറത്ത് ഉമ്മാ; കൊച്ചുണ്ണിയുടെ അപ്പുറത്ത് അബു. ഹനീഫാ അവന്റെ കുടുംബത്തിന്റെ കൂടെ, മറ്റേ മുറിയിൽ. അബ്ദുൽഖാദർ അവന്റെ കുടുംബത്തിന്റെ കൂടെ പുരയ്ക്കകത്ത്. വരാന്തയിൽ ചാക്കുവിരികളുടെ ഉള്ളിൽ സുലൈമാനും കുടുംബവും. കൊച്ചുണ്ണി വീട്ടിൽ കിടക്കാത്തപ്പോൾ കുടുംബസമേതം പോകും. ചൂട്ടും കത്തിച്ചു മുമ്പേ കൊച്ചുണ്ണി. ആ വെളിച്ചത്തിൽ പിറകെ പാത്തുമ്മാ. വാലുപോലെ പാത്തുമ്മായുടെ തൊട്ടു പിറകിൽ പത്തു വയസ്സായ ഖദീജാ. ഖദീജായുടെ തൊട്ടു പിറകിൽ ആട്.

[1] രണ്ടണ : ഇന്നത്തെ 12 പൈസ.

[2] പന്ത്രണ്ടണ : ഇന്നത്തെ 75 പൈസ.

# രണ്ട്

പാത്തുമ്മായുടെ ആടിൻെറ മേട് രാവിലെ തുടങ്ങി. ഏതാണ്ട് എട്ടു മണി ആയിക്കാണും. തലയിലും ദേഹത്തുമെല്ലാം എണ്ണ തേച്ചിട്ട് ലങ്കോട്ടി കെട്ടി ഞാൻ കസർത്തു ചെയ്കയായിരുന്നു. അപ്പോൾ മുറ്റത്ത് പിള്ളേരുടെ ഒരു ബഹളം കേട്ടു:

'ഉള്ളാടത്തിപ്പാറൂ! ഉള്ളാടത്തിപ്പാറൂ!'

'വാലേപ്പിടി! വാലേപ്പിടി!'

'മുള്ളണത് കണ്ടില്ലാ! മുള്ളണത് കണ്ടില്ലാ!'

'കൊമ്പേപ്പിടി! കൊമ്പേപ്പിടി!'

എന്താണു സംഗതി? ഞാൻ ജനാലയിലൂടെ നോക്കി. വലിയ വിശേഷമൊന്നുമില്ല. പാത്തുമ്മായുടെ ആട് അബിയുടെ ഹാഫ്ട്രൗസറിൻെറ മുൻവശം മുഴുവനും തിന്നുകഴിഞ്ഞു! ബാക്കിയുള്ളതിന് പിടികൂടിയിട്ടുണ്ട്. അബി ആടിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചിരിക്കുന്നു. പാത്തുക്കുട്ടി വാലിൽ പിടിച്ചു വലിക്കയാണ്. സൈദുമുഹമ്മദ് കൊമ്പിൽ പിടിച്ചിട്ടുണ്ട്. ആരിഫാ അന്തംവിട്ടു നിൽക്കുന്നു. റഷീദും സുബൈദയും മറ്റൊന്നിലും ശ്രദ്ധിക്കാതെ തള്ളവിരലുകൾ വായിലിട്ടു നുണഞ്ഞുകൊണ്ടു മുറ്റത്തിരിക്കയാണ്. ലൈലാ ആടിൻെറ പള്ളയ്ക്കു പിടിച്ചുകൊണ്ട് അതിനെ ചീത്ത പറയുന്നു:

'ഉള്ളാടത്തിപ്പാറൂ! ഉള്ളാടത്തിപ്പാറൂ!'

ഞാൻ തോർത്തു ചുറ്റി മുറിയിൽനിന്നു വരാന്തയിൽ കയറി മുറ്റത്തിറങ്ങിച്ചെന്ന്, ആടിൻെറ ചെവിയിൽ പിടിച്ചിട്ട് അബിയെ വേർപെടുത്തി. അബിയുടെ ട്രൗസറിൻെറ മുൻഭാഗം മാത്രമല്ല, ഒരു പോക്കറ്റും ആടു തിന്നുകളഞ്ഞു!

സംഗതി അറിഞ്ഞപ്പോൾ പാത്തുമ്മായുടെ ആട് കുറ്റക്കാരിയല്ല. അബിയുടെ ഹാഫ്ട്രൗസറിൻെറ പോക്കറ്റിൽ വെള്ളേപ്പം ഉണ്ടായിരുന്നു. ഒന്നവൻ ആടിനു കുറെ കൊടുത്തു. ബാക്കി മുൻവശത്തു തിരുകിയിട്ട് ആടിൻെറ മുമ്പിൽ ചെന്നുനിന്ന് തിന്നാൻ പറഞ്ഞു. ആട് അപ്പവും ഹാഫ്ട്രൗസറിൻെറ മുൻവശവും തിന്നു. കീശയിലുള്ളത് കീശയോടെ തിന്നു. അബി പറഞ്ഞു:

'ബാപ്പാ തല്ലും!'

'അതു നേരത്തെ ഓർക്കാൻ വയ്യായിരുന്നോ? തല്ലട്ടെ!' തെല്ലു കഴിഞ്ഞു ഞാൻ പറഞ്ഞു: 'പേടിക്കാനില്ലെടാ. ആരും പറയുകയില്ല.'

പാത്തുക്കുട്ടി, ലൈലാ, സൈദുമുഹമ്മദ് എന്നിവരോടു രഹസ്യം പാലിക്കാൻ പറഞ്ഞു. ലൈലായോടു മേലിൽ ആരെയും 'ഉള്ളാടത്തിപ്പാറൂ' എന്നു വിളിക്കരുതെന്നും ഉപദേശിച്ചു.

കസർത്തു മുഴുമിപ്പിച്ചിട്ടു ഞാൻ നദിയിൽ കുളിക്കാൻ പോകാൻ ഒരുങ്ങി. സൈദുമുഹമ്മദിനെയും പാത്തുക്കുട്ടിയെയും വിളിച്ചു. അപ്പോൾ അബിയും ലൈലായുംകൂടി വന്നു. അവർ ബാപ്പായുടെകൂടെ കുളിക്കാൻ പോയില്ല. എൻെറകൂടെ കുളിക്കാൻ കാത്തു നില്ക്കുകയായിരുന്നു. വിശേഷകാരണമൊന്നുമില്ല. അബിയുടെ സ്ലേറ്റ്പെൻസിൽ ലൈലാ എടുത്തൊടിച്ചു ചെറിയ കഷണങ്ങളാക്കി. ഈ കുറ്റത്തിന് അബിയെയും ലൈലായെയും ബാപ്പാ കുളിപ്പിക്കാൻ കൊണ്ടുപോയില്ല. പാത്തുക്കുട്ടിക്കും അബിക്കും സ്ലേറ്റ്പെൻസിൽ വാങ്ങിക്കാൻ ഹനീഫാ അരയണ[1] കൊടുത്തിട്ടുണ്ട്.

ഞാൻ എല്ലാവരെയും മൂവാറ്റുപുഴ ആറ്റിൽ കൊണ്ടുപോയി കുളിപ്പിച്ച് കരയ്ക്കു നിർത്തി. എന്നിട്ട് മുങ്ങാങ്കുഴിയിട്ടും പതച്ചും അങ്ങനെ കുളിക്കുകയായിരുന്നു. അപ്പോൾ അബിയുടെ ഒരു വിളി കേട്ടു:

'വല്യ മുത്താപ്പാ!'

ഞാൻ തിരിഞ്ഞു നോക്കി. ആരും വെള്ളത്തിൽ ഇറങ്ങിപ്പോയിട്ടില്ല. ഞാൻ നീന്തി കടവിൽ ചെന്നിട്ടു ചോദിച്ചു:

'എന്താടാ?'

അബി പറഞ്ഞു:

'ഇനിക്കു ട്രൗസറില്ല!'

1 അരയണ : 3 പൈസ.

അവൻ വ്യക്തമാക്കി. 'നാണം മറയ്ക്കാൻ അവനൊന്നുമില്ല. പരിപൂർണ നഗ്നനായി നാട്ടുവഴിയെക്കൂടി അവനെങ്ങനെ പോകും?'

ഞാൻ ചോദിച്ചു:

'നീ വന്നതിങ്ങനെയല്ലേ?'

അതെല്ലാം ശരി. അതൊക്കെ അപ്പോൾ. ഇപ്പോൾ അബി അവൻെറ സ്കൂളിൽ പഠിക്കുന്ന ഒരുവനെ കടത്തുവഞ്ചിയിൽ കണ്ടു. അവൻ മുണ്ടുടുത്തിട്ടുണ്ട്!

അതുകൊണ്ട് അബിയുടെ നാണം മറയ്ക്കാൻ ഞാൻ ഒരു തോർത്തു കൊടുത്തു. അപ്പോൾ പാത്തുക്കുട്ടിക്കും നാണസംബന്ധിയായ ആവശ്യം വന്നു. അവൾക്കും വേണം മുണ്ട്?

ഞാൻ കുളി കഴിഞ്ഞ് എൻെറ മുണ്ടെടുത്തുടുത്ത്, തോർത്തുരിഞ്ഞു നനച്ചു പിഴിഞ്ഞു തല തുവർത്തിയിട്ട്, തോർത്തു വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ് പാത്തുക്കുട്ടിയെ ഉടുപ്പിച്ചു.

ലൈലായ്ക്കും സൈദുമുഹമ്മദിനും നാണം തോന്നിത്തുടങ്ങിയിട്ടില്ല. ഉണ്ടായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? എൻെറ പക്കൽ രണ്ടു തോർത്തേ ഉണ്ടായിരുന്നുള്ളു. വെള്ളമണൽ നിറഞ്ഞ റോഡിലൂടെ ഞങ്ങൾ ചെന്നു.

ഞങ്ങൾ ചെല്ലുമ്പോൾ വീട്ടിൽ അബ്ദുൽഖാദറും ഹനീഫായും തമ്മിൽ ശണ്ഠകൂടുകയാണ്. ശണ്ഠയ്ക്കു കാരണം വിശേഷിച്ചൊന്നുമില്ല—ഇന്നലെ ഹനീഫാ വീട്ടിൽ റേഷൻ വാങ്ങാൻ ഒന്നും കൊടുത്തില്ലെന്ന് അബ്ദുൽഖാദർ അറിഞ്ഞു. അതു ഹനീഫായ്ക്കത്ര പിടിച്ചില്ല. അതുകൊണ്ട് അവനും കുടുംബവും വീട്ടിൽ നിന്നു പോകാൻ പോവുകയാണ്!

'എറങ്ങടീ ഐശോമ്മാ!' ഹനീഫാ വിളിച്ചു, പറഞ്ഞു: 'പുള്ളേളരേം വിളി.'

അവനും അവൻെറ കുടുംബവുംകൂടി അവരുടെ വാഴത്തോട്ടത്തിൽ വല്ല ഓലക്കീറും കുത്തിച്ചാരി താമസിക്കാൻ പോകുകയാണ്. ഞാൻ നോക്കുമ്പോൾ അവൻ ഉടുത്തിരിക്കുന്ന മുണ്ട് എൻേറതാണ്! കട്ടതുതന്നെ. ഞാൻ അടുത്തു ചെന്നു ചോദിച്ചപ്പോൾ, 'പറഞ്ഞുനിക്കാൻ സമയമില്ല, ഒത്തിരി ജ്വോലിയുണ്ട്' എന്നും പറഞ്ഞ് അവൻ നടന്നു. പടിക്കൽ ചെന്ന് അവൻ പറഞ്ഞു:

'എനിക്കീ വീട്ടിൽ യാതൊരവകാശവും ഇല്ലാതായിത്തീർന്നിട്ടുണ്ട്.'

ഹനീഫാ അവൻെറ തയ്യൽക്കടയിലേക്കു പോയി. ഞാൻ അബ്ദുൽഖാദറിനോടു ചോദിച്ചു:

'എടാ, നിനക്കെന്നെ ഈ ബഹളത്തിൽനിന്ന് ഒന്നു രക്ഷിക്കാൻ പാടില്ലേ? ആ ഇൻസ്പെക്ടറോട് ഒന്നു മാറിത്തരാൻ ഒരിക്കൽകൂടി നിനക്കൊന്നു പറയാൻ പാടില്ലേ?'

അബ്ദുൽഖാദർ പറഞ്ഞു:

'ഇവിടെ ഇക്കായ്ക്കെന്താ പോരാതുള്ളത്? എണ്ണ, നെയ്യ്, പാല്, ചായ, ബീഡി, തീപ്പെട്ടി, ഏത്തപ്പഴം, ടൊമാറ്റൊ, കൈതച്ചക്ക, ഞാലിപ്പൂവൻപഴം, ചുണ്ടില്ലാക്കണ്ണൻപഴം, ചക്കപ്പഴം, ഊണ്, കൂട്ടുകിടക്കാൻ ഉമ്മാ, ഞാൻ, അബു, കൊച്ചുണ്ണി — ഇനിയെന്താ വേണ്ടത്?'

അബ്ദുൽഖാദർ ഒരു സ്കൂൾ മാസ്റ്ററായിരുന്നു; വലിയ വ്യാകരണക്കാരനും. പണ്ടൊരിക്കൽ ഇവൻ ഉമ്മായോടു പറഞ്ഞു:

'മാതാവേ, കുറച്ചു ശുദ്ധജലം തന്നാലും.' അന്ന് ഉമ്മാ ചോറു വിളമ്പുന്ന വലിയ തവികൊണ്ടു തല്ലി. ബാപ്പാ അവനെ ആശ്വസിപ്പിച്ചു:

'നീ അങ്ങനെ പറഞ്ഞാ മതിയെടാ. നീ എന്നെ എന്തെന്നു വിളിക്കും?'

'പിതാവെന്ന്.'

അതു കേട്ടപ്പോൾ തവികൊണ്ട് ഉമ്മാ ഒന്നുകൂടി കൊടുത്തു. പിന്നെ അവൻ ഉമ്മായെന്നും ബാപ്പായെന്നുമേ വിളിച്ചിരുന്നുള്ളു.

ചട്ടൻ!

അവനെയും എന്നെയും ഒരുമിച്ച് ഒരു ദിവസമാണ് സ്കൂളിൽ കൊണ്ടുപോയാക്കിയത്. അന്ന് അത് 'മുഹമ്മദൻ സ്കൂൾ' ആയിരുന്നു. ഉമ്പിയണ്ണൻ എന്നു പേരായ ഒരു ഭക്തനാണ് ആ സ്കൂൾ പണിയിച്ചത്.

പുതുശ്ശേരി[2] നാരായണപിള്ളസാർ ആയിരുന്നു അന്ന് ഒന്നാം ക്ലാസിലെ വാധ്യാര്. അദ്ദേഹമാണ് എനിക്കും അബ്ദുൽഖാദറിനും 'അ ആ' എഴുതിത്തന്നത്.

അബ്ദുൽഖാദർ സ്കൂളിലും വെളിയിലും പോക്കിരിയായിരുന്നു. വീട്ടിൽ ചെല്ലപ്പിള്ള. ഞാൻ സ്കൂളിൽ മര്യാദക്കാരനായിരുന്നു. നാരായണപിള്ള സാർ അവനെ വളരെ തല്ലിയിട്ടുണ്ട്.

---

2 ഈ നാരായണപിള്ളസാർ മരിക്കുന്നതുവരെ എൻെറ അടുത്തു വരുമായിരുന്നു. ഞാൻ എഴുതിയിട്ടുള്ളതു വായിച്ച് എന്നെ അനുഗ്രഹിക്കുമായിരുന്നു. അദ്ദേഹം മരിച്ചുപോയി. ആത്മശാന്തി നേരുന്നു.

— ബഷീർ

അബ്ദുൽഖാദർ ഇടതുകാലിൽനിന്നു വലത്തെ ചട്ടൻകാൽ ചുറ്റും വീശി കറക്കിയായിരുന്നു പിള്ളേരെ അടിച്ചിരുന്നത്. അങ്ങനെ എന്നേയും അടിച്ചിട്ടുണ്ട്. എന്നിട്ടവൻ വലതു കാലിൻെറ വെള്ള മൂക്കിനു നേരെ കൊണ്ടുവന്നിട്ടു ചോദിക്കും:

'ഇങ്ങനെ കാണിക്കാമോ?'

സാധ്യമല്ല! എങ്ങനെ സാധിക്കും? മറ്റുള്ളവരുടെ കാല് കുഴകുഴാന്ന് കിടക്കുകയാണോ? മറ്റാർക്കും ഈ അഭ്യാസം സാധ്യമല്ല.

'എന്നാപ്പിന്നെ മണത്തിനോക്ക്!' അവൻെറ ചട്ടൻ കാലിൻെറ വെള്ള മറ്റുള്ളവർ മണപ്പിച്ചു നോക്കണം. അല്ലെങ്കിൽ ഇടിക്കും! പിള്ളേര് ദൂരെ മാറി നിന്നാൽ അവൻ തന്നത്താൻ നെഞ്ചത്തടിച്ചു കരയും. അവൻെറ ചട്ടൻകാലു കാരണം പൊതുജനങ്ങൾക്ക് അവൻെറ പേരിൽ ഒരു അനുകമ്പയുണ്ട്. അവനതു പരമാവധി ചൂഷണം ചെയ്യും. അവൻ എന്തു കാണിച്ചാലും മറ്റുള്ളവർക്കാണു കുറ്റം. പിള്ളേര് അവൻെറ ഇടികൊള്ളാൻ നിന്നുകൊടുക്കും. ഞാനും നിന്നുകൊടുത്തിട്ടുണ്ട്. ഞാൻ കൊണ്ടിട്ടുള്ള ഇടിക്കു കണക്കൊന്നുമില്ല. അവൻെറ സ്ലേറ്റും പുസ്തകങ്ങളും ഞാൻ ചുമക്കണം. ഞാൻ മൂത്തവനല്ലേ? ന്യായത്തിന് അനിയന്മാരാണ് ചേട്ടന്മാരുടെ സ്ലേറ്റും പുസ്തക ങ്ങളും ചുമക്കേണ്ടത്. എന്നാൽ ഞാൻ അവൻേറതു ചുമക്കണം. അല്ലെങ്കിൽ ഇടി!

ഞാൻ ഇടി വളരെക്കൊണ്ടു; ഞാൻ സ്ലേറ്റും പുസ്തകങ്ങളും വളരെ ചുമന്നു. പ്രതിഷേധത്തിൻെറ കൊടുങ്കാററ് ഉള്ളിലുണ്ട്. പക്ഷേ, എന്തു ചെയ്യും? അവൻ സ്ലേറ്റും പുസ്തകങ്ങളും റോഡിൽ വച്ചിട്ട് കൈയും ചുരുട്ടി എൻെറ അടുത്തുനിന്നു പതുക്കെ ചോദിക്കും:

'എൻെറ സെറേട്ടും പൊസ്സകോം എടുക്കു ന്നൊണ്ടോ?'

മനസ്സില്ലെന്നാണു ദിവസവും പറയുക. എന്നിട്ടു ന്യായവാദങ്ങൾ നടത്തും:

'എടാ, ഞാൻ നിൻെറ ഇയ്ക്കാക്കാ അല്ലേ?'

'എട്ക്കെണൊണ്ടോ, ഇല്ലേ?'

അപ്പോൾ ഒറ്റക്കാലിൽ നിന്നുകൊണ്ടു വലിച്ചു വീശി ഒരടി എൻെറ നെഞ്ചിൻെറ തുടുപ്പിനാണ്. ഞാൻ ലേശം ബോധക്ഷയത്തോടെ മറിഞ്ഞുവീണ് അങ്ങനെ കിടക്കും. അവൻ മാറി നിന്ന് ആജ്ഞാ പിക്കും:

'എണീച്ചെട്! വാ, പോകാം. സാമതിച്ചു ചെന്നാ സാറടിക്കും!'

ഞാൻ കിടന്നു സങ്കടത്തോടെ ആലോചിക്കും. ഇതെവിടത്തെ ന്യായമാണ്? അനിയൻ ഇടിക്കുക. ജ്യേഷ്ഠൻ കൊള്ളുക. എന്നിട്ട് പുസ്തകങ്ങളും സ്ലേറ്റും ചുമക്കുക. ഞാൻ അങ്ങനെ കിടക്കും. അവൻ എൻെറ നെഞ്ചത്തു കയറിയിരിക്കും. എന്നിട്ടു ചോദിക്കും:

'ഞ്ഞിടി വേണോ?'

ഞാൻ സത്യം പറയും:

'വേണ്ട; ചൊമക്കാം.'

അങ്ങനെ എണീറ്റ് അവൻെറയും സ്ലേറ്റുസ്റ്റ പുസ് തകങ്ങളും മറ്റും ഞാൻ ചുമന്നുകൊണ്ടു പോകും. എത്ര ദിവസങ്ങൾ! എത്ര ഇടികൾ!

അങ്ങനെ വരുമ്പോൾ ഒരു ദിവസം എനിക്കു ബുദ്ധി ഉദിച്ചു. ബോധോദയം! ഇടിക്കാനായി അവൻ കൈ വീശുന്നതിനു മുമ്പു കൊടുത്തു ഞാൻ കാലുകൊണ്ടൊരടി. അവൻെറ നല്ല കാലിൽ!

ദാ, കിടക്കുന്നു അബ്ദുൽഖാദർ ചലുക്കോ പിലു ക്കോന്ന്! മലർന്ന്!

ഞാൻ ഉടനെ അവൻെറ നെഞ്ചത്തു കയറിയി രുന്നു. ഞാൻ എന്തോ വലിയ അനീതി കാണിച്ച മാതിരി അവൻ വലിയ സങ്കടത്തോടെ ചോദിച്ചു:

'ഇതെന്താ, ഞാങ്കൊച്ചല്ലേ? എൻെറ നെഞ്ചത്തു കേറി ഇരിക്കാവോ?'

അവനെ ഞാൻ ഇടിക്കാനായി കൈ ചുരുട്ടി. അവൻ കരഞ്ഞുതുടങ്ങി. കണ്ണുനീർ?

'എന്നെ ഇടിക്കല്ലേ! ഞാനിക്കാടെ അനുശനാ.'

അനുജൻ! ഹമ്പ!!

'നെനക്ക് നേരത്തെ ഓർക്കാമ്പാടില്ലാർന്നോ?'

'ഞ്ഞി ഞാനെന്നും ഓർക്കാം.'

'എടാ,' ഞാൻ ചോദിച്ചു: 'പട്ടീനെക്കാണുമ്പ മുന്നം എറീണതാരാ?'

'ഇയ്ക്കാക്കാ.'

'പൊഴേ കുളിക്കുമ്പ മുങ്ങാങ്കുഴിയിട്ടു മുന്നം അക്കരെച്ചെല്ലുന്നതാരാ?'

'ഇയ്ക്കാക്കാ.'

'വീട്ടീന്നു വല്ലതും കക്കുമ്പ മുന്നം നെനക്ക് തരുന്നതാരാ?'

'ഇയ്ക്കാക്കാ.'

'നാറാപുള്ളസാറിൻെറ മേശേന്ന് ചോക്ക് കട്ടെടു ക്കുമ്പ മുന്നം നെനക്ക് തരുന്നതാരാ?'

'ഇയ്ക്കാക്കാ.'

'പിന്നെന്താ?'

അവൻ പറഞ്ഞു:

'ഞാനിക്കാടെ സെറേട്ടും പൊസ്സകോംകോട ചൊമന്നോളളാം.'

ഞാൻ പറഞ്ഞു:

'നിൻേറത് നീ ചൊമ.'

'അപ്പപ്പിന്നെ മുന്നം നടക്കണതാരാ?'

'ഞാൻ!'

അങ്ങനെ അന്നുമുതൽ അബ്ദുൽഖാദർ അനുജ്ജനായി. അവനാണിവൻ. ചട്ടൻ!

'എടാ,' ഞാൻ പറഞ്ഞു: 'നിനക്കൊന്നു പറയാൻ പാടില്ലേ, ആ ഇൻസ്പെക്ടരോട് ഒന്നു മാറിത്തരാൻ? ഞാനീ വീട്ടിലെ ബഹളത്തിൽ കിടന്നു വിങ്ങി വിഷമിക്കുകയാണ്. നിനക്കിതു മനസ്സിലാവുകയില്ല.'

'ഇയ്ക്കാക്കാ, ആ മനുഷ്യൻ സ്ഥലം നോക്കുന്നുണ്ട്. എക്സൈസുകാരും സ്ഥലം നോക്കുന്നുണ്ട്. കുറെ ദിവസംകൂടി ക്ഷമിച്ച് ഇവിടെ താമസിക്ക്.'

അവൻ ഇരുമ്പുവടി കുത്തിപ്പിടിച്ചു ചട്ടിച്ചട്ടി അവൻെറ കടയിലേക്കു പോയി.

ഞാൻ ഒരു കൈതച്ചക്കയുടെ പകുതി മുറിച്ചു. തൊലി ചെത്തിക്കൊണ്ടിരിക്കുമ്പോൾ പാത്തുമ്മായുടെ ആട് ജനാലയുടെ അടുത്തും പിള്ളേര് വാതിൽക്കലും ഹാജരായി. ഏത്തപ്പഴവും, ചുണ്ടില്ലാക്കണ്ണനും നെയ്യും എല്ലാം പുട്ടിൽ ചേർത്തു കുഴച്ച് പിള്ളേർക്ക് ഓരോ ഉരുള കൊടുക്കും. കൈതച്ചക്കയുടെ ഓരോ കഷണവും. അതു കിട്ടിയാൽ പിള്ളേര് ഒച്ചയുണ്ടാക്കാൻ പോകും. എന്നാൽ അബി, പാത്തുക്കുട്ടി, ലൈലാ, ആരിഫാ, ഖദീജാ മുതലായവരെ കാണാതെ ആനുമ്മായുടെ മകൻ സൈദുമുഹമ്മദ് എൻെറ മുമ്പാകെ, വന്നു വന്നില്ല, എന്ന മട്ടിൽ ചില ചിണുങ്ങൻ പാട്ടുകളുമായി തൂണിൽ പിടിച്ചുകൊണ്ടു നിന്നു മുഖം കാണിക്കും. അവന് ഒരു സ്പെഷ്യൽ ഉരുള കൊടുക്കും. പലഹാരം തിന്നിട്ട് പഴത്തൊലിയും മറ്റും പാത്തുമ്മായുടെ ആടിനു കൊടുക്കും. എന്നിട്ടു കൈ കഴുകി ചായയുമായി വരാന്തയിൽ കസേരയിൽ വന്നിരിക്കും. അപ്പോൾ സ്കൂൾ കുട്ടികൾ പോകുന്നുണ്ടായിരിക്കും. പതിവുപോലെ പെൺപിള്ളേർ വികാരത്തോടെ, തിളങ്ങുന്ന കണ്ണുകളാൽ എന്നെ നോക്കുന്നുണ്ടായിരിക്കും.

പെൺകുട്ടിയുടെ ആ സുന്ദരൻ നോട്ടത്തിൽ ഒളിഞ്ഞു കിടന്ന ദിവ്യരഹസ്യം പിന്നീടാണ് എനിക്കു മനസ്സിലാവുന്നത്. അതു വഴിയെ പറയാം.

അന്ന് അബിയും പാത്തുക്കുട്ടിയും പതിവുപോലെ സ്കൂളിലേക്കു പോയി. കുറെ കഴിഞ്ഞപ്പോൾ അബി, പാത്തു പതുങ്ങി റോഡിൽനിന്ന് എന്നെ കൈ കാണിച്ചു വിളിച്ചു.

എന്താണു സംഭവിച്ചത്?

ഞാൻ ഇറങ്ങിച്ചെന്നു. പാത്തുക്കുട്ടി ഒരു തെങ്ങിൻെറ ചുവട്ടിൽ പതുങ്ങി ഇരിപ്പുണ്ട്. ഞാൻ ചെന്നപാടെ അബി പറഞ്ഞു:

'വല്യ മൂത്തപ്പാ, ബാപ്പ സെറേട്ട് പെനസല് മേടിക്കാന്തന്ന അരേണ.'

'അരയണ?'

'ട്രൗസറിൻെറ കീസേലൊണ്ടാർന്ന്!'

'നീ എന്താ പറയുന്നെടാ?'

'ആട് തിന്ന കീസേലൊണ്ടാർന്ന്!'

'ങ്ഹു! പാത്തുമ്മായുടെ ആട് അരയണയും ഹബ്ബിലാക്കി. പക്ഷേ, ആട് നാണയം തിന്നുമോ?'

ഞാൻ പറഞ്ഞു:

'നിങ്ങളിതാരോടും പറയണ്ട; പരമരഹസ്യമാക്കി വച്ചേക്ക്. അരയണ കിട്ടാൻ വഴിയുണ്ടോ എന്നു നോക്കട്ടെ.'

അബി ഓർമിപ്പിച്ചു:

'ഉമ്മാമ്മ കണ്ടാ തല്ലും!'

'ഒളിച്ചു നിന്നോ!'

ഞാൻ വന്നു പാത്തുമ്മായോടു രണ്ടണ കടം വാങ്ങിച്ച് അരയണ കൊണ്ടുപോയി അബിക്കും പാത്തുക്കുട്ടിക്കും കൊടുത്ത് അവരെ സ്കൂളിലേക്കയച്ചു.

പാത്തുമ്മായുടെ ആട് മുറ്റത്തു നിൽപ്പുണ്ട്! ഏതു സമയത്തും രണ്ടു കാലണകൾ വീണേക്കാം. ഞാൻ കാത്തിരിപ്പായി. പക്ഷേ, കൊച്ചുകൊച്ച് ഉണ്ടകൾ വീഴുന്നുണ്ട്. വട്ടത്തിലുളളത് യാതൊന്നുംതന്നെ വീഴുന്നില്ല. എന്താ കാരണം?

വീഴാതിരിക്കുമോ? എൻെറ കണ്ണുകൾ ആടിൻെറ പിറകെയുണ്ട്.

അങ്ങനെ ഇരിക്കുമ്പോൾ വലിയ ഉത്ക്കണ്ഠയോടെ എന്നെ നോക്കിക്കൊണ്ട് പറ്റംപറ്റമായി വിദ്യാർഥിനികൾ റോഡേ പോയി. സുന്ദരീമണികൾ! എനിക്കു സന്തോഷമായി. അവർക്കറിയാം, ഞാനാരാണെന്ന്! അതുകൊണ്ടാണ് ഇങ്ങനെ നോക്കിയിട്ടു പോകുന്നത്. അവർ തമ്മിൽ തമ്മിൽ ഒരു സംവാദം നടക്കും: (ഇതു ഞാൻ സുന്ദരമായി ഭാവനചെയ്തതാണെന്നോർക്കണേ!)

ചുരുളൻ മുടിക്കാരി: 'ആ ചാരുകസേരയിൽ മലർന്നു കിടക്കുന്നത് ആരെന്നറിയാമോ?'

മാൻകണ്ണി: 'പിന്നറിഞ്ഞുകൂടേ! സുപ്രസിദ്ധ സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീർ!'

കോകിലവാണി: 'ഞാനെൻെറ ആട്ടോഗ്രാഫ് ബുക്കിൽ അദ്ദേഹത്തെക്കൊണ്ടെഴുതിക്കുമല്ലോ!'

പൂച്ചക്കണ്ണി: 'അതയാളൊന്നുമല്ല. ആ ചെറ്റക്കുടിലുപോലത്തെ വീടു കണ്ടില്ലേ!'

മധുവാണി: 'പോടീ, പൂച്ചക്കണ്ണീ! അദ്ദേഹമാണത്. കാണണോ ഇന്നെൻെറ ആട്ടോഗ്രാഫ്ബുക്കിൽ അദ്ദേഹത്തെക്കൊണ്ടെഴുതിക്കുന്നത്?'

പൂച്ചക്കണ്ണി: 'ഓടി, എന്നാലൊന്നു കാണാമല്ലോ!'

അങ്ങനെ അന്ന് ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് സ്കൂളിലേക്കു പോകുന്നവഴി അവർ എൻെറ വീട്ടിലേക്കു വന്നു!

അപ്പോൾ വേറൊരു സംഭവം ഓർമിച്ചു. ഞാൻ മറ്റേക്കെട്ടിടത്തിലാണ് അന്നു താമസിക്കുന്നത്.

ഞാൻ വന്ന വിവരം അറിഞ്ഞ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വന്നു പറഞ്ഞു, സ്കൂൾ വാർഷികമാണ്; ഞാനൊന്നു പ്രസംഗിക്കണം. കുട്ടികൾക്കൊരു ഉപദേശം കൊടുത്താൽ മതി.

'ഞാൻ പ്രസംഗിക്കാറില്ല. ആ സമയത്തു ഞാനിവിടെ ഉണ്ടാവുകയുമില്ല.'

അദ്ദേഹം പറഞ്ഞു:

'ഞങ്ങൾ നോട്ടീസിൽ പേരച്ചടിക്കും. ഉണ്ടായെങ്കിൽ വന്നാൽ മതി.'

നോട്ടീസച്ചടിച്ചു; പേരുമുണ്ട്! ഞാനെന്തു ചെയ്യും; മനസ്സമാധാനത്തോടെ വല്ലതും എഴുതാൻ വന്ന ആളാണ്! ങ്ഹും!

അങ്ങനെ ചെടികളുടെ ഇടയിൽ ഞാൻ നിൽക്കുമ്പോൾ ഗേറ്റിൻെറ അഴികളുടെ ഇടയിൽ രണ്ടു കണ്ണുകൾ! ചുരുണ്ട മുടിയുള്ള ഒരു പെൺകുട്ടി. ഞാൻ വിചാരിച്ചു, വല്ല മുല്ലപ്പൂവിനോ പിച്ചിപ്പൂവിനോ ആയിരിക്കും.

ഞാൻ ചോദിച്ചു:

'എന്താ?'

അവൾ പറഞ്ഞു:

'നോട്ടീസിൽ പേരടിച്ചിട്ടുണ്ട്. ഞങ്ങളോടു പ്രസംഗിക്കണം. വരാതിരിക്കരുത്, കേട്ടോ'

'അപ്പോഴുണ്ടെങ്കിൽ വരാം.'

പിന്നെ ദിവസവും അവളും മറ്റു പെൺകുട്ടികളും കൂടി ഗേറ്റിനടുത്തുവന്നു വിളിച്ചു പറയും:

'വരാതിരിക്കരുത്, കേട്ടോ?'

എന്നാൽ ആനിവേഴ്സറിയുടെ തലേ ദിവസം ഞാൻ ഒറ്റ പോക്കുകൊടുത്തു! പെട്ടിയും കിടക്കയും ഒന്നും എടുക്കാതെയാണ്. ചുമ്മാ വെറുങ്കൈയോടെ. ഉമ്മായോടു മാത്രം പറഞ്ഞു. എന്നിട്ടു വാർഷിക മഹോത്സവം കഴിഞ്ഞതിൻെറ പിറ്റേദിവസം ഞാൻ വന്നു. അന്നുതന്നെ ചുരുണ്ട മുടിക്കാരിയും മറ്റും വന്നു ചോദിച്ചു:

'എന്താണിക്കാണിച്ചത്?'

ഞാൻ പറഞ്ഞു:

'ഉണ്ടെങ്കിൽ വരാമെന്നല്ലേ പറഞ്ഞിരുന്നത്?'

'നല്ല പുള്ളിയാ!'

അതങ്ങനെ പോയി —

പടി കടന്നു വരുന്ന പെൺകുട്ടികളിൽ ആ ചുരുളൻ മുടിക്കാരിയുണ്ടോയെന്നു ഞാൻ നോക്കി. ഇല്ല; എല്ലാവരും വലുതായിപ്പോയിരിക്കണം. എത്ര വേഗമാണ് ഈ പെൺപിള്ളേരു വലുതാവുന്നത്!

ഞാൻ അവരുടെ ആട്ടോഗ്രാഫിൽ എഴുതാനായി പേനയെടുക്കാൻ വിചാരിച്ചു: ഉടനെ തോന്നി: വരട്ടെ; കുറെനേരം വന്നുനിൽക്കട്ടെ അവര്.

അവർ വന്നു. എന്നെ നോക്കിയില്ല!!! അവർ നേരെ ചാമ്പമരത്തിൻെറ ചുവട്ടിൽ ചെന്ന് ഉമ്മായോട് എന്തോ പറഞ്ഞിട്ട് എന്തോ കൊടുത്തു. ഉമ്മാ തുണിത്തുമ്പിൽനിന്ന് ഒരുകുന്നു ചാമ്പങ്ങായെടുത്ത് അവർക്കു കൊടുത്തു. അവർ ഓരോന്ന് അവിടെ നിന്നു കടിച്ചുതിന്നുകൊണ്ട് ചാമ്പമരത്തിലേക്കു കൊതിയോടെ, വായിൽ വെള്ളം ഊറിച്ചുകൊണ്ട് നോക്കി. കൊതിച്ചിക്കഴുതകൾ! ഉമ്മായുടെ വൃത്തികെട്ട തുണിത്തുമ്പിൽ കെട്ടിയിരുന്ന ചാമ്പങ്ങായാണ് അവർ കൊതിയോടെ തിന്നുന്നത്? എന്നാൽ വൃത്തിയുള്ള എന്നെ നോക്കിക്കൂടേ? കഴുതക്കൂമ്പാരങ്ങളേ!

ഒരു ഞെട്ടലോടെ എനിക്കു രഹസ്യങ്ങളെല്ലാം വ്യക്തമായി. പെൺപിള്ളേരു നോക്കിയിരുന്നത് എന്നെയായിരുന്നില്ല! ചാമ്പങ്ങയെ ആയിരുന്നു!! കൊതിച്ചികൾ!!!

പെൺകുട്ടികളെല്ലാം ചാമ്പങ്ങയുമായി പോയപ്പോൾ ഞാൻ ഉമ്മായോടു ചോദിച്ചു:

'അവരെന്താ ഉമ്മാ തന്നത്?'

ഉമ്മാ പറഞ്ഞു:

'ഒരണ.'

'ചാമ്പങ്ങാ ആ പെൺപിള്ളേർക്കു വിൽക്കുകയായിരുന്നോ?'

'പിന്നല്ലാതെ!'

'ഒരണയ്ക്ക് എത്ര കൊടുത്തു?'

'ഇരുപത്.'

കൊള്ളാം! ഞാൻ എത്രയെത്ര ഇരുപത്, പാത്തുമ്മായുടെ ആടിനെ തീറ്റിയിരിക്കുന്നു!

ആ പെൺപിള്ളേര് എന്നെ നോക്കാത്തതിലുള്ള അനാസ്ഥ എന്നെ ഇരുത്തി ചിന്തിപ്പിച്ചു. 'ആ ചാമ്പമരം ആരാ നട്ടു വളർത്തിയത്?' ഉമ്മായോടു ചോദിച്ചു.

ഉമ്മാ പറഞ്ഞു:

'ഇതു നീ തളിയാക്കേന്നു കുരു കൊണ്ടുവന്നു നട്ടു പിടിപ്പിച്ചതാ! '

തിരിഞ്ഞോ? തളിയാക്കൽ എന്ന ഒരു ജ്ഞാക്കബിയററ് ക്രിസ്ത്യാനിക്കുടുംബം അടുത്തുണ്ട്. അവിടെ തൊമ്മൻ, മാത്തൻകുഞ്ഞ്, കുഞ്ഞപ്പൻ എന്നീ ഇഷ്ടക്കാരുണ്ട്. അവിടുന്നു കൊണ്ടുവന്നു ഞാൻ. ഞാൻ, ഞാൻ നട്ടുവളർത്തിയതാണല്ലേ? കഴുതകൾ എന്നെ നോക്കിയില്ല! ഞാൻ ചാടി എണീറ്റ് ഉമ്മായോടു പറഞ്ഞു:

'ആ ഒരണ ഇങ്ങെട്!'

ഉമ്മാ അത് ഉടനെ തന്നു. ഞാൻ പോയി ബീഡി വാങ്ങി. എന്നിട്ടു നദീവക്കത്തു പോയിരുന്നു. പഴയ നദിയെ നോക്കി, എന്നെ നോക്കിയിട്ടില്ലാത്ത ആ കൊതിച്ചിപ്പെൺകുട്ടികളെ ഓർത്തു പുകവിട്ടു. ഫൂ!

പിന്നെ ദിവസവും പെൺപിള്ളേർ എൻെറ ചാമ്പമരത്തെ നോക്കും! അതിൽ ഇറിഞ്ഞിലുപോലെ ചാമ്പങ്ങാ കിടപ്പുണ്ട്. ഞാൻ തന്നത്താൻ പറയും:

'കഴുതകളേ, നോക്കിക്കോ! എൻെറ ചാമ്പമരമാണ്. ഈ ഞാൻ നട്ടു വളർത്തിയതാണ്........ കഴുതകൾ!'

അവരോടെങ്ങനെ പ്രതികാരം ചെയ്യും? കസേരയിലങ്ങനെ കാത്തിരിപ്പായി. മുറിയിൽ പോയി കിടക്കാറൊന്നുമില്ല. അങ്ങനെ ഇരിക്കുമ്പോൾ അവർ വന്നു! ഞാൻ എണീറ്റു ചെന്നു വളരെ അവജ്ഞയോടെ ചോദിച്ചു:

'എന്തു വേണം?'

'അരയണയ്ക്കു ചാമ്പങ്ങ.'

'കാശെട്!'

കാശു വാങ്ങി ഒക്കെടയിൽ തിരുകി. എന്നിട്ടു വളരെ ചെറുതു നോക്കി പത്തെണ്ണം കൊടുത്തു.

'ഇതെന്താ. എല്ലാം ചെറുതാണല്ലോ? ആ വല്യുമ്മയാണെങ്കിൽ വലുതു തരുമല്ലോ?'

'ആ വല്യുമ്മായ്ക്ക് ഈ വൃക്ഷത്തിന്മേൽ വലിയ വകാശമൊന്നുമില്ല. അതുകൊണ്ടാണവരങ്ങനെ തന്നത്.'

കഴുതകൾ!

'അന്നാപ്പിന്നെ ഒന്ന്കൊടത്താ!'

'ഈ വൃക്ഷം അധ്വാനിച്ചു നട്ടു പിടിപ്പിച്ച ആൾക്ക് അതിഷ്ടമല്ല.'

ഒരെണ്ണംപോലും ഞാൻ കൂടുതൽ കൊടുത്തില്ല.

'എന്തൊരു മനുഷ്യര്!' എന്നും പറഞ്ഞ് ആ കൊതിച്ചികൾ പോയി. പെരുംവയറികൾ! എന്നെ ഒന്നു നോക്കാൻ പാടില്ല. ലജ്ജയില്ലാതെ എൻെറ ചാമ്പമരത്തേൽ നോക്കാം!

ഇങ്ങനെ ഞാൻ ചാമ്പങ്ങ വിൽക്കുമ്പോൾ ഉമ്മാ വന്നു കാശു ചോദിക്കും.

ഞാൻ ചോദിക്കും:

'എന്തിന്? ഉമ്മായ്ക്ക് ഈ ചാമ്പവൃക്ഷത്തിന്മേൽ എന്തൊരവകാശമാണുള്ളത്? ഇത് എൻെറ അധ്വാനത്തിൻെറ ഫലമാണ്. എൻെറ ചോരയാണ് ഇതിൽ ചാമ്പങ്ങയായി കിടക്കുന്നത്! ഉമ്മാ ഇത് എത്ര കൊല്ലങ്ങളായി വിൽക്കുന്നു. ആ പണമൊക്കെ എവിടെ!'

ഉമ്മാ തോറ്റവിടെ നിൽക്കുകയാണ്. ഞാൻ വിട്ടില്ല:

'എന്നിട്ട് തൊട്ടതിനൊക്കെ രൂപാ. അതു വാങ്ങണം. ഇതു വാങ്ങണം. എത്ര രൂപാ, ങ്ഹും! ആരാ ഇരുമ്പൻപുളി നട്ടത്?'

മുറ്റത്തിൻെറ ഒരു വശത്തു വലിയ ഒരു ഇരുമ്പൻപുളിയുണ്ട്. വേരുമുതൽ ഇറിഞ്ഞിലുപോലെതന്നെ പച്ചനിറത്തിൽ പുളികളങ്ങനെ പൊതിഞ്ഞു കിടക്കുകയാണ്. അതും ഉമ്മാ പറിച്ചു വിൽക്കാറുണ്ട്. അതും ഞാൻ നട്ടുപിടിപ്പിച്ചതല്ലേ?

ഉമ്മാ പറഞ്ഞു:

'അതു നിൻെറ ബാപ്പാ നട്ടുപിടിപ്പിച്ചതാ. ഞാൻ ഒത്തിരി വെള്ളം കോരീട്ടുണ്ടതിന്!

അപ്പോ അതിൻെറ ഉടമസ്ഥാവകാശം നമുക്കില്ല. പോട്ടെ!

ഉമ്മാ കെറുവിച്ച് അപ്പുറത്തേക്കു പോയി.

ഞാൻ ആനുമ്മായെ വിളിച്ച് ഒരു ചായ കൊണ്ടുവരാൻ പറഞ്ഞു. ആനുമ്മാ അടുത്ത വീട്ടിൽ

ചെന്ന് ഒരു പയ്യനെ വിട്ടു ചായ കൊണ്ടുവരുവിച്ചുതന്നു. ഞാനതും കുടിച്ച് ഒരു ബീഡിയും വലിച്ച് അങ്ങനെ രസത്തിൽ ഇരിക്കുമ്പോൾ വരുന്നു, ഒരു അഞ്ജനക്കറുമ്പി! പത്തുപതിനാറു വയസ്സു കാണും. ചാമ്പങ്ങയ്ക്കുതന്നെ. കാലണക്കാരിയോ? അരയണക്കാരിയോ? കഴുതയ്ക്കു ചെറുതേ കൊടുക്കുകയുള്ളു. പക്ഷേ, അവൾ ചാമ്പ നിൽക്കുന്ന ഭാഗത്തേക്കു നോക്കിയില്ല. അവൾ നേരെ എൻറടുത്തു വന്നു തൊഴുതു. എന്നിട്ടു പറഞ്ഞു:

'ഞാൻ സാറിനെ അറിയും. സാറിൻെറ എല്ലാ പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. സാറു വന്നിട്ടുണ്ടെന്ന് എൻെറ അച്ഛൻ പറഞ്ഞു. അതാ വന്നത്. എൻെറ ആട്ടോഗ്രാഫ് ബുക്കിൽ എന്തെങ്കിലും ഒന്നെഴുതി ഒപ്പിട്ടു തരണം.'

ഹാ! എൻെറ മാനം രക്ഷിക്കാൻ വന്ന സുന്ദരിയായ കറമ്പീ, നിനക്കു മംഗളം! ആചന്ദ്രതാരം നീ സുഖമായി ജീവിക്കുക!

'എന്താ, നിൻെറ പേര്?' ഞാൻ ചോദിച്ചു.

അവൾ പറഞ്ഞു:
'സുഹാസിനി.'

'ഏതു ക്ലാസിൽ പഠിക്കുന്നു?'

'സിക്സ്ത്തിൽ.'

'കുട്ടി ഏതാ?'

'ഞാൻ ചുമട്ടുകാരൻ മാധവൻെറ മകളാ.'

തൊഴിലാളിയുടെ മകളാണല്ലേ?

തൊഴിലാളികൾ ജയിക്കട്ടെ!

ഞാൻ മുറിയിൽ പോയി പേന എടുത്തുകൊണ്ടുവന്ന് സുഹാസിനിയുടെ ആട്ടോഗ്രാഫ് ബുക്കിൽ 'സുഹാസിനിക്കു സർവമംഗളങ്ങളും നേരുന്നു' എന്നെഴുതി ഒപ്പിട്ടു കൊടുത്തു. എന്നിട്ട് സുഹാസിനിയോടു ചോദിച്ചു:

'ചാമ്പങ്ങ തിന്നണോ?'

'തിന്നിട്ടുണ്ട്,' അവൾ പറഞ്ഞു.

ഞാൻ ഒരു വലിയ കടലാസു കൊണ്ടുവന്നു. ചാമ്പമരത്തിൽ കയറി ഒരമ്പതു മുഴുത്തതും ചുവന്നതും പറിച്ചു കെട്ടിക്കൊടുത്തിട്ടു പറഞ്ഞു:

'സുഹാസിനീ, ഈ ചാമ്പമരം ഞാൻ നട്ടുപിടിപ്പിച്ചതാണ്.'

'നേരോ?'

'നേര്!'

അവൾ തൊഴുതിട്ടു പോയി.

അന്നു രാത്രി ഒരു വിശേഷവർത്തമാനം കേട്ടു.

'പാത്തുമ്മാട ആട് ഒടനേ പെറും!' ഗർഭമുണ്ടെന്നല്ല, ഉടനെ പ്രസവിക്കുമെന്ന്! ഈ വിശേഷസംഭവം ഞാൻ എന്തുകൊണ്ടറിഞ്ഞില്ല? അതിനു ഗർഭമുള്ളതായിപ്പോലും തോന്നിയില്ല. ചിലപ്പോൾ വയറു വീർത്തുകാണും, ചിലപ്പോൾ വയറു ചൊട്ടിക്കാണും. ഗർഭമുണ്ടെങ്കിൽ അങ്ങനെയിരിക്കുമോ? ഞാൻ ഉമ്മായോടു ചോദിച്ചു.

ഉമ്മാ പറഞ്ഞു:

'അതു പെറാറായി.'

എനിക്കു സംശയം, നേരോ? എനിക്കെന്തുകൊണ്ടു തോന്നിയില്ല?

സ്ത്രീജനങ്ങളെല്ലാവരും പറയുന്നതല്ലേ. സ്ത്രീകളാണല്ലോ പ്രസവങ്ങളുടെയെല്ലാം പരമാധികാരികൾ!

സുഖപ്രസവമായിരിക്കുമോ?

# മൂന്ന്

അപ്പോൾ പാത്തുമ്മായുടെ ആട് നേരായി പ്രസവിക്കാൻ പോകയാണ്. നല്ല കാര്യം? പ്രസവിക്കട്ടെ! എനിക്കു സന്തോഷമായി. പ്രസവം എപ്പോഴാണ്.

ആനുമ്മാ എൻെറ മുറി അടിച്ചുവാരി കിടക്ക തട്ടിക്കുടഞ്ഞ് വെയിലത്തിട്ടു വന്നപ്പോൾ ഞാൻ ചോദിച്ചു:

'ആടിനു വല്ലതും കൊടുത്തോ പെണ്ണേ?'

അതിനു കഞ്ഞിവെള്ളം കൊടുത്തു എന്ന് ആനുമ്മാ പറഞ്ഞു.

'കഞ്ഞിവെള്ളംതന്നെ പോരാ. അതിനു പുല്ലു കൊടുക്കണം. കുറെ പിണ്ണാക്കു വാങ്ങിച്ചു വെള്ളത്തിൽ കുതിർത്തി കൊടുക്കുന്നത് ഉത്തമം.'

ഈ നിർദ്ദേശങ്ങൾക്കുശേഷം കുറെ അധികം പഴത്തൊലിയും ഒരു ചെറിയ പഴവും ആടിനു കൊടുക്കാനായി ആനുമ്മായെ ഏൽപ്പിച്ചു. ആനുമ്മാ അരുമയോടെ എൻെറ കൺമുമ്പിൽവെച്ചുതന്നെ ആടിനു കൊടുക്കുകയും ചെയ്തു. പക്ഷേ, പെണ്ണുങ്ങൾക്ക് എന്തോ ഭീമമായ അബദ്ധം പറ്റി എന്നെനിക്കു തോന്നി. അഥാറിട്ടികൾ പെൺവർഗം തന്നെ. ഇതു ഞാൻ സമ്മതിക്കുന്നുണ്ട്. എന്നാലും.......... ഗർഭസംബന്ധമായി പെണ്ണുങ്ങൾക്കു ദാ, വലിയ ഒരു പിശകു പറ്റിയിരിക്കുന്നു! എനിക്കെന്തെന്നില്ലാത്ത ആഹ്ലാദമുണ്ടായി. എന്താണെന്നു വെച്ചാൽ എൻെറ മുമ്പിൽ നിൽക്കുന്ന ആടിനു ഗർഭമില്ല. വയറു നന്നേ ചൊട്ടിയിരിക്കുന്നു! ആട് ചാമ്പമരച്ചുവട്ടിൽ വീണു കിടക്കുന്ന ചാമ്പങ്ങ തിന്നുകയാണ്. കൂട്ടത്തിൽ ഉമ്മായുണ്ട്. ഉമ്മാ ചാമ്പങ്ങ പെറുക്കിയെടുക്കുകയാണ്.

ചുവന്ന വലിയ മഞ്ഞുതുള്ളികൾപോലെ, പച്ചിലകളുടെ ഇടയിൽ ഇറിഞ്ഞിലുപോലെ ചാമ്പങ്ങയുമുണ്ട്. എൻെറ നേരേമുമ്പിൽ, മുറ്റത്തിനു തൊട്ടടുത്ത്, എൻെറ രക്തത്തുള്ളികൾ!

ഞാനങ്ങനെ ഇരിക്കുമ്പോൾ വരുന്നു, പാത്തുമ്മാ! അദ്ഭുതം തന്നെ. കൂട്ടത്തിൽ ഒരാടുമുണ്ട്; ഖദീജ്ജായും. എന്നാൽ, പാത്തുമ്മായുടെ കൂടെ വരുന്ന ആടിനു ഗർഭമുണ്ട്!

ഞാൻ ആനുമ്മായോടു ചോദിച്ചു:

'ഈ ആടേത്?'

ആനുമ്മാ പറഞ്ഞു:

'ഇതെൻെറതാ! ഇത്താത്താ തന്നത്.'

പാത്തുമ്മാ ആനുമ്മായ്ക്കു കൊടുത്തതാണ്!

ഉമ്മാ പറഞ്ഞു:

'പാത്തുമ്മാട ആടിൻെറ മൂത്ത മകളാ.'

അപ്പോൾ ആനുമ്മായ്ക്കും ഒരാടുണ്ട്! അത് എൻെറ തൊട്ടടുത്തുതന്നെയാണു താമസം. എന്നിട്ടും ഞാനതറിഞ്ഞില്ല, രണ്ടിനേയും വേർതിരിച്ചറിയാൻ കഴിഞ്ഞില്ല. രണ്ടും തവിട്ടു നിറത്തിൽ ഒരുപോലെതന്നെ. പിന്നെ ഞാൻ ശരിക്കു നോക്കിയപ്പോൾ പാത്തുമ്മായുടെ ആടിൻെറ കണ്ണുകൾക്കു ചുറ്റും ഒരു കറുത്ത പാടുണ്ട്.

വന്നപാടെ ആട് ഓടി പുരയ്ക്കകത്തു കയറി. പാത്തുമ്മായോടു ഞാൻ ചോദിച്ചു:

'എന്താ പാത്തുമ്മാ, ആടും നീയും ഇന്നിത്ര താമസിച്ചത്?'

പാത്തുമ്മാ സംഗതി വ്യക്തമാക്കി. കൊച്ചുണ്ണി വാങ്ങിച്ചുകൊടുക്കുന്ന പുല്ല് (രാത്രിയിലേക്കുള്ളതാണ്) മതിയാകുന്നില്ല. ഗർഭമുള്ളതല്ലേ? അതുകൊണ്ട് ചില പറമ്പുകളിലും പാടത്തും പോയി മറ്റുള്ളവർ പറിക്കുന്നതിനു മുമ്പ് നേരത്തേ ആടിനു പുല്ലു പറിച്ചു കൊടുത്തു.

പാത്തുമ്മാ അപ്പുറത്തു പോയി നാത്തൂന്മാരോടും അനിയത്തിയോടും തട്ടിക്കയറി. പാത്തുമ്മായുടെ ആടിനു വെച്ചിരുന്ന കഞ്ഞിവെള്ളം പോരാ!

'അതവളെടുത്ത്, അവടെ ആടിനു കൊടുത്ത്! എന്നാ നാത്തൂന്മാരൊന്നു നോക്കണ്ടേ?'

ഒരു നാത്തൂൻപോരു കേൾക്കാമെന്നു ഞാൻ കൊതിച്ചു. നാത്തൂൻപോരോ അമ്മായിയമ്മപ്പോരോ കേൾക്കാൻ കഴിഞ്ഞിട്ടില്ല. ഉമ്മായുടെ ശബ്ദം മാത്രമേ കേൾക്കൂ. എല്ലാവരെയും കണക്കിനു ശാസിക്കും. അപ്പോൾ ആനുമ്മായുടെ ശബ്ദം കേട്ടു:

'എൻെറ ആടിനു കഞ്ഞിവെള്ളം കുറച്ചേ കൊടുത്തുള്ളു. കുറച്ചു ഞങ്ങൾ കുടിച്ചു. ബാക്കി വെച്ചിരുന്നു.'

ഞാൻ കൊടുത്ത പഴത്തൊലി ആനുമ്മായുടെ ആടാണു തിന്നതെന്ന പരമരഹസ്യം ആരോടും ഞാൻ പറഞ്ഞില്ല!

'മതിമതി, നീ ഒന്നും പ്പറേണ്ട!' പാത്തുമ്മായുടെ

പരാതിയാണ്. 'ഉമ്മാക്കും എന്നോടിഷ്ടമില്ല.'

'എടീ', ഉമ്മാ പറഞ്ഞു: 'കപ്പക്കിഴങ്ങു* തിന്നിട്ടേ കൊറച്ചു കഞ്ഞോാളം കുടിക്കണം. ഞങ്ങളും കൊറച്ചേ കുടിച്ചൊളളു. നിൻെറ ആടിനു മുഴുവനും വെച്ചിരുന്നു!'

ഈ കപ്പക്കിഴങ്ങു തിന്നിട്ടു കഞ്ഞിവെളളം കുടിക്കണമെന്നു പറഞ്ഞല്ലോ. കപ്പക്കിഴങ്ങ് എപ്പോൾ തിന്നുന്നു? തെരക്കിയപ്പോഴല്ലേ ദയനീയ രഹസ്യം മനസ്സിലാകുന്നത്. ഉമ്മാ, ആനുമ്മാ, ഐശോമ്മാ, കുഞ്ഞാനുമ്മാ ഇത്രയും പേർ നേരാംവണ്ണം ചോറുണ്ണാറില്ല. എന്നുവെച്ചാൽ അവർക്കു കിട്ടാറില്ല എന്നർത്ഥം. ആണുങ്ങൾക്കും കുഞ്ഞുങ്ങൾക്കും മാത്രമേ ചോറുളളു. ബാക്കിയുളളവർ കപ്പക്കിഴങ്ങു തിന്നു ജീവിക്കുന്നു. പകൽ പതിനൊന്നു മണിയോടെ കപ്പക്കിഴങ്ങുണങ്ങിയത് ഇടിച്ചു പൊടിച്ചു തേങ്ങാപ്പീരയും ഉപ്പും ചേർത്തു പുഴുങ്ങി പുട്ടാക്കി തിന്നും. ഒരു നുളളു തേയില (അതു മിക്കപ്പോഴും സുലൈമാൻ കൊടുക്കുന്നതായിരിക്കും) ചൂടുവെളളത്തിലിട്ടു പഞ്ചസാരയോ പാലോ കൂടാതെ കുടിക്കും, എന്നിട്ടു ജോലിയാണ്. എല്ലാവർക്കും പിടിപ്പതുണ്ട്. ആണുങ്ങൾ ഉണ്ണാൻ സമയത്തേ വരൂ. പെണ്ണുങ്ങളാണ് ദുരിതമനുഭവിക്കുന്നത്. ഇതെൻെറ വീട്ടിൽ മാത്രമുളളതല്ല. മിക്ക എല്ലാ ഇടത്തരക്കാരുടെ വീടുകളിൽ ഇതാണനുഭവം. സ്ത്രീകൾ മഹനീയമായ സേവനം അനുഷ്ഠിക്കുന്നു; ഇതെന്തുകൊണ്ടു പുരുഷന്മാർ അറിയുന്നില്ല?

അബ്ദുൽഖാദറിൻെറ കെട്ടിയോൾ കുഞ്ഞാനുമ്മായുടെ ശബ്ദം കേട്ടു:

'പാത്തുമ്മത്താത്താ, ആട് പെറുമ്പ ഞങ്ങളെ മറക്കല്ലേ. സുബൈദാക്ക് കൊറച്ചു പാല് കൊടുക്കണം.'

ഹനീഫായുടെ കെട്ടിയോൾ ഐശോമ്മാ ഗൗരവത്തിൽ ചോദിച്ചു:

'എൻെറ റഷീദിന് പാല് കുടിച്ചാൽ എറങ്ങുകേലേ?'

സുലൈമാൻെറ കെട്ടിയോൾ ആനുമ്മാ ലേശം പരിഹാസത്തോടെ പറഞ്ഞു:

'സൈദുമുഹമ്മദിനും പാല് കുടിച്ചാൽ വലിയ കുറച്ചിലൊന്നും വരാനില്ല.'

ആനുമ്മാ സ്കൂളിൽ പോയിട്ടുണ്ടെന്നു പറഞ്ഞല്ലോ. സാമാന്യം വിദ്യാഭ്യാസവുമുണ്ട്. പാത്തുമ്മാ ചേടത്തിയാണെങ്കിലും വിദ്യാഭ്യാസം കുറവാണ്. അതുകൊണ്ട് പാത്തുമ്മാ ലേശം ദേഷ്യത്തോടെ പറഞ്ഞു:

'മതി, മതി, നിൻെറ തൊലിപൊളിച്ചൊളള പഴക്കം!'

കുറെക്കഴിഞ്ഞ് ഞാൻ പതുക്കെ മുറിയിലേക്കു കടന്നു ചെന്നപ്പോൾ പാത്തുമ്മായുടെ ആടുണ്ട് എൻെറ പെട്ടിപ്പുറത്തിരുന്ന നേന്ത്രപ്പഴം രണ്ടെണ്ണം വായിലാക്കിയിരിക്കുന്നു. പാത്തുമ്മായുടെ ആടു തന്നെ! ആട് കിഴക്കുവശത്തുളള വാതിലിൽകൂടി കടന്നതാണ്. അതടയ്ക്കാൻ ആനുമ്മാ മറന്നുപോയതുമാണ്.

ഞാൻ വിളിച്ചു പറഞ്ഞു:

'ആനുമ്മാ, പാത്തുമ്മാ, ഓടിവാ! നിങ്ങടെ ആട് ഏത്തപ്പഴം തിന്നുന്നു!'

ആനുമ്മായും പാത്തുമ്മായും ഓടിവന്നു. ആനുമ്മായ്ക്കു സന്തോഷമായി. അവൾ പറഞ്ഞു:

'ഇത് ഇത്താത്താട ആടാണ്.!'

'പോട്ടെ ഇയ്ക്കാക്കാ!' പാത്തുമ്മാ ദീനതയോടെ, എന്നെ ആശ്വസിപ്പിക്കാനായി പറഞ്ഞു: 'ഞാൻ രണ്ടെണ്ണം മേടിച്ചു തരാം. അതിൻെറ വെശപ്പുകൊണ്ടാ.'

ആനുമ്മാ പറഞ്ഞു:

'എന്തു തിന്നാലും വിശപ്പു കെടുകില്ല. എൻെറ ആടിൻെറ പുല്ല് അതു കട്ടുതിന്നും!'

പാത്തുമ്മായ്ക്കു സഹിക്കാൻ കഴിയുമോ? പാത്തുമ്മാ പറഞ്ഞു:

'മതി മതി. നിൻെറ ആടിൻെറ ഒരു പുല്ല്!'

ഞാൻ പറഞ്ഞു:

'സാരമില്ല, നീ കുട്ടികൾക്കെല്ലാവർക്കും ആട്ടുമ്പാലു കൊടുക്കണം.'

'എങ്ങനേയ്ക്കാക്കാ കൊടുക്കുന്നത്? എന്തെല്ലാം ആവശ്യോണ്ട്, പാല് വിറ്റിട്ടു വേണം ഞങ്ങൾ താമസിക്കുന്ന വീടിൻെറ വാതില് നന്നാക്കാൻ!'

എന്തു ചെയ്യും? പാത്തുമ്മയും കൊച്ചുണ്ണിയും ഖദീജായും താമസിക്കുന്ന വീടിൻെറ വാതിൽ കയറുകൊണ്ടു കെട്ടിവെച്ചിരിക്കയാണ്. അതു നന്നാക്കണം. അപ്പഴോ?

വീട്ടിനുളളിലുളള പെണ്ണുങ്ങൾക്കെല്ലാം ഞാൻ പോകുന്നതിനു മുമ്പ് ഒരു നേരമെങ്കിലും വയറുനിറച്ചു ചോറു കൊടുക്കണം!

അതിനു പണമെവിടെ? എൻെറ പക്കൽ ഒറ്റ കാശുപോലുമില്ല. ഉണ്ടായിരുന്നത് എല്ലാവർക്കും വീതിച്ചു കൊടുത്തു. വീതിച്ചുകൊടുത്തു എന്നു പറഞ്ഞാൽ ഒരു മര്യാദയാണ്. നേരു പറഞ്ഞാൽ എല്ലാവരും പിടിച്ചുപറിച്ചു. എന്നിട്ടെന്നെ അങ്ങനെ ഇരുത്തിയിരിക്കയാണ്. ഓർക്കുമ്പോൾ ദേഷ്യം വരും. ഞാൻ എന്തെല്ലാം കൊടുത്തു? രൂപാ കൊടുത്തു, പാത്രങ്ങൾ വാങ്ങിച്ചു കൊടുത്തു, ഗ്ലാസുകൾ വാങ്ങിച്ചു കൊടുത്തു, പെണ്ണുങ്ങൾക്കു തലയിലിടാൻ തട്ടംമുണ്ടുകൾ വാങ്ങിച്ചുകൊടുത്തു. ഇതെല്ലാമായിട്ടും ഞാൻ ഒന്നും കൊടുത്തിട്ടില്ല എന്ന

മട്ടിലാണ് എല്ലാവരുടെയും പെരുമാറ്റം. ശുണ്ഠി അങ്ങനെ മൂക്കത്തു വന്നിരിക്കയാണ്. അനങ്ങിയാൽ ഞാൻ തട്ടിക്കയറും. അബുവിനെ ചീത്ത പറയും, ഹനീഫായെ ചീത്ത പറയും, അബ്ദുൽഖാദറിനെ ചീത്ത പറയും, ഹനീഫായുടെയും അബ്ദുൽഖാദറിൻെറയും സുലൈമാൻെറയും മക്കളെ തല്ലും. പാത്തുമ്മായുടെ മകൾ ഖദീജായെ തല്ലാറില്ല. അവളെ വെളിച്ചത്തൊന്നും കാണാത്തതുകൊണ്ടാണ്. തോന്നിയതു പറയുന്ന കൂട്ടത്തിൽ എല്ലാ പെണ്ണുങ്ങളേയും പെടുത്തും. പ്രത്യേകമായി അനിയന്മാരുടെ ഭാര്യമാരെ. എൻെറ ഒച്ച അങ്ങനെ പൊന്തിവരുമ്പോൾ വീടു ശാന്തം! ഞാനങ്ങനെ ഇരിക്കും. പാത്തുമ്മായുടെ ആടു മുറ്റത്തു നിൽപ്പുണ്ട്. ഉണങ്ങിയ പ്ലാവില തിന്നുകയാണ്. തിന്നു വയറു നിറയ്ക്കട്ടെ. പ്രസവിച്ചാൽ ധാരാളം പാലുണ്ടാവും. സുബൈദ, റഷീദ്, ഖദീജ, അബി, സൈദുമുഹമ്മദ്, പാത്തുക്കുട്ടി എന്നിവർ കുറേശ്ശെ പാലു കുടിക്കുന്നതു നന്ന്. പക്ഷേ, പാല്, നെയ്യ് ഇതൊന്നും എൻെറ വീട്ടിൽ ആരും ഉപയോഗിക്കാറില്ല. നെയ്യ് ഞാൻ തിന്നുന്നുണ്ട്. പാല് ഞാൻ കുടിക്കുന്നുണ്ട്, എൻേറത് ഒരു സ്പെഷ്യൽ കേസാണവിടെ. നെയ്യുടെയും പാലിൻെറയും സംഗതി പറഞ്ഞപ്പോഴാണ് ഒരു സംഭവം ഓർമ വരുന്നത്.

ഒരു പത്തിരുപത്തഞ്ച്, മുപ്പതു കൊല്ലം മുമ്പു നടന്ന സംഭവമാണ്.

മക്കളായി ഞാനും അബ്ദുൽഖാദറും ഹനീഫായും പാത്തുമ്മായും മാത്രമേ അന്നുണ്ടായിരുന്നുള്ളു! ആനുമ്മായെ അന്നുമ്മാ പെറ്റിട്ടുണ്ടോ എന്നു സംശയം. അബു തീരെ ഇല്ലായിരുന്നു.

വീട്ടിൽ പശുക്കറവയുണ്ട്. പാലും തൈരും സുലഭം.

ബാപ്പായ്ക്കന്നു വഞ്ചിക്കച്ചവടമുണ്ടായിരുന്നു. തടിക്കച്ചവടത്തിനിടയ്ക്ക്. മലകളിൽനിന്നു തടി വെട്ടിച്ച്, അവിടെവച്ചുതന്നെ വഞ്ചിയാക്കി നദികളിലൂടെ പറ്റം പറ്റമായി കൊണ്ടുവന്ന് ഉള്ളാടന്മാരെക്കൊണ്ടു ചെത്തിച്ച് മൊത്തക്കണക്കിൽ വലിയ സംഖ്യയ്ക്കു കൊച്ചിയിൽ കൊണ്ടുപോയി വിൽക്കുകയായിരുന്നു പതിവ്.

അന്നു വീട്ടിൽ എപ്പോഴും നെയ്യുണ്ടായിരിക്കും മഞ്ഞരാശിപ്പിൽ വലിയ മണൽത്തരികൾപോലുള്ള നെയ്യ്. അതൊരു വലിയ പളുങ്കുഭരണി നിറയെ അങ്ങനെ ഇരിക്കയാണ്.

കുടയത്തൂർമലകളിൽ കുറുന്തോട്ടിതിന്ന് അങ്ങനെ വളർന്ന പശുവിൻെറ നെയ്യാണത്! ഇങ്ങനെ ബാപ്പ പറഞ്ഞതായി ഞാൻ ഓർക്കുന്നു. നെയ്യുഭരണിയുടെ അടുത്തുതന്നെ പളുങ്കുഭരണിയിൽ പഞ്ചസാരയുമുണ്ട്. രണ്ടും മൂലപ്പലകയിലാണ്.

ചോറിലും പലഹാരത്തിലുമൊക്കെ ചേർത്ത് നെയ്യ് അങ്ങനെ കഴിക്കാറുണ്ട്.

ആ കാലത്ത് ബാപ്പായുടെ കൈകൊണ്ട് ഞാൻ ധാരാളം തല്ലുകൊള്ളുമായിരുന്നു. അബ്ദുൽഖാദറിനു തല്ലു തീരെ ഇല്ല! എനിക്കു മാത്രം സുലഭമായി തല്ല്. ചിലപ്പോൾ കാരണം കാണും; ചിലപ്പോൾ കാരണം കാണുകില്ല. അച്ഛന്മാർ മക്കളെ തല്ലും. അമ്മമാരും തല്ലും. ഓ.........എൻെറ ഉമ്മായും എന്നെ തല്ലിയിട്ടുണ്ട്. കയിലിൻെറ കണവച്ച് അടിച്ചടിച്ചെന്നെ അടുക്കളയിൽനിന്ന് ഓടിച്ചിട്ടുണ്ട്. എന്തെങ്കിലുമൊക്കെ തിന്നണം. അടുക്കളയിൽ കയറി വല്ലതുമൊക്കെ കൈയിട്ടു വാരിത്തിന്നും. അങ്ങനെ അബ്ദുൽഖാദറും തിന്നിട്ടുണ്ട്. പക്ഷേ, ആരും വിശ്വസിക്കയില്ല. അവൻ കട്ടുതിന്നാലും അതു ഞാനാണ്. അടി എനിക്കുതന്നെ.

അന്നൊരു നാളിൽ, കാലത്തെ ചായയ്ക്കും ഉച്ചയ്ക്കൂണിനും ഇടയിലുള്ള ശുഭമുഹൂർത്തം. വിശപ്പു കുറേശ്ശെ തോന്നിത്തുടങ്ങുന്നുണ്ട്. ലഘുവായി എന്തെങ്കിലുമൊക്കെ തിന്നാൻ പറ്റിയ സമയമാണ്. അടുക്കള ഭാഗത്തേക്കു ഞാൻ ചെന്നു. അവിടെ ഉമ്മായുണ്ട്, വേലക്കാരിയുമുണ്ട്. വേലക്കാരിയുടെ പേര് നങ്ങേലി എന്നാണ്. ഈ നങ്ങേലിയും എന്നെ തല്ലും. തല്ലി ഇട്ടോടിച്ചിട്ടുണ്ട്.

ഞാൻ കൊച്ചെശമാനനാണ്. കൊച്ചെശമാനനെ വേലക്കാരി തല്ലരുത്! ഈ ന്യായം അവിടെ നടപ്പില്ല. ഉമ്മായോടു പറഞ്ഞാൽ: 'നന്നായിപ്പോയി! നീ കൈയിട്ടു വാരീട്ടല്ലേ?' എന്നു പറയുകയേയുള്ളു. പോരെങ്കിൽ ഈ നങ്ങേലിയുടെ മുല ഞാൻ കുടിച്ചിട്ടുമുണ്ടത്രേ! (അനേകം സുന്ദരികളായ മഹിളാരത്നങ്ങളുടെ മുല ഞാൻ കുടിച്ചിട്ടുണ്ട്. ഉമ്മായും മറ്റും പറഞ്ഞിട്ടുള്ള കാര്യമാണിത്. കണ്ട പെണ്ണുങ്ങളുടെ എല്ലാം മുല കുടിക്കുകയോ? ഈ ഞാനോ? ഛായ്!) അങ്ങനെ പിന്നെ ഞാൻ ആലോചിച്ചു, ഒരു പച്ചമാങ്ങാ കടിച്ചു തിന്നുകളയാം. പക്ഷേ, അതും കിട്ടാൻ വഴിയില്ല. നങ്ങേലി പറയും:

'കുറെനേരം അങ്ങനെ വിശന്നിരി. ഇപ്പ ഉണ്ണാം. അല്ലെങ്കി വേണോ വീക്ക്?'

ങ്ഹും! ഒന്നും മിണ്ടാതെ അങ്ങനെയൊക്കെ നടന്നു പുരയ്ക്കകത്തു കയറിയപ്പോൾ ഞാൻ പുതുതായ ഒരു കണ്ടുപിടിത്തം നടത്തി. നെയ്യും പഞ്ചസാരയും അടുത്തടുത്തിരിക്കുന്നു; രണ്ടും ഒരുമിച്ചു ചേർന്നാൽ ചില സാധ്യതകളൊക്കെയുണ്ട്. ങ്ഹും! പിന്നെ അധികം താമസിച്ചില്ല. ഞാനൊരു കുഴിയൻ പിഞ്ഞാണം എടുത്തു. ആരും കാണാതെ ബാപ്പാ കിടക്കുന്ന മുറിയിൽ എത്തി. നെയ്ഭരണി പതുക്കെ എടുത്തു ബാപ്പായുടെ കട്ടിലിൽ വെച്ചു. അടപ്പു പതുക്കെ ഊരി. എൻെറ പരിശുദ്ധമായ കൈകൊണ്ട് നെയ്യു വാരി പിഞ്ഞാണത്തിൻെറ പകുതിവരെ നിറച്ചു. എന്നിട്ട് നെയ്ഭരണി എടുത്തു മൂലപ്പലകയിൽ വച്ചു; പഞ്ചസാരയും അതുപോലെ

കുഴിയൻ പിഞ്ഞാണത്തിൽ ധാരാളം ഇട്ടു. ഭരണികൾ രണ്ടും മൂലപ്പലകയിലായി. ആരു നോക്കിയാലും ഒരു മാറ്റവും വന്നതായി തോന്നുകില്ല. ബാപ്പാ എടുക്കുന്നതുപോലെ തന്നെയാക്കി ഞാൻ വെച്ചിട്ടുണ്ട്. ബാപ്പാ സ്പൂൺകൊണ്ടെടുത്തിട്ടു പതുക്കെ ഭരണികൾക്കകം ഒന്നു നിരത്തിക്കളയും. അതുപോലെ ഞാൻ കൈയുംകൊണ്ടാക്കിയിട്ട് ബാപ്പായുടെ കട്ടിലിൽ ഇരുന്നു നെയ്യും പഞ്ചസാരയും കൂടി കുഴച്ചു കുറേശ്ശെ വായിലിട്ടു കരുമുരാ ചവച്ചുതിന്നു. തരിപ്പഞ്ചസാരയാണ്. നന്നായി അലിഞ്ഞിട്ടില്ല. എങ്കിലും സ്റ്റൈലനായി തിന്നുകൊണ്ടിരുന്നു. അപ്പോൾ പതുക്കെ, വളരെ പതുക്കെ, അടക്കിയുളള ഒരു ചോദ്യം! ഞാൻ ഞെട്ടിപ്പോയി. ചോദ്യകർത്താവ് അബ്ദുൽഖാദറാണ്. അവൻ അടുത്തുതന്നെ നിൽപ്പുണ്ട്. എങ്ങനെ എപ്പോൾ ആ മുറിയിൽ വന്നു? ഒരു നിശ്ചയവുമില്ല. അവൻ പതുക്കെ ചോദിച്ചു:

'ഇയ്ക്കാ എന്താ തിന്നണത്?'

ഞാൻ പതുക്കെ പറഞ്ഞു:

'ഒരു മര്ന്ന്.'

'ഞാൻ ഇയ്ക്കാട പൊറകേ ഒണ്ടാർന്ന്. എല്ലാം ഞാൻ കണ്ട്. ഇനിക്കുന്താ, അല്ലേ ഞാൻ പറേവേ!'

വളരെ രഹസ്യമെന്നവണ്ണം പതുക്കെ ഞാൻ ചോദിച്ചു:

'എടാ, നീ എൻെറ അന്ശനല്ലേ?'

'ന്നാ നിക്കുന്താ.'

ഞാൻ അവനും കൊടുത്തു. പാത്രം നക്കി ശുദ്ധമാക്കിയത് അവനാണ്.

'ഞ്ഞി ഞാനെടുക്ക്കേല.' ഞാൻ പറഞ്ഞു: 'നീം എടുക്കര്ത്.'

ഇങ്ങനെ സമ്മതിച്ചു ഞങ്ങൾ പുറത്തിറങ്ങി. പാത്രം ഇരുന്നിടത്തു കൊണ്ടുപോയി വെച്ചിട്ടു ലോകത്തിൽ ഒന്നും സംഭവിച്ചിട്ടില്ലാ എന്ന മട്ടിൽ ഞങ്ങൾ നടന്നു. ആ സംഭവം അതോടെ മറന്നു.

പിന്നീടു നെയ്യും പഞ്ചസാരയും ഞാൻ എടുത്തിട്ടില്ലാ എന്നുളളത് പരമ സത്യമാണ്. നെയ്യുടെ ഗുണമൊന്നും അറിഞ്ഞുകൂടായിരുന്നു. എന്നാൽ ഒന്നുമില്ലാഞ്ഞപ്പോൾ നെയ്യും പഞ്ചസാരയും തിന്നെന്നേയുളളു. തിന്നാൻ പല സാധനങ്ങളും വീട്ടിലുണ്ട്. ചക്ക പഴുത്തതുണ്ട്, മാമ്പഴമുണ്ട്. ഇറച്ചി പൊരിച്ചത് ഒരു ഭരണി ശിക്കാർ അലമാരിയിലുമുണ്ട്. ഞാൻ ഇതിനൊക്കെ ശ്രദ്ധ പതിപ്പിച്ചങ്ങനെ നടക്കുകയാണ്. ദിവസങ്ങളങ്ങനെ കഴിഞ്ഞു. ഞാൻ ദാ ചുമ്മാ അടി കൊണ്ടു തുടങ്ങിയിരിക്കുന്നു. അബ്ദുൽഖാദറിനു ദീനം കലശലും!

അടികൊളളാൻ കാരണം നെയ്യ് ആരോ അളിച്ചു വാരി കട്ടുതിന്നുന്നുണ്ട്! ഭരണിയുടെ പുറത്തും കട്ടിലിലും രേഖകളുണ്ട്. ഞാൻ തല്ലുകൾ കൊണ്ടു. അബ്ദുൽഖാദറിൻെറ ദീനമാണല്ലോ രസം. അവനങ്ങനെ തകിലുപോലെ വീർത്തുവരികയാണ്. എപ്പോഴും വെളളം കുടി. ഒന്നും തിന്നാൻ വയ്യ.

'പുളളയ്ക്കെന്തോ ദീനമാണ്.' ഉമ്മായും നങ്ങേലിയും പറഞ്ഞു. ബാപ്പാ കണിയാനെ വിളിക്കാൻ പോയി. കണിയാനാണ് അപ്പോഴത്തെ വലിയ വൈദ്യൻ. ആയുർവേദമാണു സംഭവം. നോക്കണമല്ലോ?

അപ്പോൾ ഉമ്മാ അബ്ദുൽഖാദറിനെ താങ്ങി മടിയിൽ എടുത്തുവച്ചു സങ്കടത്തോടെ തടവുകയാണ്:

'റബ്ബേ! എൻെറ പൊന്നിനെന്തു പറ്റി?'

നങ്ങേലി പറഞ്ഞു:

'ശ്ശൊ, എൻെറ പൊന്നുങ്കൊടത്തിന് ഒന്നും വരല്ലേ!'

അബ്ദുൽഖാദർ യാതൊരു ക്ഷോഭവും കൂടാതെ ദീനമായി, തടിയനായി, പ്രമാണിയായി അങ്ങനെ ഇരിക്കയാണ്.

ഞാൻ അവൻെറ മുഖത്തു നോക്കി. എടാ കളളാ, നീ ആ നെയ്യെല്ലാം കട്ടുതിന്നു തടിയനായി അങ്ങനെ ഇരിക്കയാണല്ലേ? എന്നൊരു ഭാവവും വരുത്തി.

അവനു യാതൊരു കൂസലുമില്ല. കണിയാൻ വന്നു. അതു കഴിഞ്ഞു വേറൊരു വൈദ്യനായ വേലൻ വന്നു. അതു കഴിഞ്ഞു മുസ്ലിയാരു വന്നു.

ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. നെയ്യു കുറഞ്ഞു വന്നു. മുറപോലെ തല്ലു ഞാൻ വാങ്ങിവന്നു. അബ്ദുൽഖാദർ തകിലനായിത്തന്നെ വന്നു. അവൻ മരുന്നൊന്നും കുടിക്കുകയില്ല. ആരും കാണാതെ അവൻ കളയും! വല്ലപ്പോഴും കുറേശ്ശെ ചോറുണ്ണും. അവൻ ദീനക്കാരനായതുകൊണ്ട് എല്ലാവരും അവനെ ലാളിക്കുന്നുമുണ്ട്. അവനു യാതൊരു ക്ഷീണവുമില്ല. അങ്ങനെ നടക്കും. കൊളളാമല്ലോടാ!

ദിവസവും അവൻ നെയ്യും പഞ്ചസാരയും തിന്നുന്നുണ്ടെന്നെനിക്കറിയാം. പക്ഷേ, ആരോടു പറയും? പറഞ്ഞാൽ ആരും വിശ്വസിക്കയില്ല.

ഒരു ദിവസം ഞാൻ അവനു കുറെ ഇറച്ചി പൊരിച്ചതു കൊടുത്തു. ഞാനത് ആരും കാണാതെ അലമാരിയിൽനിന്നു കട്ടെടുത്തതാണ്. അവൻ ഇറച്ചി വാങ്ങിച്ചുതിന്നു. ഞാൻ പറഞ്ഞു:

'എടാ, നീ എൻെറ അന്ശനാണ് നേരു പറ. നീ ഈ തകിലനായി, തടിമാടനായി വന്നതെന്താണെന്നോ, നെയീം പംസാരേം തിന്നിട്ടാ.'

'ചുമ്മാ പോ ഇയ്ക്കാക്ക. ഇനിക്ക് ദീനമാണെന്നു

പറഞ്ഞില്ലേ?'

ഇവൻെറ കളവു പൊതുജനസമക്ഷം എങ്ങനെ കൊണ്ടുവരും? പറഞ്ഞാൽ ആരു വിശ്വസിക്കും? എങ്കിലും ഞാൻ ഉമ്മായോടു പറഞ്ഞു. നങ്ങേലിയോടും പറഞ്ഞു, നെയ്യും പഞ്ചസാരയും തിന്നുതീർക്കുന്ന പെരുങ്കള്ളൻ അബ്ദുൽഖാദറാണ്.

പറഞ്ഞതുപോലെ തന്നെ. ആരും വിശ്വസിച്ചില്ല. എൻെറ ഹൃദയത്തിൻെറ ശുദ്ധികൊണ്ടുതന്നെ ഒരു സംഭവമുണ്ടായി. ഒരു വെള്ളിയാഴ്ചയാണ്. ബാപ്പാ ജുമഅ നിസ്ക്കരിക്കാൻ പള്ളിയിൽ പോയിരിക്കുന്നു. ഉമ്മാ കുറെ പെണ്ണുങ്ങളുമായി അടുത്ത വീട്ടിലിരുന്നു പേൻനോട്ടത്തിനിടയിൽ നാട്ടുവർത്തമാനങ്ങൾ പറയുകയാണ്. കൂട്ടത്തിൽ അബ്ദുൽഖാദറിൻെറ വിശുദ്ധ ദീനത്തെപ്പറ്റിയും പറഞ്ഞു. അതെല്ലാം കേട്ടു ഞാൻ വീട്ടിൽ വന്നു. നങ്ങേലി ഉറങ്ങുകയാണ്. അടുക്കളയിൽ കടന്നു ഞാൻ ചില്ലറ ചില പരിശോധനകൾ നടത്തി. ചിലതു കൈയിട്ടുവാരി തിന്നു. എന്നിട്ടു പുരയ്ക്കകത്തുകൂടി വരാന്തയിലേക്കു പതുക്കെ വരികയാണ്. ബാപ്പാ കിടക്കുന്ന മുറിയിൽ എന്തോ ഒരനക്കം. ഒരു കരുമുരാ ശബ്ദം!.........ഞാൻ പതുക്കെ നോക്കി. ബാപ്പായുടെ കട്ടിലിൻെറ അടിയിലൂടെ രണ്ടു കാലുകൾ കണ്ടു. ഒന്നു ശോഷിച്ച കാലാണ്!

അബ്ദുൽഖാദർ നെയ്യും പഞ്ചസാരയും തിന്നുന്നു!

ഞാൻ പതുക്കെ, വളരെ പതുക്കെ, വെളിയിൽ ഇറങ്ങി ഓടി ഉമ്മായുടെ അടുത്തു ചെന്നു.

'അബ്ദുൽഖാദറിൻെറ ദീനം കാണണോ, ഓടി വാ!'

എല്ലാവരേയും ഞാൻ കൊണ്ടുവന്നു പതുക്കെ വാതില്ക്കൽ നിർത്തി. ഞാൻ അകത്തു കടന്നു രണ്ടു വാതിലുകൾ ക്ഷണത്തിൽ തുറന്നു മലർത്തി.

അബ്ദുൽഖാദർ കുഴിയൻ പിഞ്ഞാണത്തിൽ നെയ്യും പഞ്ചസാരയും തിന്നുകൊണ്ട് കട്ടിലിൻെറ അടിയിൽ പതുങ്ങി ഇരിക്കുകയാണ്!

അവനെ തൊണ്ടിയോടെ ഞാൻ പിടിച്ചു വെളിയിൽ കൊണ്ടുവന്നു. ഉമ്മാ അച്ചാലും മുച്ചാലും അവനെ അടിച്ചു. ബഹളം കേട്ടു നങ്ങേലി ഉണർന്നു. സംഗതി അറിഞ്ഞു. നങ്ങേലിയും അവനെ വീക്കി.

ആ മനോഹരകാഴ്ച കണ്ടു ഞാൻ നിന്നു.

ബാപ്പാ വന്നപ്പോൾ ബാപ്പായും അവനെ അടിച്ചു.

ഇതെല്ലാം കഴിഞ്ഞപ്പോൾ അവൻ ഒറ്റയ്ക്ക് എന്നോടു ചോദിച്ചു:

'ഞാൻ ഇയ്ക്കാട കൊച്ചന്ശനല്ലേ. എന്തിനാ എന്ന കാണിച്ചുകൊടുത്തത്?'

ഞാൻ പറഞ്ഞു:

'പെരുങ്കള്ളാ!' നെനക്കുവേണ്ടി എത്ര അടി ഞാങ്കൊണ്ട്! അപ്പ നീ ഓർത്തോ ഇയ്ക്കാ ആണെന്ന് — പെരുങ്കള്ളാ'

ഇതെല്ലാം ഓർത്ത് ഞാൻ തന്നത്താൻ ചിരിച്ചുകൊണ്ടിരുന്നു. അപ്പോൾ വൃദ്ധമാതാവു വന്നു. മൂപ്പത്തി ചോദിച്ചു:

'നീ എന്താ ഇരുന്നു ചിരിക്കണത്?'

ഞാൻ പറഞ്ഞു:

'പഴയ ഒരു സംഗതി ഓർത്തു ചിരിച്ചുപോയതാ. അബ്ദുൽഖാദർ പണ്ടു നെയ്യും പഞ്ചസാരയും കട്ടുതിന്നു തകിലനായിരുന്ന— '

'ആ — നീ അതു മറന്നില്ലേ?'

'ഇല്ല.'

'നിൻേറ കാശൊണ്ടേ ഒരഞ്ചു രൂപാ താ. പാത്തുമ്മായുടെ ആട് കഞ്ഞിക്കലം പൊട്ടിച്ച്!'

'വല്യ ഇയ്ക്കാക്കാ, അത് ആനുമ്മാട ആടാരിക്കും.'

ആനുമ്മാ വന്നു പറഞ്ഞു:

'എൻെറ ആടല്ല. ഇത്താത്താട ആട് തന്നെയാണ്.'

പാത്തുമ്മാ പറഞ്ഞു:

'മതിയെടി, മതിയെടി, വല്യ ഇയ്ക്കാക്കാ ഇരിക്കണതു കണ്ടില്ലേ? നീ ഒന്ന് അടങ്ങിയൊതുങ്ങി ജീവീര്. എൻെറ ആടാണെന്ന് നീ എങ്ങനെ അറിഞ്ഞ്; അതൊന്നു പറഞ്ഞേ!'

ആനുമ്മാ പറഞ്ഞു:

'ഞാൻ വലിയ ഇയ്ക്കാക്കാ അറിയാൻ പറയുകയാണ്. ഇത്താത്താട ആട് വന്നാൽ ഉടനെ എൻെറ ആടിനെ ഞാൻ അകത്തു കൊണ്ടുപോയി പിടിച്ചു കെട്ടും. ഇത്താത്താട ആട് എൻെറ ആടിൻെറ പുല്ലു കട്ടുതിന്നും. ഞങ്ങളുടെ കപ്പപ്പുട്ടു കട്ടുതിന്നും ഞങ്ങളുടെ കടുഞ്ചായ അതു കട്ടുകുടിക്കും. പിള്ളേർക്കൊന്നും തിന്നാൻ കിട്ടികില്ല. എല്ലാം ഇത്താത്താട ആട് തിന്നും!'

പാത്തുമ്മാ അപമാനിതയായി വീറോടെ പറഞ്ഞു:

'മതിയെടി, മതിയെടി, നിൻെറ കക്കാത്ത ഒരാട്! നിനക്കെവിടന്നാ ആട്?'

ആനുമ്മാ പറഞ്ഞു:

'അതിത്താത്താ തന്നതാണ്!'

'എടീ,' പാത്തുമ്മാ പറഞ്ഞു: 'ഈ ദുനിയാവില് എത്തറ ഇത്താത്താമാര് അന്ശത്തിമാരിക്കാടു കൊടുക്കണൊണ്ട്? അതൊന്നു നീ പറ!'

ആനുമ്മാ പറഞ്ഞു:

'ഓ, എത്രയോ അനിയത്തിമാർക്കു ചേട്ടത്തിമാര് ആന കൊടുക്കുന്നു! പിന്നെയല്ലേ വിരപോലുളള ഒരാട്!'

പാത്തുമ്മായ്ക്ക് ഹാലിളകി. പാത്തുമ്മാ പറഞ്ഞു:

'വല്യ ഇയ്ക്കാക്കാ ഒളളത് നിൻെറ നല്ലകാലം! അല്ലേ നിന്നെ ഞാൻ വെച്ചേക്കുവോ? എടീ, പട ച്ചോനു നെരക്കാത്തതൊന്നും പറയരുത്. ഇനിക്കു രണ്ടാടൊണ്ടാർന്ന്, അതിലൊന്നിന എൻെറ പൊന്ന നുശത്തിയായ നിനക്ക് തന്ന്. നീ അതൊന്നോർത്തേ!'

പാത്തുമ്മാ എൻെറ അടുത്തു വന്ന് പതുക്കെ ചോദിച്ചു:

'ഖദീജാടെ കമ്മലിൻെറ കാര്യം മറന്നോ?'

ഞാനും പതുക്കെ പറഞ്ഞു:

'ഇല്ല'

പാത്തുമ്മാ പതുക്കെ ഉപദേശിച്ചു:

'ആരും അറിയണ്ട.'

ഉടനെ ആനുമ്മാ എൻെറ അടുത്തുവന്നു ചോദിച്ചു: 'ഇത്താത്താ രഹസ്യം പറഞ്ഞതെന്താ, വല്യ ഇയ്ക്കാക്കാ?'

പാത്തുമ്മാ ഓടിവന്നു പറഞ്ഞു:

'ഒന്നും പറഞ്ഞില്ലെടീ!'

'ഇല്ല!' ആനുമ്മാ പറഞ്ഞു, 'എനിക്കു മനസ്സി ലായി. ഞങ്ങളാരും അറിയാതെ ഇത്താത്തായ്ക്ക് എന്തോ കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. വല്യ ഇയ്ക്കാക്കാ എന്താ കൊടുക്കാമെന്നു സമ്മതിച്ചത്?'

അപ്പോൾ അപ്പുറത്തുനിന്നു രണ്ടശരീരികൾ ഒരു മിച്ചുണ്ടായി. അബ്ദുൽഖാദറിൻെറ കെട്ടിയോൾ ആനുമ്മായുടേതും, ഹനീഫായുടെ കെട്ടിയോൾ ഐശോമ്മായുടേതുമാണ്.

'വല്ല പൊന്നോ പണ്ടോ ആണെങ്കി ഞങ്ങട പുളേളരിക്കും വേണം!'

'ഈ ഭൂതോദയം അവർക്കെങ്ങനെ ഉണ്ടായി എന്നെനിക്കറിഞ്ഞുകൂടാ. സ്ത്രീജനങ്ങൾക്ക് ഇങ്ങ നൊക്കെ ഉണ്ടാകുമായിരിക്കാം!

എന്നാൽ, അതു കേട്ട ഉടനെ പാത്തുമ്മായ്ക്കു വീണ്ടും ഹാലിളകി. പാത്തുമ്മാ പറഞ്ഞു:

'എടീ ഖദീജാ, ഞമ്മട ആടിന വീളി, ഞമ്മക്ക് പോകാ. ഇങ്ങനത്ത മൂശേട്ടകളാ ഇവിട! ഞമ്മക്കിഞ്ഞി ഈ വീട്ടി കാലെടുത്തു കുത്തണ്ട!'

ആനുമ്മായ്ക്കു മനസ്സിലായി. അവൾക്കു സന്തോഷമായി. അവൾ പറഞ്ഞു:

'റബ്ബേ! അതുതന്നെ! പൊന്നുതന്നെ! എന്താണ് വല്യ ഇയ്ക്കാക്കാ കൊടുക്കാമെന്നു പറഞ്ഞത്?'

ഞാൻ പറഞ്ഞു, എന്നു പറഞ്ഞാൽ ഞാൻ പ്രഖ്യാപിച്ചു:

'എല്ലാവരും അറിഞ്ഞോ! ഖദീജായ്ക്കു രണ്ടു കമ്മലാണ്. ഞാനതു പണിയിച്ചു കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. കൊടുക്കാൻ തന്നെ വിചാരിക്കു ന്നുണ്ട്. എന്താ വല്ലവർക്കും എതിരുണ്ടോ?'

ആനുമ്മാ പറഞ്ഞു:

'വല്യ ഇയ്ക്കാക്കാ, എനിക്കും വേണം രണ്ടു കമ്മല്!'

'മതിയെടീ നിൻെറ കുശ്മ്പ്, മതി. നീ നിൻെറ പുത്തൻ പെരേല് മാറിത്താമസിക്കുമ്പ അവിട വേണ്ട പാത്തറങ്ങളെല്ലാം വല്യയ്ക്കാക്കാ മേടിച്ചു തരണോന്ന് നീ പറഞ്ഞിട്ടില്ലേ? അതൊക്കെ മേടി ച്ചുതരാന്ന് വല്യയ്ക്കാക്കാ സമ്മതിച്ചിട്ടില്ലേ? ഞാനി തൊക്കെ അറിഞ്ഞിട്ടൊണ്ടെടീ! കേട്ടോടീ അന്ശത്തീ!'

ഈ രഹസ്യം പാത്തുമ്മാ എങ്ങനെ അറിഞ്ഞു? പെണ്ണുങ്ങളുടെ കാര്യമല്ലേ. സ്ത്രീജനങ്ങളുടെ ഉളളു കളളികൾ മണ്ടകെണേശൻമാരായ പുരുഷ വൃന്ദ ങ്ങൾക്കെന്തറിയാം? ഡുങ്കു! ഡുങ്കു!

---

* കേരളത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഭാഷാ ഭേദമനുസരിച്ച് കപ്പക്കിഴങ്ങ്, കൊളളിക്കിഴങ്ങ്, മരച്ചീനിക്കിഴങ്ങ്, എന്നിങ്ങനെ അറിയപ്പെടുന്നു. (Cassava) കസാവ എന്നാണ് ഇംഗ്ലീഷ് നാമം. ശാസ്ത്രനാമം Manihot Utlissima എന്നാണ്.

# നാല്

ഒരു ബഹളം കേട്ടു ഞാൻ അടുക്കളവശത്തേക്കു ചെന്നപ്പോൾ എൻെറ ഉമ്മായുടെ അധ്യക്ഷതയിൽ സർവമാന പെണ്ണുങ്ങളും അമ്പരന്നു നിൽക്കുകയാണ്. നടുവിൽ പാത്തുമ്മായുടെ ആട്. അതിനു തലയില്ല! എന്നു പറഞ്ഞാൽ അത് ആർത്തിയോടെ ഒരു കലത്തിൽ എങ്ങനെയോ തലയിട്ടു. പിന്നെ അത് എടുക്കാൻ വയ്യാതെ കലവുമായി നിൽക്കുകയാണ്. നിൽക്കുകയാണെന്നു പറഞ്ഞാൽ, പെണ്ണുങ്ങളെല്ലാവരുംകൂടി അതിനെ പിടിച്ചിരിക്കുന്നു. കലം എങ്ങനെ എടുക്കും? അതാണ് പ്രധാന ചിന്താവിഷയം.

പാത്തുമ്മായുടെ ആടു കാണിച്ച ആ കൊളളരുതായ്മ ഞാൻ കണ്ടല്ലോ! പാത്തുമ്മായ്ക്കു ലേശം മാനക്ഷയം വന്ന മാതിരി. 'ഇത് ഇങ്ങനേന്നും ചെയ്യണതല്ല ഇയ്ക്കാക്കാ' എന്നു പറഞ്ഞു. കൂട്ടുകെട്ടിലുളള ദോഷമാവാം!

ഞാൻ ചെറിയ ഒരു കല്ലുകൊണ്ടു കലം പൊട്ടിച്ച് ആടിനെ മോചിപ്പിച്ചു.

'ഇത് ഞങ്ങൾക്കറിയാവാർന്ന്. അമ്പടാ!' ഉമ്മാ പറഞ്ഞു:

'ഒരു പുസ്തി! നല്ല ഒരു കലാ നീ പൊട്ടിച്ചത്!'

ഞാൻ അപമാനിതനായി വരാന്തയിൽ വന്നിരുന്നു. അപ്പോൾ അബ്ദുൽഖാദറിൻെറ മൂത്ത മകൾ പാത്തുക്കുട്ടി ഓടിവന്ന് 'പൂത്തപ്പാ' എന്ന് എന്നെ വിളിച്ചു. അവളുടെ വായുടെ മേൽക്കൂരയിൽ കുറെ പല്ലുകളില്ല. അവൾ പറഞ്ഞു:

'അബി എന്നെ തല്ലി!'

അബി ഓടിവന്നു. അവൻ പറഞ്ഞു:

'ത്താത്ത, ബീനേന്തല്ലി.'

മേലിൽ വഴക്കിടരുതെന്നുളള ഒരു താക്കീതോടെ അയച്ചു. അപ്പോഴുണ്ട് സൈദുമുഹമ്മദ് ഒരു കേസുമായി വരുന്നു.

'മാമാ,' അവൻ വിളിച്ചു. 'ലൈലാ എന്ന ഉളളാടത്തിപ്പാറൂന്ന് വിളിച്ച്!'

ഭയങ്കരം! ഒരു ആണിനെക്കയറി ഒരു പെണ്ണ് ഒണ്ടും ഉളളാടത്തിപ്പാറു എന്നു വിളിക്കുക!

'ലൈലാ!' ഞാൻ വിളിച്ചു. ലൈലാ വന്നു: കണ്ണു തിരുമ്മിക്കൊണ്ടാണ്. വന്ന ഉടനെ പറഞ്ഞു:

'വല്യ മൂത്തപ്പാനെക്കൊണ്ട് പോക്കേല!'

'വേണ്ട! വടി കൊണ്ടുവാടാ.'

സൈദുമുഹമ്മദ് ഇരുമ്പൻപുളിയുടെ തണ്ടുകൾ കൊണ്ടുവന്നു. അതു കാണിച്ചു ലൈലായെ പേടിപ്പിച്ചിട്ടു മേലിൽ ആരെയും ഉളളാടത്തിപ്പാറൂ എന്നു വിളിക്കരുതെന്നുളള താക്കീതോടെ അയച്ചു. കുറെ കോഴികൾ ഭയങ്കരമായി കരഞ്ഞുകൊണ്ട് ഓടിപ്പറന്ന് ചാരുകസേരയിൽക്കിടന്ന എൻെറ ദേഹത്തു വന്നുവീണു. പിറകെ ഓടിക്കൊണ്ടുതന്നെ പാത്തുമ്മായുടെ ആടും! വേറെ വിശേഷമൊന്നുമില്ല. പാത്തുമ്മായുടെ ആട് ഒരു കുഞ്ഞിക്കലംകൂടി പൊട്ടിച്ചിരിക്കുന്നു! രണ്ട് ആനുമ്മാമാരുടെയും ഒരു ഐശോമ്മയുടെയും ഒച്ച. ഉമ്മായുടെ ശകാരം. കുട്ടികളുടെ ചിരി. പാത്തുമ്മായുടെ സങ്കടം പറച്ചിൽ. ഞാനൊന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ പ്ലാവിൻെറ ചുവട്ടിൽ നിൽക്കുന്നു പാത്തുമ്മായുടെ ആട്.

നാലുമണിയായപ്പോൾ ഞാൻ ഒന്നു നടക്കാനിറങ്ങി. അങ്ങനെ ചന്തയിൽ ചെന്നു.

അപ്പോൾ ഒരു അദ്ഭുതസംഭവം കണ്ടു. ഒരു ചെറിയ കുട്ട നിറയെ ചാമ്പങ്ങയുമായി അബിയും പാത്തുക്കുട്ടിയും പുരുഷാരത്തിനിടയിൽ ഇരിക്കുന്നു; അനേകായിരം ആനകളുടെ ഇടയിൽ രണ്ടെലിക്കുഞ്ഞുങ്ങളെപ്പോലെ. രണ്ടുപേരും വിൽക്കുകയാണ്. വിൽപ്പനക്കാരൻ അബി തന്നെ.

'മ്പീട ഒര്കൈച്ച് കാലണ. മ്പീട രണ്ട് കൈച്ചും ഒന്നിനുംകൊട രണ്ടു കാലണ!'

അതായത് അഞ്ചെണ്ണത്തിന് കാലണ. അരയണയ്ക്ക് പതിനൊന്ന്. അബിയുടെ കൈയിൽ അഞ്ചു വിരലാണല്ലോ ഉളളത്. ഈ കച്ചവടരീതി ഞാൻ നോക്കിനിന്നു. അവർ ആറണയ്ക്കു വിറ്റു. ആറണയും ഞാൻ കൈയിൽ വാങ്ങി.

അന്നു രാത്രി ഉമ്മായുടെ കൈയിൽ ഞാൻ എട്ടണ കൊടുത്തു. ഉമ്മായ്ക്കു സന്തോഷമായി. ഊണു കഴിഞ്ഞ് കിടക്കുന്നതിനു മുമ്പ് ഞാൻ പിളളരെ വളർത്തേണ്ട രീതിയെപ്പറ്റി അവിടെയുളള പിതാക്കന്മാരോടു സംസാരിച്ചു. തളളമാർക്ക് ശരിക്കു ചോറു കൊടുക്കേണ്ട കാര്യത്തെപ്പറ്റി സംസാരിച്ചു. കുഞ്ഞുങ്ങളെ ശുചിയോടെ വളർത്തേണ്ട രീതിയെപ്പറ്റി സംസാരിച്ചു. വീടും പരിസരവും വൃത്തിയാക്കി വെക്കേണ്ട ആവശ്യകതയെപ്പറ്റി സംസാരിച്ചു. എല്ലാറ്റിനും ഉത്തരമായി ഹനീഫാ പറഞ്ഞു:

'ഞാൻ പട്ടാളത്തിപ്പോയ്ക്കോളാം.'

അബു പറഞ്ഞു:

'വല്യ ഇയ്ക്കാക്കാ ഒന്നു നോക്കിയാൽ മതി, കുറച്ചു കാശു ചെലവാക്കണം. നമുക്ക് ഇനി പുരയുടെ മേൽക്കൂട് മാറിപ്പണിയിച്ച് ഓടിടീക്കണം. വല്യ ഇയ്ക്കാക്കാ വന്നതുകൊണ്ട് മുറ്റം ശരിയായി!'

കാശുമുടക്കി നന്നാക്കിച്ചതു ഞാനാണ്! കല്ലിറക്കി കെട്ടിച്ചു.

'അതെല്ലാം കളയൂ,' അബ്ദുൽഖാദർ പറഞ്ഞു: 'എല്ലാം ഇവിടെ കുശാലാകും. പാത്തുമ്മായുടെ ആടൊന്നു പെറ്റോട്ടെ!'

ദിവസങ്ങൾ കുറെ കഴിഞ്ഞു.

ഡും! പാത്തുമ്മായുടെ ആടു പെറ്റു!

ഉച്ചയ്ക്കാണെന്നു തോന്നുന്നു ശുഭമുഹൂർത്തം. കുറേശ്ശെ ചാറ്റൽ മഴയുണ്ട്. വൃത്താന്തം കേട്ട ഉടനെ എനിക്കു പരിഭ്രമമായി. പലേ അപകടവും വരാമല്ലോ. പ്രസവത്തിൽ മരിച്ച പലേ സംഭവങ്ങളും ഓർമയിൽ വന്നു. എനിക്കു വല്ലാത്ത വിഷമമായി. ഉമ്മായെ ഒരു നൂറു കുറി വിളിച്ചു.

'അതിൻെറ അടുത്തുതന്നെ ഉമ്മാ നിൽക്കണേ!' എന്നു ഞാൻ അപേക്ഷിച്ചു. ഉമ്മാ ഒന്നും പറഞ്ഞില്ല. എനിക്കു പരിഭ്രമം അധികമായി. എന്താണു സംഭവിക്കാൻ പോകുന്നത്? അവിടെ ചെന്നൊന്നു നോക്കിയാലോ? പക്ഷേ, അതിനുള്ള ചങ്കുറപ്പുണ്ടായില്ല. എങ്കിലും ഞാൻ ഒന്ന് എത്തിനോക്കി. ആടിനെ മാത്രം കണ്ടില്ല. ഒരു ജനക്കൂട്ടത്തെയാണു കണ്ടത്. ഉമ്മാ, രണ്ട് ആനുമ്മമാര്, ഐശോമ്മാ, പാത്തുക്കുട്ടി, അബി, ആരിഫാ, സൈദുമുഹമ്മദ്, റഷീദ്, സുബൈദ. ഇവരെക്കൂടാതെ അയൽപക്കത്തെ പെണ്ണുങ്ങളും. വലിയ ആഘോഷം മാതിരിയാണ്. എല്ലാവർക്കും സന്തോഷം തന്നെ.

ആർക്കും ഒരുത്കണ്ഠ തോന്നാത്തതെന്ത്? ഞാൻ ഉമ്മായെ വിളിച്ചു ചോദിച്ചു:

'പാത്തുമ്മായ്ക്ക് ആളയച്ചോ?'

പാത്തുമ്മായാണല്ലോ അവിടെ ഉണ്ടാവേണ്ട പ്രധാനപ്പെട്ട ആൾ. പക്ഷേ, പാത്തുമ്മായ്ക്ക് ആളയച്ചിട്ടില്ല! ഉമ്മായ്ക്കും മറ്റു പെണ്ണുങ്ങൾക്കും ഒരു 'ശു' എന്ന മട്ട്. അപ്പോഴാണു തോന്നിയത് അവർക്കാർക്കും ഇതൊന്നും വലിയ കാര്യമല്ല. അവരൊക്കെ ആളാം വീതം പെറ്റവരാണ്. ഉമ്മായാണെങ്കിൽ കുറെ പെറ്റു. ഉമ്മായുടെ മക്കളായ പാത്തുമ്മായും ആനുമ്മായും പെറ്റവരാണ്; ഉമ്മായുടെ മക്കളുടെ ഭാര്യമാരായ ആനുമ്മായും ഐശോമ്മായും പെറ്റവരുതന്നെ. ഈ പ്രസവമെന്നൊക്കെ കേട്ടാൽ അവർക്കൊരു വാർത്തയേയല്ല! എവിടെയെങ്കിലും പെറ്റെന്നു കേട്ടാൽ 'കൊച്ചാണോ പെണ്ണോ?' എന്നൊരൊഴുക്കൻ ചോദ്യമേ അവരിൽനിന്നു പുറപ്പെടൂ!

പക്ഷേ, ഇതൊന്നും പരിചയമില്ലാത്ത ഞാൻ ശകലം അന്ധാളിക്കത്തന്നെ ചെയ്തു.

പടിഞ്ഞാപ്പുറത്തു കസേരയിൽ ഞാൻ തനിച്ചാണ്. ഒരു വിവരവും അറിയുന്നില്ല. അപ്പുറത്തെന്താണു സംഭവിക്കുന്നത്? ഞാൻ കുറെ അധികം ബീഡി വലിച്ചു തീർത്തു. കുറെയേറെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അങ്ങനെ നടക്കുമ്പോൾ അബിയും പാത്തുക്കുട്ടിയുംകൂടി ഇപ്പുറത്തേക്കു വന്നു. അബി വീരവാദം പറയുകയാണ്:

'മ്പിയാ മുന്നം കണ്ടത്!'

പാത്തുക്കുട്ടി പറഞ്ഞു:

'അബി അല്ല! ഞാനാ കണ്ടത്!'

അപ്പോഴത്തേക്കു ലൈലായും സൈദുമുഹമ്മദും വന്നു. സൈദുമുഹമ്മദ് പറഞ്ഞു:

'ഞാനാ മുന്നം കണ്ടത്!'

ലൈലാ പറഞ്ഞു:

'ഇയ്ക്കാക്കാന കൊണ്ടുപോക്കേല! ഞാനാ മുന്നം കണ്ടത്!'

ഈ കുരുന്നു കുറുമൂങ്ങകൾ എന്താണ് മുന്നം കണ്ടത്?'

ഞാൻ അബിയോടു ചോദിച്ചു:

'എന്ത്ടാ! നീ മുന്നം കണ്ടത്?

അബി അഭിമാനത്തോടെ പറഞ്ഞു:

'അയിന മുയുമനും പെറണത്.......മ്പിയാ മുന്നം കണ്ടത്!'

'ആടു പെറ്റോ?' ഞാൻ ചോദിച്ചു. പാത്തുക്കുട്ടി പറഞ്ഞു:

'പെറ്റ്.......മുയുമനും പെറണത് വൂത്തപ്പാ ഞാനാ മുന്നം കണ്ടത്! '

ഹാവൂ, അതു പെറ്റു! യാതൊരു കുഴപ്പവുമുണ്ടായില്ല. എനിക്കാശ്വാസമായി. ഞാൻ ചെന്നു നോക്കി. ഇളംതിണ്ണയിൽ തള്ളയും കുട്ടിയും. വെളുത്ത ശൊങ്കനാണ് കുട്ടി. അതീ മഹാപ്രപഞ്ചത്തെ യാതൊരു കൂസലുംകൂടാതെ നോക്കിക്കൊണ്ടു കിടക്കുകയാണ്.

തള്ളയെ ചൂടുവെള്ളത്തിൽ കുളിപ്പിക്കാനോ അതിനു പാലു കൊടുക്കാനോ ഒക്കെ പറയാൻ തോന്നി. പക്ഷേ, പാലെവിടുന്ന്? ചൂടുവെള്ളമുണ്ട്. ഞാൻ വല്ലതും പറഞ്ഞാൽ പെണ്ണുങ്ങൾക്കു തമാശയായിത്തോന്നും. എങ്കിലും ഞാൻ ഉമ്മായോടു ചോദിച്ചു:

'അതിനു വല്ലതും കൊടുത്തോ?'

ഒന്നും കൊടുത്തിട്ടില്ല! കുറെക്കഴിഞ്ഞ് തേരകത്തിൻെറയോ, എന്തോ ഏതോ വിശേഷ ഇല കൊടുക്കും. അതാണത്രേ പതിവ്.

ഞാൻ പറഞ്ഞു:

'ആ കുട്ടിയെ ഒരു പായിൽ കിടത്ത്. തണുത്ത വെറും തിണ്ണയിലല്ലേ അതു കിടക്കുന്നത്?'

പായയിൽ അവർ കിടത്തിയോ എന്തോ. ഞാൻ ഓടിച്ചെന്ന് ഒരു വലിയ നേന്ത്രപ്പഴം കൊണ്ടുവന്നു തള്ളയാടിനു കൊടുത്തു. അതു കൃതജ്ഞതയോടെ തിന്നു.

'ഇതെന്താ?' എന്നുള്ള മട്ടിൽ പെണ്ണുങ്ങളൊക്കെ നോക്കുന്നുണ്ടായിരുന്നു. ഉമ്മാ മാത്രം ഇരുന്നു മന്ദഹസിച്ചു.

സന്ധ്യ കഴിഞ്ഞു പാത്തുമ്മായും ഖദീജായും കൊച്ചുണ്ണിയും വന്നു. ആടു പെറ്റ വാർത്ത അറിഞ്ഞിട്ട് അവരൊന്നും പറഞ്ഞുമില്ല.

കിടക്കാൻ സമയത്തു ഞാൻ ചോദിച്ചു:

ആട്ടിൻകുട്ടിയെ എവിടെ ഇട്ടിരിക്കുന്നു?'

'അടുക്കളയിൽ.' ആരോ പറഞ്ഞു.

ഞാൻ ചോദിച്ചു:

'കുട്ടയിട്ടു മൂടീട്ടൊണ്ടേ.'

കുട്ടയിട്ടു മൂടീട്ടൊണ്ടത്രേ!

'ആനുമ്മാ, അതിനു ശ്വാസംമുട്ടുകില്ലേ? നിങ്ങളുടെ ആരുടെയെങ്കിലും കൊച്ചിനെ ഇങ്ങനെ കുട്ടയിൽ മൂടിയിടുമോ?' എന്നു ഞാൻ ചോദിച്ചു പോയി.

'പിന്നെ അതിനെ എന്താ വേണ്ടത്?' ഇങ്ങനെ മറുപടി ഉണ്ടായി. ആരാണെന്നറിഞ്ഞില്ല. ഞാൻ മിണ്ടാതെ കിടന്നു. ഈ പേറുകാരികളുടെ ഇടയിൽവെച്ച് ഞാൻ എന്തെങ്കിലും പറയുന്നത് ഒരു വകയാണ്. ഞാൻ ഇല്ലാത്തപ്പോൾ അവരതു പറഞ്ഞു കൂട്ടച്ചിരി ചിരിക്കും. ഒന്നാമത് ഞാൻ വിവാഹം ചെയ്തിട്ടില്ല. അപ്പോൾ അറിവില്ലാത്ത വിഷയത്തെപ്പറ്റി സംസാരിക്കാതിരിക്കുന്നതാണുത്തമം. ഞാൻ പുതപ്പിട്ടു മൂടി കൂമ്മാതെ കണ്ണുമടച്ചു കിടന്നു.

പിറ്റേദിവസം കാലത്തെ എണീറ്റു കുളി മുതലായവ കഴിഞ്ഞ് ചായയും കുടിച്ചിരിക്കുമ്പോൾ ആനുമ്മായോടു ചോദിച്ചു:

'അതിനു വല്ലതും കൊടുത്തോ?'

അതിനെന്നു പറഞ്ഞാൽ ആനുമ്മായ്ക്കറിയാം. പാത്തുമ്മായുടെ ആടിനുതന്നെ.

'പുല്ലു കൊടുത്തു' എന്ന് ആനുമ്മാ പറഞ്ഞു. ആനുമ്മായുടെ ആടിനുള്ള പുല്ലുതന്നെ.

പാത്തുമ്മായുടെ ആടും കുട്ടിയും മുറ്റത്തു പ്ലാവിന്റെ ചുവട്ടിൽത്തന്നെ നിൽപ്പുണ്ട്. തള്ള കൊച്ചിനെ കൊണ്ടുവന്നു കാണിക്കയായിരിക്കും, എവിടന്നാണ് അവരുടെ ആഹാരം വരുന്നതെന്ന്. കുട്ടി വെച്ചുവെച്ചു വീഴുന്നുണ്ട്. നടക്കാനൊക്കെ ശകലം വിഷമം. അതിനെയൊന്നെടുത്തുമ്മവെച്ചാലോ എന്നു തോന്നി. അപ്പോഴുണ്ട് ഹനീഫാ എന്റെ മുമ്പിൽ. അവനൊരൊഴുക്കൻ മട്ടിലാണ്. മുണ്ടു മാത്രമേ ഉടുത്തിട്ടുള്ളു. അവൻ പറഞ്ഞു:

'ഒരു പത്തുരൂപാ വേണം വല്യ ഇയ്ക്കാക്കാ. കൊച്ചിക്കാടു ചോദിച്ചാൽ എന്നെ ആട്ടും! അബു കൂടി ചേർന്ന് എന്നെ കളിയാക്കും. നോക്ക് എന്റെ കാശൊണ്ടെങ്കിൽ ഒരു ഷർട്ടിടുകില്ലേ?'

'നീ എന്റെ ഒരു ഡബിളും ഒരു ഷർട്ടും കുറെ ദിവസത്തിനു മുമ്പ് എടുത്തതായി ഞാൻ ഓർമിക്കുന്നുണ്ടല്ലോ?'

'ഞാനോ?......... ഒന്നും വേണ്ട, ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം. ഇവിടെ ആർക്കും എന്നെ ആവശ്യമില്ലെങ്കിൽ സർക്കാരിനെന്നെ ആവശ്യമുണ്ട്. അതോർത്താൽ മതി. വല്യ ഇയ്ക്കാക്കാ തന്ന ഡബിളും ഷർട്ടും— '

ഞാൻ ഇടയ്ക്കു കയറി പറഞ്ഞു:

'അൽപ്പം നിൽക്കെടാ. ഞാനതു തന്നതല്ല. അലക്കിക്കൊണ്ടു വന്നപ്പഴേ എന്നോടു ചോദിക്കാതെ നീ അതങ്ങെടുത്തു. എന്റെ പക്കൽ ഷർട്ടും മുണ്ടും കുറവായതുകൊണ്ട് എനിക്കെണ്ണമുണ്ടായിരുന്നു. കൂടുതലുണ്ടായിരുന്നപ്പോൾ, ഉമ്മാ കട്ടിട്ടുണ്ട്. അബ്ദുൽഖാദർ കട്ടിട്ടുണ്ട്. പാത്തുമ്മായും ആനുമ്മായും കട്ടിട്ടുണ്ട്. നിന്റെ കെട്ടിയോൾ ഐശോമ്മായും അബ്ദുൽഖാദറിന്റെ കെട്ടിയോൾ ആനുമ്മായും കട്ടിട്ടില്ല.'

ഹനീഫാ പറഞ്ഞു:

'എന്നോടാ ഡബിളും ഷർട്ടും അബു കൈയിൽനിന്നു പിടിച്ചുപറിച്ചു മേടിച്ചുകളഞ്ഞു. വല്യ ഇയ്ക്കാക്കാ എന്റെ കോലം കണ്ടോ?'

'നൂലുപോലുള്ള അബു തടിയനായ നിന്റെ കൈയിൽനിന്ന് പിടിച്ചുപറിച്ചെന്നോ?'

'സംശയമുണ്ടേ അബിയോടു ചോദീര് വല്യ ഇയ്ക്കാക്കാ — എടാ അബീ!'

അബി വന്നു. അവനാണ് ഹനീഫായുടെ എല്ലാറ്റിനുമുള്ള ഏകസാക്ഷി. അവൻ വന്ന ഉടനെ പറഞ്ഞു:

'ബാപ്പാ പറേണത്, മ്പി കണ്ട്!'

ഇത്രയും ആയപ്പോൾ കുറെ തുറന്ന വാതിലിന്റെ ഇടയിൽ റഷീദിനെ ഒക്കത്തുവച്ചുകൊണ്ട് ഐശോമ്മാ വന്നു. ഐശോമ്മാ പറഞ്ഞു:

'ബാപ്പായും മകനും പറേണത് പച്ച നൊണയാണ്. മകനെ പടിപ്പിക്കണത് ഞാൻ കേട്ടതാ. വല്യ ഇയ്ക്കാട ഡബ്ളും ഷർട്ടും അബീട വാപ്പാട പെട്ടീലൊണ്ട്!'

'എടാ കള്ളാ! പെരുങ്കള്ളാ! നീ എന്നേം അബ്ദുൽഖാദറിനേംകൊണ്ട് മടലുവാരിച്ച കഥ നീ ഓർക്കുന്നുണ്ടോ?'

ഹനീഫാ പറഞ്ഞു:

'അതൊന്നും എനിക്കറിഞ്ഞുകൂടാ. എനിക്കു ജോലിയുണ്ട്. ഞാൻ ചോര വെള്ളമാക്കി വേല ചെയ്യുന്ന ഒരു തൊഴിലാളിയാണ്.'

'അപ്പോ നിനക്ക് ഏത്തവാഴത്തോട്ടമുള്ളതോ?'

അവൻ പറഞ്ഞു:

'ഞാനതു വല്യ ഇയ്ക്കാക്കായ്ക്ക് തരാം. ഒരു പതിനയ്യായിരം രൂപ തന്നേച്ചാ മതി.' ലേശം വില കൂടി!

അവൻ ഇതിൻെറ പത്തിലൊരു ഭാഗത്തിനു വാങ്ങിച്ചതാണെന്ന് ഊഹമുണ്ട്. പെരുങ്കള്ളൻ!

ഞാൻ ഉമ്മായെ വിളിച്ചു. ഉമ്മാ വന്നപ്പോൾ ഞാൻ ചോദിച്ചു:

'പണ്ട് ഹനീഫാ കൊച്ചായിരുന്നപ്പോൾ അഞ്ചു രൂപാ ഇവൻ കട്ടെടുത്തില്ലേ? എന്നിട്ട് ഇവൻ മുതലാളിയായിരുന്നിട്ട് ഇവൻെറ ജ്യേഷ്ഠന്മാരായ എന്നേം അബ്ദുൽഖാദറിനേംകൊണ്ട് ഒരു കുന്ന് മടല് ഉണക്കാൻ ഇടീച്ചു. ഇവൻ ഇട്ടില്ല. ഞങ്ങൾക്കു ദിവസം നന്നാലു ചക്രം[1] തരുമായിരുന്നു. അങ്ങനെ അഞ്ചെട്ടു ദിവസം കഴിഞ്ഞപ്പോഴാണ് ബാപ്പാ അറിഞ്ഞത്. ഞാനാ കട്ടതെന്നുദ്ദേശിച്ച് ബാപ്പാ എന്നെ തല്ലുകയും ചെയ്തു. അതുമ്മായ്ക്ക് ഓർമയുണ്ടോ?'

ഉമ്മാ പറഞ്ഞു:

'ഹനീഫാ കട്ടത് ബാപ്പാട പെട്ടീന്നല്ല. ആ കാലത്ത് എൻെറ വെറ്റവട്ടീല് നറച്ച് വെള്ളിപ്പണം[2] മുണ്ട്. ഇവൻ കക്കുന്നതെങ്ങനേന്നോ? വേണ്ടാ. ഞാമ്പറേണില്ല. ഇവൻെറ കെട്ടിയോളും മക്കളും കേക്കും!'

'പറയുമ്മാ കേൾക്കട്ടെ.'

എന്താണെന്നുവച്ചാൽ ഉമ്മായുടെ വെറ്റവട്ടിയിൽ നിന്ന് വെള്ളിപ്പണം കക്കുക എൻെറ ഒരു കുടിൽവ്യവസായമായിരുന്നു. ഞാൻ ഉമ്മായുടെ കൂട്ടത്തിൽ ചെന്നു കിടക്കും. ഉമ്മാ ഒന്നു മയങ്ങി എന്നു കാണുമ്പോൾ മടിക്കുത്തിൽനിന്നു വെറ്റവട്ടി എടുത്ത് നാലു പണം എടുത്തിട്ട് ഉമ്മാ അറിയാതെ മടിയിൽ വച്ചിട്ട് എണീറ്റുപോകും. സുരക്ഷിതമായ മോഷണം!

ഉമ്മാ പറഞ്ഞു:

'ഹനീഫാ വലുതായിട്ടും മൊലകുടിക്കാൻ വരുമാർന്ന്. മൊല കുടിച്ചുകൊണ്ടു നിക്കുമ്പോഴാണ് ഇവൻ വെറ്റവട്ടി കട്ട് പണം എട്ക്കണത്. ഒരിക്ക ഞാങ്കണ്ടുപിടിച്ച്. അന്നവനെ അടിച്ചോടിച്ചു. മൊലകുടി നിർത്തി.'

'പെരുങ്കള്ളൻ! അബ്ദുൽഖാദർ കട്ടിട്ടില്ലേ?'

'അവനും കട്ടിട്ടൊണ്ട്. നീ മാത്രം കട്ടിട്ടില്ല.'

നല്ലവനായ ഞാൻ! ഹാ, സ്റ്റൈലൻ ജീവിതമേ!

'കണ്ടോടാ ഹനീഫാ, കണ്ടോടാ അബീ, കണ്ടോടി ലൈലാ, കണ്ടോടാ റഷീദേ!'

ഹനീഫാ പറഞ്ഞു:

'ഉമ്മാ, എൻെറ പൊന്നുമ്മാ, ഉമ്മാക്കോർമയില്ലാഞ്ഞിട്ടാണ്. അല്ലെങ്കി ഐശോമ്മായും ആനുമ്മായും കൊച്ചിക്കാട കെട്ടിയോളും കേൾക്കാൻ നുണ പറയുകയാണുമ്മാ. വല്യ ഇയ്ക്കാക്കായും ഉമ്മാട വെറ്റവട്ടീന്നു പണം കട്ടിട്ടൊണ്ട്! എനിക്കു നല്ല ഓർമയുണ്ടുമ്മാ. എന്നേം കൊച്ചിക്കാനേം കൊണ്ടു പോയി വല്യ ഇയ്ക്കാക്കാ ചായ മേടിച്ചു തന്നിട്ടുണ്ട്. ഒത്തിരിത്തവണ. അന്നൊക്കെ കൊടുത്തിരുന്നത് പണമാണ്. വല്യ ഇയ്ക്കാക്കായ്ക്ക് അന്നെവിടന്നാ പണം? ഉമ്മാ പറ!'

പെട്ടെന്നു വിഷയമങ്ങു മാറ്റാൻ ഞാൻ തീരുമാനിച്ചു.

'നീ എന്നോടു പലപ്പോഴായി രണ്ടും മൂന്നും, അഞ്ചും പത്തും വാങ്ങിയിട്ടുള്ളതു കൂടാതെ നീ എനിക്കു നൂറു രൂപയോളം തരാനുണ്ട്. അതിനു സാക്ഷികളായി ക്രിസ്ത്യാനികളും നായന്മാരും ഈഴവരുമായ നിൻെറ കൂട്ടുകാരില്ലേ — അവരെ എല്ലാം ഞാൻ ഉമ്മായുടെ മുമ്പിൽ ഹാജരാക്കാം. എടടാ നൂറു രൂപാ!

'എൻെറ പൊന്നുമ്മാ, എന്താണു വല്യ ഇയ്ക്കാക്കാ ഈ പറേണത്? ഞാൻ രൂപാ കൊടുക്കാനുണ്ടെന്നോ? ഞാൻ വലിയ ഇയ്ക്കാക്കായ്ക്ക് ഏത്തപ്പഴം മേടിച്ചുകൊടുത്തിട്ടുണ്ട്. കൈതച്ചക്ക മേടിച്ചുകൊടുത്തിട്ടുണ്ട്. ബീഡി ഹദ്ദുംകണക്കുമില്ലാതെ മേടിച്ചുകൊടുത്തിട്ടുണ്ട്. വെണ്ടയ്ക്കാ, പാവയ്ക്കാ, ആടിൻെറകരള്, താറാമ്മുട്ട, മീൻ, ചക്കപ്പഴം — ഇതിൻെറ എല്ലാം കണക്കിൽ ഇപ്പോ എനിക്ക് വല്യഇയ്ക്കാക്കാട കൈയിൽനിന്നു നാൽപ്പതു രൂപാ വരും. അതിൽനിന്നു പത്തുരൂപായാണ് ഞാൻ ഇപ്പോൾ ചോദിച്ചത്.

'നീ തന്നിട്ടുണ്ട്. നിൻെറ എസ്റ്റേറ്റിൽ ഒടിഞ്ഞു വീണ വാഴകളിലെ മൂക്കാത്ത കായ് വാട്ടി നിറം വരുത്തി നീ കൊണ്ടുവന്നു തന്നിട്ടുണ്ട്. ബാക്കി എല്ലാം അബ്ദുൽഖാദറും കൊച്ചുണ്ണിയും സുലൈമാനും കാശു കൊടുത്തു വാങ്ങി നിൻെറ കൈയിൽ

---

[1] ചക്രം : പഴയ തിരുവിതാംകൂർ രാജ്യത്തെ നാണയം. ഇരുപത്തി എട്ടര ചക്രം ഒരു രൂപാ. ചക്രത്തെ പതിനാറായി ഭാഗിച്ചിരുന്നു. ഒരു കാശ്. ഒരു കാശിന് മുളകു കിട്ടുമായിരുന്നു; ഉപ്പും. ഇപ്പഴോ?

[2] വെള്ളിപ്പണം : ഒരു പണത്തിനു നാലു ചക്രം

തന്നിട്ടുള്ളതാണ്. നീ ഇങ്ങു പോരുമ്പോൾ നീ അതിങ്ങു കൊണ്ടുവന്നു. നീ വാങ്ങിച്ചതാണെന്ന ഭാവത്തിൽ നീ ഇവിടെ കൊടുക്കും. എട കള്ളാ!'

ഇതു കേട്ട ഉടനെ അവൻ വിളിച്ചു:

'വാടി ഐശോമ്മാ, പുള്ളേളരെടുക്ക് നമുക്കിനി ഇവിടെ താമസിക്കണ്ടാ, നമ്മട സ്ഥലത്ത് വല്ല ഓലക്കീറും ചാരി താമസിക്കാം. ഇറങ്ങടീ!'

ഞാൻ പറഞ്ഞു:

'നിൽക്കെടാ. ആ നൂറു രൂപായുടെ തുമ്പു ണ്ടാക്കീട്ടു നിനക്കു പോകാം. ഉമ്മാ കേട്ടോളൂ. ഇവനു നാടെ സൈക്കിളുള്ള കാലത്താണ്. വളരെ സൊല്ലങ്ങളൊന്നുമായിട്ടില്ലല്ലോ. അന്നു ഞാൻ വരു മ്പോൾ ഇവൻെറ സൈക്കിൾ ചിലപ്പോഴൊന്നെടുത്തു ചവിട്ടും. പത്തു മിനിട്ടു കഴിഞ്ഞു തിരികെ വച്ചാലും പറയും രണ്ടു മണിക്കൂറായിട്ടുണ്ട്! ചുരുക്കത്തിൽ ഇവനു കൂലി കിട്ടണം. അന്നൊക്കെ ഇവൻെറ പണിയെന്താ? ഇവൻെറ കൂട്ടുകാരായ നായൻമാര്, ക്രിസ്ത്യാനികൾ, ഈഴവർ — ഇവരുമായി എറണാ കുളത്ത് എൻെറ അടുത്തു വരും. അബിയെ ഇവൻ കള്ളസാക്ഷി പറയാൻ പഠിപ്പിച്ചുവച്ചിരിക്കുന്ന മാതിരി അവരെയും ഇവൻ പഠിപ്പിച്ചുവച്ചിട്ടുണ്ട്. വന്നാ ലുടനെ ഹനീഫായുടെ കഷ്ടസ്ഥിതിയെപ്പറ്റിയാണ് അവരുടെ വർത്തമാനം. പാവം, ഹനീഫാ വളരെ കഷ്ടപ്പെടുന്നു, എന്നൊക്കെ. അതുകഴിഞ്ഞാണ് ഇവൻെറ കടം ചോദിക്കൽ. ഒടുവിൽ അഞ്ചുരൂപാ ചോദിക്കും. അതു പിള്ളേളർക്കു വല്ലതും എൻെറ വകയായി വാങ്ങിച്ചു കൊണ്ടുവരാനാണ്. ഞാൻ മൂന്നുരൂപാ കൊടുക്കും. ഇവൻ അതിൽനിന്ന് ഒരണയ്ക്കു നാരങ്ങാമിഠായി വാങ്ങിച്ചു കൊണ്ടു വന്നു പിള്ളേളർക്കു കൊടുക്കും. ആ കാലത്ത് ഞാൻ മുന്നൂറ്റി ഇരുപത്തഞ്ചു രൂപാ കൊടുത്ത് ഒരു സൈക്കിൾ വാങ്ങിച്ചു; അതിവൻ എങ്ങനെയോ അറിഞ്ഞു. ഒരു ദിവസം ഇവൻെറ കൂട്ടുകാരുമായി വന്നു. ഇവനെയും കൂട്ടി നാലുപേരുണ്ട്. മൂന്നു സൈക്കിളിലാണു വന്നത്. വന്ന ഉടനെ ഒരു കുത്തിയിരിപ്പു സത്യാഗ്രഹം. ഹനീഫായ്ക്ക് എൻെറ സൈക്കിൾ വേണം. അതുണ്ടെങ്കിലേ ഇവൻെറ ലൊടുക്കൂസ് സൈക്കിളെല്ലാം വാടകയ്ക്കു പോകൂ. ഞാൻ പറഞ്ഞു; സൈക്കിൾ എനിക്കത്യാവശ്യമുണ്ട്. അപ്പോൾ ഇവൻെറ കൂട്ടുകാരിൽ ഒരുത്തൻ പറഞ്ഞു: ഹനീഫാ വിലതരും. എന്നു പറഞ്ഞു കഴിഞ്ഞില്ല ഹനീഫാ ഒരു നോട്ടുകെട്ട് എടുത്ത് എൻെറ മടിയിൽ ഇട്ടു. ഞാൻ എണ്ണിനോക്കിയപ്പോൾ ഇരുന്നൂറ്റി നാൽപ്പതു രൂപയുണ്ട്. ബാക്കി? ഓ, അതു വീട്ടിൽ ചെന്നാൽ ഉടനെ അയക്കും. കൂട്ടുകാർ പറഞ്ഞു, അവർ അയപ്പിക്കാം. അവർ ജാമ്യം നിന്നാപ്പോരേ? എന്നിട്ട് അപ്പോൾത്തന്നെ ഹനീഫാ പത്തുരൂപാ എന്നോടു കടം വാങ്ങിച്ചു. മൂന്നു രൂപാ പിള്ളേളർക്കു വല്ലതും വാങ്ങിച്ചു കൊടുക്കാനും. മാസം കുറെ കഴിഞ്ഞിട്ടും ബാക്കി രൂപാ അയച്ചില്ല. ഞാൻ ഇവിടെ വന്നപ്പോൾ ഇവൻെറ കൂട്ടുകാർ എന്നെ കണ്ടാൽ ഒളിച്ചുകളയും. എടടാ ആ രൂപാ!'

'ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം!'

അബി പറഞ്ഞു:

'മ്പീം പട്ടാളത്തിപ്പോണ്.'

ലൈലാ പറഞ്ഞു:

'ഞാനും പട്ടാളത്തിപ്പോണ്.'

ഐശോമ്മാ പറഞ്ഞു:

'എന്നാപ്പിന്നെ റഷീദും ഞാനുംകൂട വരാം പട്ടാളത്തില്. സർക്കാരിനു കഞ്ഞീം കൂട്ടാനും വെച്ചുകൊടുക്കാം.'

'മതിയെടീ, നീ സഭയിലൊക്കെ കയറി വർത്ത മാനം പറയുന്നോ? വല്യ ഇയ്ക്കാക്കാ ഇരുന്നിട്ടാ, അല്ലേ നിന്നെ ഞാൻ! പോ അപ്പുറത്ത്!' എന്നുംപ റഞ്ഞു ചന്തയിലുള്ള അവൻെറ മിഷ്യൻകടയിലേക്ക് അവൻ പോയി.

കുറെ കഴിഞ്ഞപ്പോൾ റഷീദിനെയും സുബൈ ദയെയും എടുത്തുകൊണ്ട് ഉമ്മാ എൻെറ അടുത്തു വന്നു.

'ഞങ്ങളൊന്ന് കുളിക്കാമ്പോണ്. ഈ കൊച്ചു ങ്ങളെ ഒന്നു നോക്കെടാ.'

അവരെല്ലാവരും കുളിക്കാൻ പോയി. ഞാൻ കൊച്ചുങ്ങളെ നോക്കാൻ തുടങ്ങി. രണ്ടും കരച്ചിലു തുടങ്ങി. കരച്ചിലു മാറ്റാൻ ഞാൻ രണ്ടിൻെറയും ഇടയ്ക്ക് ആട്ടിൻകുട്ടിയെയും കൊണ്ടുവന്നു.

രണ്ടു കൊച്ചുങ്ങൾ മുള്ളി. ആട്ടിൻകുട്ടി രണ്ടും ചെയ്തു. ആ സദസ്സിലേക്കു മഹാവൃത്തിക്കാരനായ അബു കയറിവന്നു. എന്നിട്ടു ചോദിച്ചു:

'ഇതെന്താണ്?'

അബു കൊച്ചുങ്ങളുടെ കരച്ചിൽ മാറ്റി. വിശേഷ വിധിയായി അവൻ ഒന്നും ചെയ്തില്ല. കണ്ണുരുട്ടി ക്കാണിച്ചു. പല്ലു കടിച്ചു. ഒച്ചയെടുത്തു. അവൻ പാത്തുമ്മായുടെ ആടിനെ തല്ലി ഓടിച്ചു. പൂച്ചകളെ തല്ലി. കോഴികളെ ഇട്ടോടിച്ചു.

ആ തക്കത്തിനു ഞാൻ ആട്ടിൻകുട്ടിയുടെ മലവും മൂത്രവും കോരിക്കളഞ്ഞു. അതിനെ എടുത്തു മുറ്റത്തു നിർത്തി.

'കണ്ടോ, ആടും കോഴിയും പൂച്ചയും പിള്ളേളരും — എല്ലാവരുംകൂടി മുറ്റവും വരാന്തയും ചീത്ത യാക്കി. വല്യ ഇയ്ക്കാക്കാ ഇതെല്ലാം അനുവദിക്കു ന്നല്ലോ?'

'ഞാനെന്തു ചെയ്യണം?'

'തല്ലണം!'

നൂലുപോലെ ഇരിക്കുന്ന അബു തല്ലുകാരനും ഒച്ചക്കാരനുമാണ്. എല്ലാവർക്കും അവനെ പേടി യുമാണ്. അവൻെറ അടുത്തു കൊച്ചുങ്ങളെ ആക്കീട്ടു പോകാൻ തള്ളമാർക്കോ ഉമ്മയ്ക്കോ ചങ്കുറപ്പുണ്ടാകില്ല.

'വല്യ ഇയ്ക്കാക്കാ, ഞാൻ വല്യയ്ക്കാക്കായുടെ ഒരു ഷർട്ടും മുണ്ടും കട്ടിട്ടുണ്ടെന്നു കൊച്ചിത്താത്താ പറഞ്ഞോ?'

ആനുമ്മാ പറഞ്ഞെന്നോ പറഞ്ഞിട്ടില്ലെന്നോ ഞാൻ പറഞ്ഞില്ല. അവനു ശുണ്ഠിവന്നു. അവൻ പറഞ്ഞു:

'ആളാംവീതം എല്ലാവരും കട്ടിട്ടുണ്ട്. ഞാൻ തന്നെയല്ല. ഉമ്മായും കൊച്ചിത്താത്തായും ഓരോ മുണ്ടു കട്ടിട്ടുണ്ട്. അതു പറഞ്ഞോ?'

'നീ കട്ടിട്ടുണ്ടെന്ന് ആനുമ്മാ പറഞ്ഞില്ല.'

'ഞാനൊരു മുണ്ടും ഷർട്ടും കട്ടിട്ടുണ്ട്. ഇതു ഞാൻ ആരോടും പറയാം. വല്യ ഇയ്ക്കാക്കാ എനിക്കെന്തു തന്നിട്ടുണ്ട്?'

'നീ കിടക്കുന്ന കട്ടില്. അതിനു നാൽപ്പതു രൂപാ വില. കട്ടിലിൽ ഇട്ടിരിക്കുന്ന ജമുക്കാളം, കിടക്ക, തലയണകൾ, ബഡ്ഷീറ്റ്. നീ പുതയ്ക്കുന്ന കാഷ്മീർ ഷാൽവ. അതിനു മാത്രം അമ്പതു രൂപാ വിലയുണ്ട്. നീ കുത്തിക്കൊണ്ടു സ്റ്റൈലിൽ നടക്കുന്ന പാർക്കർ ഫൗണ്ടൻ പേന — അതിനു നാൽപ്പത്തിരണ്ടു രൂപാ വില. പിന്നെ നീ വരുമ്പോഴെല്ലാം രൂപാ. അതിനൊന്നും കണക്കില്ല.'

'ഇതെല്ലാം പഴഞ്ചൻ സാധനങ്ങളല്ലേ? പുത്തൻ വല്ലതും തന്നിട്ടുണ്ടോ?'

'തന്നപ്പോൾ പുത്തനായിരുന്നു.'

'വല്യ ഇയ്ക്കാക്കാ എനിക്ക് ഒരു ഇരുപത്തഞ്ചു രൂപാ തരണം'

'എന്താ ആവശ്യം?'

'വേണമത്.'

ഹനീഫാ ചോദിച്ചു, അബു ചോദിച്ചു. ഇന്നെന്താണ് വിശേഷം? അബുവിനാണെങ്കിൽ കാശിനു വലിയ ആവശ്യമില്ല. പത്തിരുപതു ഷർട്ടും മുണ്ടും ബനിയനും അവനുണ്ട്. ഒരു പെട്ടി ചെരിപ്പും. അത് അറുപതെണ്ണമുണ്ടെന്നാണ് ഉമ്മാ പറഞ്ഞിട്ടുള്ളത്.

കുളിക്കാൻ പോയ പെണ്ണുങ്ങൾ എല്ലാം വന്നപ്പോൾ ആണുങ്ങൾ ഉണ്ണാൻ വന്നു. അബ്ദുൽഖാദർ വന്നപാടേ ചോദിച്ചു:

'ഇയ്ക്കാക്കാ, ഒരൻപതു രൂപാ വേണം; അത്യാവശ്യമാണ്.'

'നിൻെറ പാട്ടിനു പോടാ!'

ഹനീഫാ ഒന്നുകൂടി ഓർമ്മപ്പെടുത്തി:

'ഒരു പത്തുരൂപയാണു ഞാൻ ചോദിച്ചത്!'

ഞാനൊന്നും മിണ്ടിയില്ല. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ രഹസ്യം മനസ്സിലായി. പോസ്റ്റ്മാൻ കുട്ടൻപിള്ള പടികടന്നു വന്നു പറഞ്ഞു:

'സാറിന് ഒരു മണിയാർഡറുണ്ട്. നൂറു രൂപായുടെ.'

കുട്ടൻപിള്ളയുടെ ഒരു കവിളിനകത്ത് ഒരു മാമ്പഴം ഇട്ടിട്ടുള്ള മാതിരി, ഒരു മുഴയുണ്ട്. അതിൽ നോക്കിക്കൊണ്ടു ഞാൻ ചോദിച്ചു:

'ഈ മണിയോർഡർകാര്യം വല്ലവരോടും പറഞ്ഞോ കുട്ടൻപിള്ള?'

'സാറേ. ഞങ്ങളൊക്കെ ഈ നാട്ടിൽ ജീവിക്കുന്നവരാണ്. അബ്ദുൽഖാദറിനേയും ഹനീഫായേയും കൊണ്ട് എനിക്കു പല ആവശ്യവുമുണ്ട്. അവരു പറഞ്ഞിട്ടുണ്ട് സാറേ, സാറിനു മണിയാർഡർ വരുമ്പോൾ അവരെ നേരത്തേ അറിയിക്കണമെന്ന്.'

'എന്നാൽ, എനിക്കീ മണിയോർഡർ വേണ്ട. കുട്ടൻപിള്ള എടുത്തോ.'

'അയ്യോ! അതെന്താ സാറേ?'

'അൻപതും ഇരുപത്തഞ്ചും പത്തും മൂന്നഞ്ചും എത്രയായി?'

'നൂറ്.'

'അതാണിതിൻെറ കണക്ക്.'

ഞാൻ വ്യക്തമായി കുട്ടൻപിള്ളയോടു പറഞ്ഞു. കുട്ടൻപിള്ള പറഞ്ഞു:

'അതെല്ലാം അങ്ങനെയാണു സാറേ.'

'ങ്ഹും! അതെല്ലാം അങ്ങനെയാണ്. എന്തൊരു ഭയങ്കര ഗൂഢാലോചന! എന്തൊരു കൊള്ള!'

കുട്ടൻപിള്ള, തൻെറ മകൾ സരസ്വതിയെ കോളേജിലയച്ചിരിക്കുന്ന വൃത്താന്തങ്ങൾ പറയുന്നതിനിടയ്ക്ക് ഞാൻ ഒപ്പിട്ടുകൊടുത്തു. രൂപാ നൂറും നോട്ടുകളായി എൻെറ കൈയിൽ വെച്ചു. അപ്പോൾ ഉമ്മായും ആനുമ്മായും ചുമ്മാ, വെറും ചുമ്മാ, വരാന്തയിൽ വന്നിരുന്നു.

ഒരു പത്തുരൂപായുടെ നോട്ട് ഞാൻ പാത്തുമ്മായുടെ ആടിനു വെച്ചുനീട്ടി.

കുട്ടൻപിള്ള ചോദിച്ചു:

'ഇതെന്താ സാറേ?'

ഞാൻ പറഞ്ഞു:

'അതും തിന്നട്ടെ. പാത്തുമ്മായുടെ ആടാണ്. പ്രസവിച്ചിട്ട് ഒന്നുരണ്ടു ദിവസമായി.'

കുട്ടൻപിള്ള ചിരിച്ചുകൊണ്ടു പോയ ഉടനെ ഉമ്മാ ചോദിച്ചു:

'എത്തറേണ്ടെടാ?'

'നിങ്ങൾക്കറിഞ്ഞുകൂടേ?'

എന്തു വേണ്ടൂ? അന്നത്തതോടുകൂടി അതു സാഫായി. നൂറു രൂപാ ചെറുസംഖ്യകളായി പിരിഞ്ഞു എന്നർത്ഥം. പാഴായിപ്പോയതല്ല!

ജീവിതത്തിൽ ചെലവുകളില്ലേ?

# അഞ്ച്

അന്നു സന്ധ്യയ്ക്ക് ഹനീഫായുടെ വക ചായ എനിക്കുണ്ടായിരുന്നു. സാധാരണ കാശു കൊടുക്കുന്നത് അബ്ദുൽഖാദറാണ്. കുടിക്കുന്നതു ഹനീഫായുടെ കടയിലിരുന്നുതന്നെ. അന്ന് ഹനീഫാ കാശു കൊടുത്തു!

ഹനീഫാ മഹാ അറുക്കീസാണല്ലോ? അവൻെറ കടയിൽ വിളക്കില്ല. എന്തിനു വെറുതെ ഒരു വിളക്ക്? തൊട്ടടുത്താണ് അബ്ദുൽഖാദറിൻെറ തകരക്കട. അവിടെ പെട്രോമാക്സ് വിളക്കുകൾ പത്തോ പന്ത്രണ്ടോ ഉണ്ട്. ഗ്രാമഫോണുണ്ട്. (ഈയുള്ളവൻേറത് ഉമ്മായെക്കൊണ്ടു കരഞ്ഞു വാങ്ങിച്ച് എടുത്തുവെച്ചിരിക്കയാണ്!) വിളക്കുകളും ഗ്രാമഫോണും വാടകയ്ക്കു കൊടുക്കാനാണ്. സന്ധ്യയ്ക്കു പണിയുണ്ടെങ്കിൽ ഹനീഫാ അബുവിനെ വിളിച്ചു പറയും:

'ആ വിളക്ക് ഇത്തിരി ഇങ്ങോട്ടു നീക്കിവെച്ചേ.'

അങ്ങനെ കിട്ടുന്ന വെളിച്ചത്തിലാണ് ഹനീഫാ തയ്ക്കുന്നത്. അതു പോരേ? വെളിച്ചം കിട്ടുന്നുണ്ട്!

ഞാനങ്ങനെ ഇരിക്കുമ്പോൾ അബ്ദുൽഖാദറിൻെറ പഴയ കഥ ഓർത്തു.

അവനെപ്പോഴും തീയുടെ അടുത്താണിരിക്കുന്നത്. കൊല്ലൻെറ ഉലയുണ്ട് ആ കടയിൽ. സദാ അധ്വാനമാണ്. അവൻെറ തല നരച്ചു പോയിരിക്കുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവനെ കണ്ട് എൻെറ ജ്യേഷ്ഠനാണെന്നു പലരും തെറ്റിദ്ധരിച്ചിട്ടുമുണ്ട്.

അവൻ ഏറ്റവും ചങ്കുറപ്പുള്ള പണി ചെയ്തവനാണ്.

ഞങ്ങൾ ഒരുമിച്ചു മലയാളം നാലാം ക്ലാസുവരെ പഠിച്ചു. എന്നിട്ടു ഞാൻ നാലഞ്ചുമൈൽ അകലെ ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു. അബ്ദുൽഖാദർ മലയാളം ഏഴാം ക്ലാസ് പാസായപ്പോൾ ഞാൻ കണ്ണൂരു ജയിലിൽ, കഠിനതടവിനു ശിക്ഷ അനുഭവിക്കയായിരുന്നു എന്നു തോന്നുന്നു. ആ കഥ 'ഓർമക്കുറിപ്പ്' എന്ന പുസ്തകത്തിലുണ്ട്. ഞാനതെല്ലാം കഴിഞ്ഞ് നാട്ടിൽ വന്നപ്പോൾ എൻെറ കുടുംബസ്വത്തു മുഴുവനും കടത്തിൽ മൂടിക്കിടക്കയാണ്. വീട്ടിൽ നേരാംവണ്ണം ഒന്നും തിന്നാനില്ല. അബ്ദുൽഖാദർ, പുതുശ്ശേരി നാരായണപിള്ളസ്സാർ ഞങ്ങളെ 'അ, ആ' പഠിപ്പിച്ച സ്കൂളിൽ ഒരധ്യാപകനാണ്.

ഞാൻ ഒരു പത്രം നടത്താൻ കൊച്ചിക്കു പോയി കുറേക്കാലം കഴിഞ്ഞ് ഞാൻ നാട്ടിൽ വരുമ്പോൾ അബ്ദുൽഖാദർ അധ്യാപകജോലി ഉപേക്ഷിച്ചു ബീഡിതെറുപ്പുകാരനായി ഒരു കടയിൽ കൂടിയിരിക്കയാണ്.

മുറത്തിൽ ഇലയും സുക്കയും കത്രികയുമായി അങ്ങനെ അവൻ ബീഡി തെറുക്കുന്നു. രണ്ടായിരം ബീഡിവരെ തെറുക്കും. ഒന്നൊന്നര രൂപാ കിട്ടും.

പിന്നീടു ഞാൻ വരുമ്പോൾ അവൻ ബീഡിതെറുപ്പ് ഉപേക്ഷിച്ചിരിക്കുന്നു. ചന്തയിൽ ഒരു ചെറിയ മുറിയിൽ കൊല്ലൻെറ ഉലയും ഒക്കെ വെച്ചു തകരപ്പണിക്കാരനായി. അങ്ങനെ ജോലി നോക്കുന്നു. തകരംകൊണ്ട് അവൻ എന്തും ഉണ്ടാക്കും. ഇതൊന്നും ആരും അവനെ പഠിപ്പിച്ചതല്ല! സ്വന്തം ബുദ്ധി, സ്വന്തം പ്രയത്നം. ബുദ്ധികൊണ്ട് ആലോചിച്ച് കണ്ടുപിടിച്ച സ്വതന്ത്രമായ ജോലി. സ്വന്തമായി ആലോചിച്ചാൽ മറ്റുള്ളവരെ ആശ്രയിക്കാതെ എന്തെങ്കിലുമൊക്കെ കണ്ടുപിടിച്ച് അധ്വാനിച്ച് ഒരുവിധം സുഖമായി ജീവിക്കാൻ ചിലപ്പോൾ കഴിഞ്ഞേക്കും.

ഞാൻ ആ കാലത്തു സാഹിത്യകാരനായി എറണാകുളത്തു താമസിക്കയാണ് — 1936, 37. ധാരാളം എഴുതും. പ്രതിഫലം ഒന്നും കിട്ടിയിരുന്നില്ല. പ്രതിഫലം ചോദിക്കാനും വാങ്ങാനും പാടില്ലായിരുന്നു. സാഹിത്യ സേവനം! സാഹിതീക്ഷേത്രത്തിലെ നിത്യപൂജ! പക്ഷേ, ഒന്നും തിന്നാനുണ്ടായിരുന്നില്ല. എങ്കിലും എഴുതും. പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും. എന്നിട്ടതെല്ലാം പത്രങ്ങളിൽ നിന്നു കീറി അടുക്കി ഭദ്രമാക്കി വെക്കും. അങ്ങനെ ഞാൻ ഫുൾടൈം സാഹിത്യകാരനായി പട്ടിണിയും പാടുമായി ജീവിച്ചുവരുമ്പോൾ അബ്ദുൽഖാദർ ഇരുമ്പുവടിയും കുത്തിപ്പിടിച്ചു തടിയനായ ഒരു ഫൗണ്ടൻപേനയുമായി എൻെറ അടുത്തു വന്നു. ചുമ്മാ വന്നതല്ല. കാര്യമുണ്ട്!

'ഇയ്ക്കാക്കാ എന്താണ് ഈ പത്രങ്ങളിലെല്ലാം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്? ഇങ്ങെടുക്കൂ. ഞാനതെല്ലാം ഒന്നു വായിച്ചു നോക്കട്ടെ.'

അഭിമാനത്തോടുകൂടി ഞാൻ എൻെറ സാഹിത്യസൃഷ്ടികളെല്ലാം എടുത്ത് അവൻെറ കൈയിൽ കൊടുത്തു. എന്നിട്ട് രണ്ടണ അവനോട് ഇരന്നു വാങ്ങിച്ചു ചായ കുടിക്കാൻ പോയി. ഞാൻ കുറേ

സമയം ചുറ്റി നടന്നു. അവൻ വായിച്ചു രസിക്കട്ടെ. അവനോടു നാലണകൂടി കടം വാങ്ങിക്കാം. ആ വിശ്വോത്തര സൃഷ്ടികളുടെ കർത്താവായ അവൻെറ ജ്യേഷ്ഠനല്ലേ ചോദിക്കുന്നത്, അവൻ തരും. എന്നെല്ലാം വിചാരിച്ചു തിരികെ മുറിയിൽ വന്നു. ഞാൻ നോക്കുമ്പോൾ അവൻ വായിച്ച എല്ലാ കടലാസിലും അവൻെറ തടിയൻപേനാകൊണ്ടു വര യിട്ടിട്ടുണ്ട്! എന്തിനാണാ വര? ഞാൻ ഒരു ബീഡി കത്തിച്ചു കസേരയിൽ ഇരുന്നപ്പോൾ അവൻ വിളിച്ചു:

'ഇയ്ക്കാക്കാ, ഇങ്ങോട്ടു വരൂ'!

എന്തോ അത്യാവശ്യകാര്യം ആയിരിക്കണം. ഞാൻ എണീറ്റുചെന്ന് അവൻെറ അടുത്തു പായിൽ ഇരുന്നു. അവൻ ഏറ്റവും അവജ്ഞയോടെ എന്നെ ഒന്നു നോക്കി. എന്നിട്ട് ഒരു വാക്യം വായിച്ചു. സ്റ്റൈലൻ വാക്യമാണ്. പക്ഷേ, അവൻ ചോദിച്ചു:

'ഇതിലെ ആഖ്യാദം എവിടെ?'

'എനിക്കൊന്നും മനസ്സിലായില്ല. എന്താഖ്യാദം?'

അവൻ ഒരു കൊച്ചു വിദ്യാർത്ഥിയോടെന്നവണ്ണം എന്നോടു കുറെ സംസാരിച്ചു. അതിൽ ആഖ്യ, ആഖ്യാദം, അന്വയം, ലൊട്ട്, ലൊടുക്ക് മുതലായ വ്യാകരണസംബന്ധിയായ ചപ്ലാച്ചി ചർച്ചകളാണ്. ലൊട്ട്, ലൊടുക്ക് എന്നൊന്നും അവൻ പറഞ്ഞില്ല. അര മണിക്കൂർ നേരത്തെ വർത്തമാനത്തിൽ അവൻ എന്നെ ഒരു അജ്ഞനാക്കിവെച്ചു. എന്നിട്ടു പറഞ്ഞു:

'ഇയ്ക്കാക്കാ വ്യാകരണം പഠിക്കണം!'

തന്നെയുമല്ല, കുറെ വ്യാകരണപ്പുസ്തകങ്ങളുടെ പേരുകളും അവൻ ഉപദേശിച്ചു തന്നു. എനിക്കങ്ങു ദേഷ്യം വന്നു.. കിലുകിലാ വിറച്ചുകൊണ്ട് ഞാൻ പറഞ്ഞു:

'പോടാ, എണീറ്റ്. അവൻെറ ഒരു ലൊഡുക്കൂസ് ആഖ്യ! എടാ, നീ അല്ലേ നെയ് കട്ടുതിന്നു ദീനമാണെന്നു പറഞ്ഞു നടന്ന പെരുങ്കള്ളൻ! എടാ, ഇതെല്ലാം ഞാൻ വർത്തമാനം പറയുന്ന മാതിരിതന്നെയാണ് എഴുതി വെച്ചിരിക്കുന്നത്. ഇതിൽ നിൻെറ ഒരു ചട്ടുകാലൻ ആഖ്യാദമില്ലെങ്കിലെന്ത്? അവൻെറ ഒരു പലുങ്കൂസൻ വ്യാകരണം! ചട്ടൻ!!'

അവൻ പറഞ്ഞു:

'ഇയ്ക്കാക്കാ എന്നെ എന്തു ചീത്ത വേണമെങ്കിലും പറഞ്ഞോളൂ. എനിക്കു വിരോധമില്ല. ഒരു സംഗതി മാത്രമുണ്ട്: ഇയ്ക്കാക്കാ ഒരു കൊല്ലം ഞാൻ പറഞ്ഞ പുസ്തകങ്ങളെല്ലാം വായിച്ചു ശരിക്ക് എഴുത്തും വായനയും പഠിച്ചിട്ടെഴുതൂ. ഇയ്ക്കാക്കായ്ക്കു മലയാളത്തിൽ എത്ര അക്ഷരങ്ങളുണ്ടെന്നറിയാമോ? അതു പറ!'

'പോടാ നിൻെറ പാട്ടിന്!' കാലു മടക്കി അടിക്കാൻ വിചാരിച്ചതാണ്. സംസ്കാരംകൊണ്ട് അടിച്ചില്ല. ഞാൻ പറഞ്ഞു: 'ഞാൻ വീട്ടിൽ എല്ലാവരേയും ചോദിച്ചതായി പറയണം — പ്രത്യേകിച്ചു ബാപ്പായേം ഉമ്മായേം. എനിക്കു കാശൊന്നും കിട്ടിത്തുടങ്ങീട്ടില്ലെന്നും പറഞ്ഞേക്ക്. അതാണ് ഒന്നും അയയ്ക്കാത്തത്.'

അവനോടു കാലണകൂടി കടം ചോദിച്ചില്ല. ചോദിക്കാനുള്ള മനക്കരുത്തുണ്ടായില്ല. അവൻെറ പുലുങ്കൂസ് വ്യാകരണം! മലയാളത്തിലെ അക്ഷരങ്ങൾ!!

ആ കാലമെല്ലാം പോയി. ഇപ്പോൾ എൻെറ പുസ്തകങ്ങൾ വളരെ ആർത്തിയോടെ അവൻ വായിക്കും. ഞങ്ങളുടെ ബന്ധുക്കളെപ്പറ്റി ചില കഥകളെഴുതാൻ ആവശ്യപ്പെടുകയും ചെയ്യും. കഥ പറഞ്ഞു കേൾപ്പിക്കും.

'അതിയ്ക്കാക്കാ ഇങ്ങെഴുതിത്തന്നാൽ മതി. ഞാൻ അച്ചടിപ്പിച്ചു വിറ്റോളാം.'

കാശ് അവൻ എടുക്കും. പെരുങ്കള്ളാ!

പിറ്റേദിവസം എൻെറ ചാമ്പമരത്തെ നോക്കി പെൺപിള്ളേർ കൊതിച്ച് വായിൽ വെള്ളം ഊറിച്ചുകൊണ്ടുപോകുമ്പോൾ പാത്തുമ്മാ വന്ന് ആടിനേയും കുട്ടിയേയും അവളുടെ താമസസ്ഥലത്തേക്കു കൊണ്ടുപോകാൻ ഒരുങ്ങി. കാരണം?

'ഇവിടെ ആരും ഇതിനെ നോക്ക്കേല വല്യയ്ക്കാക്കാ. അബു ഓടിക്കും. പിന്നെ നാളെ മുതൽ കറന്ന് പാല് വിക്കണം. ഒരു ചായക്കടേ പാല് കൊടുക്കാന്ന് പറഞ്ഞിട്ടൊണ്ട്.'

അതാണല്ലേ കാരണം!

പാത്തുമ്മാ ആടിനേയും കുട്ടിയേയും കൊണ്ടുപോയി. കുട്ടിയെ അരുമയോടെ പാത്തുമ്മാ എടുത്തിരിക്കുന്നു. പിന്നീട് ആടും കുട്ടിയും ആഘോഷത്തോടെ വരുന്നതു പത്തു മണിക്കാണ്. കുട്ടി ഉഷാറായി ഓടിച്ചാടി നടക്കും എൻെറ കിടക്കയിൽ കയറും. പിള്ളേരുടെകൂടെ തിന്നും. തള്ളയാട് വളരെ കൊതിച്ചിയായിത്തീർന്നു. അതു പിള്ളേരുടെ കൂടെ ചോറുണ്ണും. ഒച്ചയും ബഹളവും ഓട്ടവും.

അങ്ങനെ, ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ വീട്ടിൽ ചിരിയും ബഹളവും. ആകെ വലിയ കുശി. അബ്ബി, പാത്തുക്കുട്ടി, സൈദുമുഹമ്മദ്, ലൈലാ, ആരിഫാ മുതൽപേർ പാൽചായ കുടിക്കുന്നു! അതിനെന്തിനീ ബഹളവും ചിരിയും? ഞാൻ അപ്പുറത്തേക്കു ചെന്നു. രണ്ട് ആനുമ്മാമാരും, ഉമ്മായും, ഐശോമ്മായും കപ്പപ്പുട്ടിൻെറ കൂടെ പാൽചായ കുടിക്കുന്നു! എല്ലാവരും ചിരിക്കുന്നുണ്ട്.

'എന്താ ഉമ്മാ ഈ ചിരിയും ബഹളവും?'

'ഒന്നൂല്ലടാ.' ഉമ്മാ ചിരിച്ചുകൊണ്ടു പറഞ്ഞു.

'വല്യ ഇയ്ക്കാക്കാ പറയരുത്. ഞങ്ങൾ കുട്ടിയെ പിടിച്ചുകെട്ടി.'

'എന്നിട്ട്?'

'വല്യ ഇയ്ക്കാക്കാ പറയുമോ?'

'സംഗതി എന്ത്?'

അബ്ദുൽ ഖാദറിൻെറ കെട്ടിയോൾ ഇടയ്ക്കുകയറി പറഞ്ഞു:

'ഞങ്ങൾ പാത്തുമ്മാത്താത്താട ആടിനക്കറന്ന്. ഒഴക്കു പാല് കിട്ടി.'

'എന്താ ഉമ്മാ ഈ കേൾക്കുന്നത്? നിങ്ങളെന്തിനു പാത്തുമ്മായുടെ ആടിനെ കട്ടു കറന്നു?'

ഉമ്മാ പറഞ്ഞു:

'അല്ലെങ്കി അവളത് ഓർക്കണ്ടേ?'

ആനുമ്മാ പറഞ്ഞു:

'വല്യ ഇയ്ക്കാക്കാ പറയല്ലേ! ഞങ്ങൾക്കെല്ലാം വലിയ കുറച്ചിലാകും!'

കുറച്ചിലാകട്ടെ. എൻെറ കൺമുമ്പിൽവെച്ച് ഈ ഉഗ്രൻ കളവു നടത്താൻ ഞാൻ എങ്ങനെ അനുവദിക്കും?

പാത്തുമ്മാ വന്നപ്പോൾ ഞാൻ പറഞ്ഞു:

'പാത്തുമ്മാ നീ സൂക്ഷിക്ക്. നിൻെറ ആടിനെ ഇവരെല്ലാംകൂടി കറന്നു പാലെടുത്തു ചായ കുടിച്ചു. കുട്ടിയെ നേരത്തെ പിടിച്ചുകെട്ടിയിരുന്നു.'

പാത്തുമ്മായ്ക്കു ഹാലിളകി:

'അവർക്ക് കണ്ണീച്ചോരേണ്ടോ! അവര്ട കൊച്ചുങ്ങളെ പിടിച്ചു കെട്ടീടുവോ? ഞാനൊന്നു ചോദിക്കട്ടെ!'

പാത്തുമ്മാ അപ്പുറത്തേക്ക് ഓടി. അപ്പോൾ അവിടെ ഉമ്മായും രണ്ട് ആനുമ്മമാരും ഐശോമ്മയും പാത്തുക്കുട്ടിയും അബിയും ലൈലായും ആരിഫായും മറ്റും തയ്യാറായി നിൽപ്പുണ്ടായിരുന്നു. എല്ലാവരുംകൂടി പറഞ്ഞു:

'നന്നായിപ്പോയി! നന്നായിപ്പോയി! ഞങ്ങളത് ചെയ്തതാ! ഇഞ്ഞീം ചെയ്യും! ആടും കുട്ടീം ഇവിടെ വളരണത്! ഞങ്ങട കപ്പപ്പുട്ടും, ഞങ്ങട പെലാവെലേം, ഞങ്ങട കഞ്ഞോളോം, ഞങ്ങട പുള്ളേര്ട ചോറും തിന്നാ അത് തടിച്ച് കൊഴ്ത്ത് പാല് തരണത്! തിരിഞ്ഞോ?'

പാത്തുമ്മാ അവരെ ഭിന്നിപ്പിക്കാൻ നോക്കി:

'എടീ ആനുമ്മാ, നീ എൻെറ കൊച്ചനുശത്തിയല്ലേ, നെനക്ക് ഞാൻ ഒരാട് തന്നില്ലേ, ഉമ്മാ, ഉമ്മാ എൻെറ ഉമ്മായല്ലേ. ഈ കണ്ണീച്ചോരയില്ലാത്ത നാത്തൂന്മാരെക്കൊണ്ട് എന്താ ഈ ചെയ്യിച്ചത്?'

ഉമ്മാ പറഞ്ഞു:

'മതിയെടീ, മതി, നിൻെറ നാത്തൂന്മാരും നിൻെറ ഉമ്മായും, നിൻെറ അനുശത്തീം എല്ലാരുംകോടയാ കറന്നത്. എന്നിട്ടു ഞങ്ങളെല്ലാരുംകൊട ചായ കുടിച്ചു. നല്ല രുശിയൊണ്ടാർന്ന്!'

പാത്തുമ്മാ പറഞ്ഞു:

'ഇഞ്ഞി ഞാനീ വീട്ടി കാലെടുത്ത് കുത്തുകേല!'

പാത്തുമ്മാ ആട്ടിൻകുട്ടിയെ വാരിയെടുത്തു ചുംബിച്ചു.

'പൊന്നേ, നെനക്കൊള്ള പാല് അവര് കട്ട് കുടിച്ച്കളഞ്ഞ്. പച്ചവെള്ളം തരാം. വാ!'

പാത്തുമ്മാ ആട്ടിൻകുട്ടിയുമായി എൻെറ അടുത്തു വന്നു:

'ഞാൻ പോക്കാ വല്യ ഇയ്ക്കാക്കാ. ഞ്ഞി ഇവര് എൻെറ ആടിനെക്കറന്ന് പാല് കുടിക്കണതൊന്നു കാണാവല്ലോ?'

പാത്തുമ്മാ ആട്ടിൻകുട്ടിയെ എടുത്തുകൊണ്ടു പോയി. എനിക്കു സന്തോഷമായി. കുട്ടി ഇല്ലാതെ ഇനി ഇവര് ആടിനെക്കറന്ന് പാലു കുടിക്കുന്നത് ഒന്നു കാണാമല്ലോ? ഹമ്പ!

പക്ഷേ, ആടു ചുരത്താൻ കുട്ടി വേണമെന്നുണ്ടോ?

മഹിളാരത്നങ്ങൾക്കറിഞ്ഞുകൂടേ?

ശ്രദ്ധിക്കണമല്ലോ!

# ആറ്

കൃത്യം പത്തുമണിക്ക് പാത്തുമ്മായുടെ ആടു വരും. കുറെക്കഴിഞ്ഞ് പാത്തുമ്മായും ഖദീജായും വരും. പാത്തുമ്മായ്ക്ക് പിണക്കമുണ്ടോ എന്തോ? നാത്തൂന്മാരോടും അനുജത്തിയോടും ഉമ്മായോടും വർത്തമാനം പറയുന്നുണ്ട്. വീട്ടുവേലകൾ ചെയ്യുന്നുണ്ട്. കപ്പപ്പുട്ടു തിന്നുന്നുണ്ട്. കടുഞ്ചായ കുടിക്കുന്നുണ്ട്. ആടിനു കഞ്ഞിവെള്ളം കൊടുക്കുന്നുണ്ട്.

കൊച്ചുണ്ണി വന്നപ്പോൾ ഞാൻ പാലുമോഷണത്തെപ്പറ്റി പറഞ്ഞു.

കൊച്ചുണ്ണി പറഞ്ഞു:

'ഞാനതു പറഞ്ഞതാ, കുറച്ച് പാല് കൊടുത്തേക്കാൻ. പാത്തുമ്മാ പോയി എന്തു ചെയ്തെന്നോ? നാലു വീട്ടിൽ പാല് കൊടുക്കാമെന്നേറ്റിട്ടുണ്ട്. ഒരു ചായക്കടയിൽ ഞാനും ഏറ്റിട്ടുണ്ട്. എനിക്കും ഖദീജായ്ക്കും ശകലം ചായയ്ക്കു പാല് തരുന്നില്ല!'

അങ്ങനെയാണല്ലേ! അപ്പോൾ കൊച്ചുണ്ണിയും ഖദീജായും വേണമെങ്കിൽ ശകലം പാലു കക്കാൻ മടിക്കയില്ല!

ഞാൻ പാത്തുമ്മായോടു ചോദിച്ചു:

'നീ എന്താ ആ കൊച്ചുണ്ണിക്കും ഖദീജാക്കും ശകലം പാല് കൊടുക്കാത്തത്?'

പാത്തുമ്മാ പറഞ്ഞു:

'പാല് വിറ്റു കിട്ടുന്ന കാശ് ഖദീജായുടെ ബാപ്പായല്ലേ മേടിക്കണത്? പിന്നെ എല്ലാവരും പാലില്ലാതെയല്ലേ ഇത്രേന്നാളും ചായ കുടിച്ചത്? ഇപ്പേന്താ ഇത്ര ഒര് കൊതി? ഞാങ്കുടിക്കണൊണ്ടോ?'

'നീ മഹാ അറുക്കീസായിപ്പോയല്ലോ?'

'ഖദീജാട ബാപ്പാ കുറികൂടീട്ടൊണ്ട്. അതിനെറക്കാൻ കാശ് വേണ്ടേ?'

അതും ശരി, എന്നെല്ലാം വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ സുലൈമാൻ മൂന്നു കൈതച്ചക്ക കൊണ്ടുവന്ന് എനിക്കു തന്നിട്ടു പറഞ്ഞു:

'ശീമച്ചക്കയാണിയ്ക്കാക്കാ, നന്നായിരിക്കും.'

ഞാനതിലൊന്നു ചെത്തി പിള്ളേർക്കെല്ലാം ഓരോ കഷണം കൊടുത്തിട്ടു തിന്നുകൊണ്ടിരിക്കുമ്പോൾ അബു അവന്റെ സർവപ്രൗഢിതയോടെ കയറിവന്നു.

'ആ...... പണക്കാരായാൽ ഇങ്ങനെ ഇരിക്കും!'

അവൻ പറഞ്ഞു: 'കൈതച്ചക്ക തരാൻ എനിക്കാരുമില്ല. ഇന്നു വല്യഇയ്ക്കാക്കായ്ക്ക് ഒരു സദ്യ തരാൻ ഒരുക്കം കൂട്ടുന്നുണ്ട്!'

'എന്തു സദ്യ?'

'ഒറോട്ടീം കരളും ചായയും!'

'നീയും എന്റെ കൂടെ പോര്.'

'എന്നെ ആരും വിളിച്ചിട്ടില്ല. വല്യ ഇയ്ക്കാക്കാ ഒരു സംഗതി അറിഞ്ഞോ? അറിക്കീസായ വല്യ ഇത്താത്താ കൊച്ചിക്കായ്ക്കും ഹനീഫായ്ക്കായ്ക്കും ഇന്നലെ പാലൊഴിച്ചു ചായ കൊടുത്തയച്ചു!'

'പാലൊഴിച്ച ചായയോ?'

'അതെ!'

'നിനക്കു തന്നില്ലേ?'

'ഞാനവരുടെ കിറിയുടെ അടുത്തല്ലേ ഇരിക്കുന്നത്? അതുകൊണ്ട് ഒരു സിങ്കിൾ എനിക്കും കിട്ടി.'

അദ്ഭുതംതന്നെ. പാത്തുമ്മാ അബ്ദുൽഖാദറിനും ഹനീഫായ്ക്കും കൂട്ടത്തിൽ അബുവിനും പാൽചായ കൊടുത്തയച്ചിരിക്കുന്നു! ഇതിലെന്തെങ്കിലും രഹസ്യം കാണും!

'പാത്തുമ്മാ ഈ പാൽചായ കൊടുത്തയയ്ക്കാൻ കാരണമെന്ത്?'

'ഹനീഫാ ഇയ്ക്കാക്കാ സ്ട്രൈക്കു ചെയ്തു!'

'എന്തു സ്ട്രൈക്ക്?'

'വല്യ ഇത്താത്തായുടെ കുപ്പായം, ഖദീജായുടെ ബ്ലൗസ്, പിന്നെ കീറത്തുണികൾ ഇതെല്ലാം തൈച്ചു കൊടുക്കുന്നത് ഹനീഫാ ഇയ്ക്കാക്കായാണ്. മിനിയാന്നോ മറ്റോ എന്തോ തൈപ്പിക്കാൻ ഖദീജാ വന്നപ്പോൾ മനസ്സില്ല തൈച്ചുകൊടുക്കാനെന്നു പറഞ്ഞയച്ചു. മേലിൽ അങ്ങനെ പറയാതിരിക്കാനുള്ള കൈക്കൂലിയാണ് ആ ഒരു സിങ്കിൾ പാൽചായ!'

'അബ്ദുൽഖാദറിനു കൊടുത്തതോ?'

'അത് വല്യമച്ചാൻ കൊച്ചിയ്ക്കാക്കായ്ക്ക് കു[illegible] രൂപാ കൊടുക്കാനുണ്ട്. കൊച്ചിത്താത്താന ക[illegible]ഭപ്പോൾ കൊച്ചിയ്ക്കാക്ക പറഞ്ഞു, രൂപാ ഉ[illegible]നെ തിരിച്ചു കൊടുത്തില്ലെങ്കിൽ കേസ് കൊ[illegible]ും! ഒന്നാം പ്രതി വല്യമച്ചാൻ, രണ്ടാംപ്രതി വല്യഇത്താത്ത, മൂന്നാം പ്രതി ഖദീജാ. അതും പോരെങ്കിൽ

ആടിനെ ജപ്തി ചെയ്യിക്കും! അങ്ങനെ ഒന്നും ചെയ്യാതിരിക്കാനാണ് ഒരു സിങ്കിൾ ചായ!'

ഇങ്ങനെ കൈക്കൂലി കൊടുക്കാനും പാത്തുമ്മായുടെ ആടിൻെറ പാലുപയോഗിക്കുന്നുണ്ട്?

അബു പറഞ്ഞു:

'കുട്ടമ്പിള്ള വരുന്നുണ്ട്.'

നേരുതന്നെ. പോസ്റ്റ്മാൻ കുട്ടൻപിള്ള പടികടന്നുവന്ന്, ഒരു പാർസൽ തന്നു. ഞാൻ ഒപ്പു വെച്ചു കൊടുത്തു. കുട്ടൻപിള്ള പോയിട്ടും ഞാൻ പാർസൽ അഴിച്ചു നോക്കിയില്ല. ഉമ്മാ ചോദിച്ചു:

'എന്താടാ, ആ കെട്ടില്?'

ഞാൻ പറഞ്ഞു:

'എൻെറ പുതിയ പുസ്തകത്തിൻെറ പത്തു കോപ്പികളാണ്. പ്രസാധകന്മാർ എനിക്കു പാരിതോഷികമായി അയച്ചു തന്നതാണ്. മതിയോ?'

അപ്പോൾ ഉമ്മായ്ക്കറിയണം:

'വിറ്റാക്കാശ് കിട്ടുവോ?'

'നിങ്ങടെ പാട്ടിനൊന്നു പോകാവോ അപ്പുറത്ത്? കാശ്, കാശ്, കാശ്!'

എൻെറ പക്കലാണെങ്കിൽ അപ്പോൾ ദമ്പടിപോലുമില്ല. എൻെറ മനസ്സിൽ ഒരു ഉശിരൻ ചിന്ത ഉദിച്ചു. ഉമ്മാ പോയപ്പോൾ ഞാൻ അബുവിനെ രഹസ്യമായി വിളിച്ചു:

'നിനക്കീ പുസ്തകങ്ങൾ ചന്തയിലെങ്ങാനും കൊണ്ടുപോയി വിൽക്കാമോ?'

അവൻ എടുത്ത വായിക്കു ചോദിക്കുകയാണ്?

'എന്ത് കമ്മീഷൻ തരും?'

'അതൊക്കെ തരാമെടാ' എന്നും പറഞ്ഞു പാർസൽ അഴിച്ച് ഒമ്പതു പുസ്തകം ഒരു കടലാസിൽ പൊതിഞ്ഞ് അബുവിൻെറ പക്കൽ കൊടുത്തയച്ചിട്ടു കാത്തിരിപ്പായി.

സ്വന്തം നാട്. ഞാനെഴുതിയ പുസ്തകം. വല്ലവരും കാശു കൊടുത്തു വാങ്ങിക്കുമോ?

ഒന്നുരണ്ടു മണിക്കൂർ കഴിഞ്ഞു. അബു വന്നു. ഭാഗ്യം. പുസ്തകങ്ങളെല്ലാം വിറ്റിരിക്കുന്നു! ഒരു പുസ്തകത്തിൻെറ വില മുഴുവനും അബുവിനു കൊടുത്തു. ബാക്കി കാശെണ്ണിക്കൊണ്ടിരിക്കുമ്പോൾ 'എന്തു കിട്ടിയെടാ?' എന്നും ചോദിച്ച് ഉമ്മാ വന്നു. അവരാ കാശു കണ്ടതിൽ എനിക്കു കലശലായ ദ്വേഷ്യം തോന്നി. എൻെറ അടുത്തിരുന്ന ഒരു ഗ്ലാസ് എടുത്ത് സർവശക്തിയും ഉപയോഗിച്ച് കൊടുത്തു ഒരേറ് ചുമരിന്! ഒരു പതിനായിരം കഷണങ്ങളായി ഗ്ലാസ് നുറുങ്ങി 'ക്ണീം'! എന്നു വീണു. വീടു നിശ്ശബ്ദമായി. എനിക്ക് വലിയ ആശ്വാസം തോന്നി. ഉമ്മാ ഒന്നും മിണ്ടാതെ അതെല്ലാം തൂത്തുപെറുക്കി ഒരു കടലാസിൽ പൊതിഞ്ഞു കൊണ്ടുപോയി കളഞ്ഞു. എന്നിട്ടു വന്ന് ഒന്നും മിണ്ടാതെ എൻെറ നേരെ മുമ്പിൽ പടിഞ്ഞാട്ടു നോക്കി ഇരിപ്പായി. എന്താ ഒന്നും മിണ്ടാത്തത്!

ഞാൻ ബാക്കിയുണ്ടായിരുന്ന 'വിശ്വവിഖ്യാതമായ മൂക്ക്' എടുത്തു പാത്തുമ്മായുടെ ആടിനു വെച്ചു നീട്ടി. അത് ആർത്തിയോടെ അടുത്തു വന്നു.

'ഇതെന്താ വലിയ ഇയ്ക്കാക്കാ?' അബു ചോദിച്ചു. ഞാൻ പറഞ്ഞു:

പാത്തുമ്മായുടെ ആട്, ബാല്യകാലസഖി, ശബ്ദങ്ങൾ എന്നിവ രുചിയോടെ തിന്നതാണ്. അപ്പോൾ ഇനിയും പുസ്തകങ്ങളുണ്ട്. കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. വിശ്വവിഖ്യാതമായ മൂക്ക് അതു തിന്നുനോക്കട്ടെ.'

'അതിനെത്തീറ്റണ്ട!' അബു പറഞ്ഞു. ഞാൻ പുസ്തകം കൊണ്ടുപോയി പെട്ടിക്കകത്തു വെച്ചു. അബു പോയപ്പോൾ കിട്ടിയ കാശിൻെറ നേർപകുതി ഉമ്മായുടെ മടിയിൽ ഇട്ടുകൊടുത്തു. ഉമ്മാ ചോദിച്ചു:

'എടാ ആ പൊസ്തകത്തിന് ഒന്നിന് എന്ത് വെലേണ്ടാർന്ന്?'

ഞാൻ സത്യം പറഞ്ഞു. കുറേക്കഴിഞ്ഞ് അബ്ദുൽഖാദർ ഉണ്ണാൻ വന്നപ്പോൾ എൻെറ പക്കൽ ബാക്കിയുണ്ടായിരുന്ന പുസ്തകം അങ്ങു വാങ്ങിച്ചു.

'ഒരു വലിയ കെട്ടായിരുന്നല്ലോ?'

'പത്തു കോപ്പിയുണ്ടായിരുന്നു. ഒമ്പതെണ്ണം അബൂനെക്കൊണ്ടു വിൽപ്പിച്ചു.

'കാശെവിടെ?'

'ഒന്നിൻെറ വില അബൂനു കൊടുത്തു. ബാക്കിയുണ്ടായിരുന്നതിൻെറ പകുതി ഉമ്മായ്ക്കു കൊടുത്തു.'

'എനിക്കൊന്നുമില്ല?'

'നീ ആ പുസ്തകം വിറ്റു കാശെടുത്തോ.'

'ഉമ്മാ!' എന്നു വിളിച്ചിട്ട് അവൻ അകത്തേക്കു പോയി. അവിടെ ചില കശപിശകൾ കേട്ടു.

'ഞാനാ ഇവിടെ ചിലവിനന്വേഷിക്കുന്നത്. നിങ്ങളല്ല!' അബ്ദുൽഖാദർ പറയുന്നതു കേട്ടു. കുറേക്കഴിഞ്ഞു സന്തോഷത്തോടെ അവൻ പോയി. ഉമ്മായുടെ മുഖഭാവം കണ്ടപ്പോൾ ഉമ്മായുടെ പക്കൽ ഉണ്ടായിരുന്ന ചില്ലറ അബ്ദുൽഖാദർ കൊണ്ടുപോയതായി തോന്നി.

നാലുമണിയോടുകൂടി കൊച്ചുണ്ണിയും ഖദീജായും കൂടി വന്ന് എന്നെ ക്ഷണിച്ചു. അബുവിനേയുംകൂട്ടി ഞാൻ പോയി.

കൊച്ചുണ്ണിയുടെ വീട്ടിൽ കൊച്ചുണ്ണിയുടെ ബാപ്പായും ഉമ്മായും പെങ്ങളുമുണ്ട്. പാത്തുമ്മായ്ക്കും കൊച്ചുണ്ണിക്കും ഖദീജായ്ക്കും പാത്തുമ്മായുടെ ആടിനും കുട്ടിക്കും കോഴികൾക്കുംകൂടി

സ്വൈരമായി താമസിക്കാൻ ഒരു ചെറ്റക്കുടിലു ണ്ടെന്ന് അബു പറഞ്ഞു. 'അതിൻെറ കാര്യം വലിയ ഇയ്ക്കാക്കാ അറിയരുതെന്ന് വല്യ ഇത്താത്താ പറ ഞ്ഞിട്ടുണ്ട്. വല്യ ഇയ്ക്കാക്കാ അതൊന്നു കാണണം' എന്ന് അബു രഹസ്യമായി എന്നോടു പറഞ്ഞു.

പത്തിരി ചുട്ടതും കരൾ വെച്ചതും വയർ നിറച്ചു ഞങ്ങൾ അടിച്ചു. പാൽചായയും കുടിച്ചു. പാത്തു മ്മായുടെ വീടു ഞങ്ങൾ കണ്ടു.

'വല്യ ഇയ്ക്കാക്കാ എന്തിനാ ഇങ്ങോട്ടു വന്നത്?' എന്നു ദുഃഖത്തോടെ പാത്തുമ്മാ ചോദിച്ചു. പാത്തു മ്മായുടെ വീട് ദയനീയമായ ഒന്നാണ്. മണ്ണു കുഴച്ചുവെച്ച് പനയോല മേഞ്ഞ ഒരു ചെറിയ മുറി. അതിൻെറ കതക് പുരാതനമായ ഏതോ വീടിൻേറതാണ്. അതു കയറുകൊണ്ടു കെട്ടിവച്ചിരി ക്കയാണ്. അതിനു പൂട്ടൊന്നുമില്ല.

'വല്യ കൊറച്ചിലായി,' പാത്തുമ്മാ പറഞ്ഞു.

'ഇഞ്ഞി ഞാൻ ജീവിച്ചിട്ടെന്താ കാര്യം?'

ഞാൻ പറഞ്ഞു:

'നീ ചുമ്മാതിരി. അതിൻെറ കതക് നന്നാക്കാ നുള്ള രൂപാ ഞാൻ തരാം.'

'വേണ്ട വല്യഇയ്ക്കാക്കാ. ഞാൻ എൻെറ ആട്ടിൻെറ പാല് വിറ്റ് ഒണ്ടാക്കിക്കോളാം.'

'വേണ്ട; ഞാൻ തരാം.'

അന്നു രാത്രി ഊണും കഴിഞ്ഞു ഞാൻ വീട്ടിൽ കസേരയിൽത്തന്നെ പടിഞ്ഞാട്ടു തിരിഞ്ഞി രിക്കയാണ്. കൊച്ചുണ്ണിയുണ്ട്, സുലൈമാനുണ്ട്, പാത്തുമ്മായുണ്ട്, എല്ലാവരുമുണ്ട്.

അബ്ദുൽഖാദർ ഹനീഫായോടു പറഞ്ഞു:

'എടാ നമുക്കു വെളുപ്പിനെ പോകണം. കച്ചേരി തുറന്നാൽ ഉടനെ നമ്മുടെ കേസ് ഫയൽ ചെയ്യിച്ചു നമുക്കിങ്ങു പോരാം.'

ഞാൻ ചോദിച്ചു:

'എന്തു കേസ്?'

'ഒരു സിവിൽകേസ്. ഒരു ഉടൻജപ്തിയു മുണ്ട്. ഈ കേസ് ഞാൻ നീട്ടിവെച്ചിരുന്നതാണ്. പക്ഷേ, ചില സംഭവവികാസങ്ങളുണ്ടായി. ഇനി താമസിപ്പിക്കാൻ തരമില്ല.'

'എന്തു സംഭവവികാസങ്ങൾ?'

'പത്തിരി ചുട്ടതേ, തേങ്ങാപ്പാലിൽ മുക്കി പിഞ്ഞാ ണത്തിൽ അടുക്കിവെച്ചു കൊടുത്തപ്പോൾ ഞങ്ങളെ ഓർത്തില്ല. കരൾ വെച്ചതു കുഴിയമ്പിഞ്ഞാണത്തിൽ നിറയെ കോരിയിട്ടു കൊടുത്തപ്പോൾ ഞങ്ങളെ ഓർ ത്തില്ല. ഞങ്ങൾക്ക് ഓരോ ശിങ്കിള് ചായ! വേറേ ആൾക്കാർക്ക് പത്തിരിയും കരളും.'

ആനുമ്മാ പറഞ്ഞു:

'ഞാനും ഉമ്മായും നാത്തൂന്മാരും പള്ളീല വെള്ളം കുടിച്ചുകൊണ്ട് ഈ വീട്ടിൽ ഇരുപ്പു ണ്ടായിരുന്നു. ഞങ്ങളേയും ഓർത്തില്ല!'

'സുലൈമാൻ പറഞ്ഞു:

'അപ്പ ഞാനോ?'

അബ്ദുൽഖാദർ പറഞ്ഞു:

'സുലൈമാനേ, നീ ഒന്നാം സാക്ഷി.'

പാത്തുമ്മാ പറഞ്ഞു:

'ഞാൻ ആരെല്ലാം പേടിക്കണം? ഉമ്മാന പേടി ക്കണം, നാത്തൂന്മാരേം എൻെറ അനുശത്തീനേം പേടിക്കണം. കൊച്ചിക്കാന പേടിക്കണം. ഹനീഫാന പേടിക്കണം. അബൂന പേടിക്കണം. എൻെറ കെട്ടിയോന പേടിക്കണം. ഇപ്പം സുലൈമാനേം പേടിക്കണം.'

'എന്ന ആരും പേടിക്കണ്ട!' അബു അവൻെറ തൊള്ള തുറന്നു.

ഞാൻ പറഞ്ഞു:

'മതിയെടാ.'

പാത്തുമ്മാ പറഞ്ഞു:

'കൊച്ചിയ്ക്കാക്കാ, ഞാൻ എല്ലാരിക്കും കരളു വെച്ചതും ഒറോട്ടീം ചായേം തരാം. കൊറച്ചു ദെവസം ക്ഷമിച്ചാ മതി.'

'എത്ര ദിവസം?' അവൻ ചോദിച്ചു.

'അതു ഞാൻ പറയാം കൊച്ചിയ്ക്കാക്കാ. എടാ ഹനീഫാ, അന്നാലും നീ അതു ചെയ്തല്ലോ. ഖദീ ജാടേ നീ അതു തയിക്കാതെ കൊടുത്തയച്ചില്ലേ?'

ഹനീഫാ പറഞ്ഞു:

'ഞാൻ സക്കാത്തിൽ തയിച്ചങ്ങനെ ഇരുന്നാൽ മതിയല്ലോ. അബൂനു ദിവസവും ഷർട്ട് തയ്ക്കണം. ഈ വീട്ടിലുള്ള എല്ലാവർക്കും തയ്ക്കണം. വല്ലവരും കൂലി തരുന്നുണ്ടോ?'

അബ്ദുൽഖാദർ പറഞ്ഞു:

'നിൻെറ കെട്ടിയോളുടെ കുപ്പായം തയ്ക്കുന്ന തിനു ഞാൻ കാശ് തരണം. ലൈലായുടെ പാവാടയും ബ്ലൗസും തയ്ക്കുന്നതിനു ഞാൻ കാശ് തരണം. അബിയുടെ കോട്ടും ട്രൗസറും തയ്ക്കുന്ന തിനു ഞാൻ കാശ് തരണം. കൊള്ളാമല്ലോടാ?'

ഹനീഫാ പിണങ്ങി:

'ആരും എനിക്കൊന്നും തരണ്ടാ. ഞാൻ പട്ടാള ത്തിൽ പൊയ്ക്കോളാം. ഈ രാത്രി പൊയ്ക്കോളാം!'

അപ്പോഴാണ് എനിക്കൊരു സംഗതി ഓർമ വന്നത്. ഞാൻ പറഞ്ഞു:

'എടാ, ഒരരമണിക്കൂർ കഴിഞ്ഞു പോകാം പട്ടാള ത്തിൽ! നീ പലപ്പോഴും പട്ടാളത്തിൽനിന്ന് അവധിക്കു

വന്നിട്ടു തിരികെ പോകുമ്പോൾ എറണാകുളത്ത് എൻെറ അടുത്തു വന്നിട്ടില്ലേ? അപ്പോഴൊക്കെ നീ എന്നോട് അഞ്ചും പത്തും കടം വാങ്ങിച്ചുകൊണ്ടു പോയിട്ടുണ്ട്. ഉണ്ടായിരുന്നതെല്ലാം ഉമ്മാ വാങ്ങി, അബ്ദുൽഖാദർ വാങ്ങി എന്നാണു നീ പറഞ്ഞിട്ടുള്ളത്. ആ രൂപാ ഒന്നും നീ എനിക്കയച്ചു തന്നിട്ടില്ല. അതെല്ലാം ഇങ്ങെടുക്ക്.'

ഹനീഫാ ഉടനെ ഐശോമ്മായെ വിളിച്ചു:

'ഇറങ്ങെടീ, കൊച്ചുങ്ങളേം എടുത്തോ. ഈ വീട്ടിൽ ഇനി താമസിക്കണ്ട. ആളുകളുടെ മെക്കിട്ടു കേറ്റം. നമുക്കവിടെപ്പോയി വല്ല ഓലക്കീറും ചാരി താമസിക്കാം. വാ. എണീരെടാ അബി.'

ഞാൻ ചോദിച്ചു:

'എടാ, നീ എനിക്കു രൂപാ തരാനുണ്ടോ?'

അവൻ പറഞ്ഞു:

'അതൊക്കെ അന്നല്ലെ വല്യഇയ്ക്കാക്കാ. അതെല്ലാം ഇപ്പോളാരാ ഓർക്കുന്നത്!'

'ഏതായാലും തരാനുണ്ടെന്നു തെളിഞ്ഞല്ലോ. സന്തോഷം.'

ഞാൻ പോയി കിടന്നു. വെളുപ്പിനേ നാലുമണിക്ക് പാത്തുമ്മായും കൊച്ചുണ്ണിയും ഖദീജായും പോകുന്ന ഹരം കേട്ടുണർന്നു. . ഞാനങ്ങനെ കിടക്കുകയാണ്.

ഉമ്മാ ചോദിച്ചു:

'നീ എണീച്ചിരിക്ക്കേണോ?'

ഞാൻ പറഞ്ഞു:

'ഞാൻ കിടക്കുകയാണ്. എന്താ?'

ഉമ്മാ പറഞ്ഞു:

'നിൻെറ കാശൊണ്ടേ ഒര് രൂപ എനിക്കു താ. ആരും അറിയണ്ട.'

'ഇന്നലെത്തന്നില്ലേ ഞാൻ?'

'അതൊക്കെ അബ്ദുൽഖാദർ മേടിച്ച്. അവനല്ലേ വീടു നോക്കണത്? എത്രേണ്ണത്തിനു ചെലവിനു കൊടുക്കണം! ദെവസം എത്ര രൂപാ വേണോന്ന് നീ ഒന്നാലോചിച്ചേ.'

'നിങ്ങളുടെ പാട്ടിനു പോ. മിണ്ടിപ്പോയാൽ ഞാൻ ഇപ്പോൾ ഇവടന്നു പൊയ്ക്കളയും!'

ഉമ്മാ മിണ്ടിയില്ല. ഞാൻ കൃമ്മാതെ കിടന്നു. കുറേനാൾ മുമ്പു ഞാൻ വന്നപ്പോഴുണ്ടായ ഒരു സംഭവം ഓർത്തു:

അന്ന് ഞാൻ താമസിച്ചിരുന്നത്, ഞാൻ സാധാരണ താമസിക്കാറുള്ള ചെറിയ വീട്ടിലാണ്.

വന്നത് ഒരു സ്പെഷ്യൽ കാറിലായിരുന്നു! കാറ് വന്നു കെട്ടിടത്തിൻെറ മുമ്പിൽ നിന്നപ്പോൾ കുറെ ആളുകൾ കൂടി. ഞാൻ ടാക്സിഡ്രൈവർക്കു നോട്ടെണ്ണി കൊടുക്കുന്നത് എല്ലാവരും കണ്ടു.

അന്നു രാത്രി ഊണു കഴിഞ്ഞു ഞാൻ കിടക്കാൻ ഭാവിക്കുമ്പോൾ അബ്ദുൽഖാദറും ഉമ്മായും ഹനീഫായുംകൂടി വന്നു. വന്ന ഉടനെ അബ്ദുൽഖാദർ പറഞ്ഞു:

'ഇയ്ക്കാക്കാ രൂപാ വല്ലതും ഉണ്ടെങ്കിൽ ഇവിടെ വെച്ചേക്കണ്ട. ഇങ്ങെടുക്ക്. വല്ല കള്ളന്മാരും വരും. വന്നു തല്ലിക്കൊല്ലും!'

ഞാൻ അഞ്ഞൂറു രൂപാ ഉമ്മാ കാൺകെ എണ്ണി അവൻെറ കൈയിൽ കൊടുത്തു! കള്ളന്മാർ വന്നു തല്ലിക്കൊന്നോട്ടെ, കാശു പോകുകയില്ലല്ലോ! എല്ലാവരും തൃപ്തിയോടെ പോയി. ഞാൻ സമാധാനചിത്തനായി അങ്ങനെ കിടന്ന് ഒരു ബീഡി കത്തിച്ചു. അപ്പോൾ ആരോ ഒരാൾ ഇരുളിൽ പുരയ്ക്കകത്തിരിക്കുന്നതായി എനിക്കു തോന്നി. കഠാരിയുമായി എന്നെ വധിച്ചിട്ടു പണം തട്ടിക്കൊണ്ടു പോകാൻ വന്ന മോഷണത്തൊഴിലാളിയാണോ? ഒരു ലേശം പേടിയോടെ ഞാൻ ചോദിച്ചു:

'ആരത്?'

'ഞാനാടാ,' ഉമ്മാ പതുക്കെ പറഞ്ഞു: 'ആരും കാണാതെ ഞാൻ വന്നതാ!'

'എന്താണാവോ വിശേഷം?'

'എടാ, ചെവിക്കു ചെവി ആരും അറിയണ്ടാ.' ഉമ്മാ പറഞ്ഞു: 'നീ ഇനിക്ക് ഒരിരുപത്തഞ്ചു രൂപാ തരണം. ആരും അറിയരുത്!'

ഉമ്മായല്ലേ; പെറ്റു മുല തന്നു വളർത്തി എന്നു പറയുന്ന തള്ളയല്ലേ. ഞാൻ ഇരുപത്തഞ്ചു രൂപാ അപ്പോൾ തന്നെ അങ്ങ് എടുത്തുകൊടുത്തു. അങ്ങനെ ഞാൻ സമാധാന ചിത്തനായി ഉറങ്ങി. പിറ്റേദിവസം മുതൽ കടംവാങ്ങലുകാരുടെ ഒരു വരവായി. അധികവും സ്ത്രീകളാണ്. എല്ലാവരും മുസ്ലിം സമുദായക്കാരല്ല. എന്നാൽ, എല്ലാവരുടേയും മുല ഞാൻ കുടിച്ചിട്ടുണ്ട്? 'അതു പുള്ള മറന്നുപോയോ? ഒരു രണ്ടു രൂപാ എനിക്കു താ.'

ഞാനിങ്ങനെ രണ്ടും നാലും അഞ്ചും കൊടുത്തു തുടങ്ങി. നൂറു രൂപയോടടുത്തപ്പോൾ 'ഇല്ല, ഞാൻ ആരുടേയും മുല കുടിച്ചിട്ടില്ല!' എന്ന ഉശിരൻ പ്രസ്താവനയുമായി ഇരിപ്പായി. ഇതിനിടയിൽ ഒരു തമാശ നടക്കുന്നുണ്ടായിരുന്നു. ഉമ്മാ അബിയേയും പാത്തുക്കുട്ടിയേയും കൊണ്ടുവരും.

'വല്ലതും കൊടെടാ ഈ കൊച്ചുങ്ങക്ക്. ചെമ്പൊന്നും കൊടുക്കല്ലേ!'

തന്നെയുമല്ല.

'എടാ, നീ ഇപ്പ ഇവിടെ താമസിക്കാൻ വന്ന്. നിന്നക്കാണാൻ നിൻെറ കൂട്ടുകാര് വരിയേലേ? ഞമ്മളവർക്കു ചോറെന്തിൽ കൊടുക്കും?'

'ഇലയിൽ!'

'അതു പോക്കണമേടാ. ഞമ്മക്ക് കൊറെ സാനും വസ്റ്റീം കുഴിയമ്പിഞ്ഞാണോം കെളാസും വേണം.'

'എൻേറ കാശില്ല.'

'എന്നാ ഞാനാ ആനാപ്പറമ്പിലെ പീടിയേപ്പോയി നീ പറഞ്ഞിട്ടെന്നും പറഞ്ഞ് മേടിക്കും!'

മൂപ്പത്തി അങ്ങനെ ചെയ്തുകളയും! ആനാപ്പറമ്പിൽ വർക്കിക്കുഞ്ഞിന് വലിയ സ്റ്റേഷനറിക്കടയുണ്ട്. മേൽപ്പടിയാൻ എൻെറ സ്നേഹിതനുമാണ്. അവിടെ ഉമ്മാ ചെല്ലുകയാണെങ്കിൽ ആ കടയിലുള്ളതു മുഴുവനും കൊണ്ടുപോരാൻ മടിക്കയുമില്ല! ഞാൻ പറഞ്ഞു:

'ഉമ്മാ പോകണ്ട. ഞാൻ ചെന്നു വാങ്ങിച്ചു കൊണ്ടുവരാം.'

ഞാൻ ചെന്നു വലിയ ഒരു ചുമടു പാത്രങ്ങൾ ഒരാളെക്കൊണ്ട് എടുപ്പിച്ചു കൊണ്ടുവന്നു കൊടുത്തു. അങ്ങനെ സമാധാനത്തോടെ താമസിച്ചു വരുമ്പോൾ ഉമ്മാ പറഞ്ഞു:

'എടാ ഇപ്പ നീ ഏതായാലും ഇവിടെ താമസിക്കാൻ വന്ന്. നിൻെറ കൂട്ടുകാര് വന്നാ എവിടെ ഒറങ്ങും? നീ കൊറെ മെത്തപ്പായും തലങ്ങ്ണീം മേടീര്.'

'നിങ്ങള് ചുമ്മാ പോ!'

എന്തിന്! ശല്യം തീരാൻവേണ്ടി ഞാൻ അതും വാങ്ങിച്ചു കൊടുത്തു. അപ്പോൾ ഉമ്മായ്ക്ക് ഒരു ചെമ്പുകലം വേണം! വല്ല നെല്ലും കിട്ടിയാൽ പുഴുങ്ങാം. കുളിക്കാൻ വെള്ളം കോരിയിടാം. ന്യായമാണല്ലോ?

ഞാൻ വിചാരിച്ചു: ചെമ്പുകലം കഴിഞ്ഞാൽ പിന്നെ കാളവണ്ടി! അതും കഴിഞ്ഞാൽ മോട്ടോർ കാർ! ങ്ഹും!

പെട്ടിയും കിടക്കയും എടുത്തു ഞാൻ ഒരൊറ്റ പോക്കുകൊടുത്തു. വർക്കല കടന്ന്, മദ്രാസ് എല്ലാം ചുറ്റി വന്നു. പിന്നെയും പോയി, പിന്നെയും വന്നു. അങ്ങനെയാണ് ഈ വരവ്. ഹനീഫാ പട്ടാളത്തിൽ പോകുമെന്നു പറയുമ്പോലെയല്ല; ഞാൻ പോകുമെന്നു പറഞ്ഞാൽ ഞാൻ പോകും! അതുകൊണ്ട് ഉമ്മാ അനങ്ങാതെ, മിണ്ടാതെ കിടക്കുകയാണ്. ഞാൻ എണീറ്റുചെന്ന് പെട്ടി തുറന്നു. ബാക്കിയുണ്ടായിരുന്ന കാശു മുഴുവനും എടുത്തുകൊടുത്തു. ഞാൻ പറഞ്ഞു:

'ഇനി പേടിക്കേണ്ട. ഞാൻ പോകുമെന്നു പറഞ്ഞാൽ പോകാൻ സാധിക്കയില്ല. വഴിച്ചെലവിനു കാശില്ല, ഇനിയങ്ങ് എന്നെ പോറ്റിക്കോ.'

ഓർമകൾ അങ്ങനെ പോയി.

ദിവസങ്ങൾ കുറെ നീങ്ങി.

അപ്പോൾ ഒരു അദ്ഭുതസംഭവമുണ്ടായി. മഹിളാരത്നങ്ങളുടെ സുന്ദരവിക്രിയകൾ. പാത്തുമ്മായുടെ ആടിനെ രണ്ട് ആനുമ്മാമാരും ഐശോമ്മായും ഉമ്മായുംകൂടി വീണ്ടും കറന്നു പാലെടുത്തു ചായ കുടിച്ചു! കുട്ടിയില്ലാതെയാണ്. ഒരു തവണയല്ല. ദിവസവും പാൽ മോഷണം! കുട്ടിയില്ലാതെ ആട് ചുരത്തുകയില്ലെന്നുള്ള വിശുദ്ധ വിശ്വാസത്തിൽ സുഖത്തോടും സമാധാനത്തോടും ജീവിക്കുകയാണ് പാത്തുമ്മാ!

ചുമ്മാ ഒരു രസത്തിന് അബിയേയും പാത്തുക്കുട്ടിയേയും ആട്ടിൻകുട്ടിയാക്കാൻ ശ്രമിച്ചിട്ടു പറ്റിയില്ല. ഒടുവിൽ സുബൈദയും റഷീദും ആട്ടിൻകുട്ടികളായി, ആടിൻെറ മുലകൾ ചപ്പിക്കുടിച്ചു. ചുമ്മാ ആട്ടിൻകുട്ടികൾ! ഈ അദ്ഭുത സംഭവമാണ് പാത്തുമ്മാ കേട്ടത്! പാത്തുമ്മാ നെഞ്ചത്തടിച്ചു കരഞ്ഞു.

'നിങ്ങള് മനുഷ്യരാണോ? നിങ്ങളിങ്ങനെ ചെയ്തല്ലോ. വേണ്ട, ഞാൻ നിങ്ങക്കു പാല് തരാം!'

പിറ്റേദിവസം മുതൽ പാത്തുമ്മായുടെ വക അരക്കുപ്പി പാൽ വീട്ടിൽ റെഡിയായി വന്നു തുടങ്ങി.

സുബൈദ, റഷീദ്, അബി, ആരിഫാ, ലൈലാ, പാത്തുക്കുട്ടി എല്ലാവർക്കും കുശാൽ! ആനുമ്മാമാർക്കും ഐശോമ്മായ്ക്കും ഉമ്മായ്ക്കും പാൽചായ തന്നെ!!

ഇപ്പോൾ ആടിൻെറ കൂടെ കുട്ടിയും വരുന്നുണ്ട്. കൂട്ടത്തിൽ അരക്കുപ്പി വെള്ളം ചേർക്കാത്ത ശുദ്ധ പാലുമായി ഖദീജായും!

ഇങ്ങനെ രണ്ടുജാതി പാൽ വീട്ടിൽ കിട്ടുന്നു. ഒന്നു സുന്ദരമായി കക്കുന്നത്! ഒന്നു സത്യസന്ധതയോടെ, പരോപകാരാർഥം പാത്തുമ്മാ കൊടുക്കുന്നത്. പാവം പാത്തുമ്മാ! എന്തു ചെയ്യും?

ഒരു രഹസ്യം മാത്രം ഇനിയും അറിയാൻ കഴിഞ്ഞില്ല. ഈ ബുദ്ധിയൊക്കെ പെണ്ണുങ്ങളിൽ ആർക്കാണ് ആദ്യം തോന്നിയത്.

ശുഭം!

# അഭ്യാസം

കണ്ടെത്തി എഴുതുക

1. 'പാത്തുമ്മായുടെ ആട്' എന്ന നോവലിന് ബഷീർ തന്നെ നൽകിയ മറ്റൊരു പേര്?
2. നോവലിന് അനുയോജ്യമായ വേറൊരു പേര് നിർദ്ദേശിക്കാമോ?
3. 'അതു തിന്നാൻ ഈ ആട് ധൈര്യപ്പെടുമോ?' ഏതിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്? ആടുപോലും തിന്നാൻ മടിക്കും എന്നു പറഞ്ഞതിൻെറ പൊരുൾ കണ്ടെത്തുക.
4. "വരുന്നത് ഒരു സ്റ്റൈലിലാണ്." ആരെ ഉദ്ദേശിച്ചാണ് ഇങ്ങനെ പറയുന്നത്?
5. "എൻെറ പണം കൊണ്ടെറിഞ്ഞിട്ടെന്താ പണത്തിൽ കൊള്ളാത്തത്" — ഇങ്ങനെ പറഞ്ഞതിൻെറ പൊരുളെന്ത്?
6. "ഒരു ഞെട്ടലോടെ എനിക്ക് വ്യക്തമായി, പെൺപിള്ളേരു നോക്കിയിരുന്നത് എന്നെയായിരുന്നില്ല" — ഇവിടത്തെ 'ഞെട്ടലോടെ' എന്ന പ്രയോഗത്തിൻെറ പശ്ചാത്തലം കണ്ടെത്തുക.
7. "അതും തിന്നട്ടെ" — ഇങ്ങനെ അതിനും തിന്നാൻ കൊടുത്തതിലെ നർമം വിശദമാക്കുക.
8. "അവൻെറ പലുക്കൂസ് വ്യാകരണം" — ഇതിലെ പലുക്കൂസ് വ്യാകരണം എന്ന പ്രയോഗം കഥാസന്ദർഭത്തെ എത്രമാത്രം ഉദാത്തമാക്കുന്നു?
9. "പൊന്നേ, നെനക്കുള്ള പാല് അവര് കട്ട് കുടിച്ചുകളഞ്ഞു. പച്ചവെള്ളം തരാം വാ" — കട്ടതാരെല്ലാം? അതിൽ പ്രതിഷേധമുള്ളതാർക്ക്? ആർക്കുള്ള പാലാണ് കട്ടത്?
10. "ഉമ്മ ഒന്നും മിണ്ടാതെ അതെല്ലാം തൂത്തുപെറുക്കി ഒരു കടലാസിൽ പൊതിഞ്ഞു കൊണ്ടുപോയി കളഞ്ഞു" — ഈ പ്രസ്താവനയ്ക്ക് മുമ്പ് നടന്നതെന്ത്?
11. 'ബേപ്പൂർ സുൽത്താൻ' എന്ന് ബഷീർ അറിയപ്പെടാൻ കാരണമെന്ത്?
12. 'പക്ഷേ ഞാൻ ശല്യങ്ങളുടെയും ഒച്ചകളുടെയും നടുവിലായി' നോവലിസ്റ്റ് തൻെറ വീട്ടിലെ താമസത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞതെന്തുകൊണ്ട്?
13. നോവലിസ്റ്റിൻെറ വീട്ടിൽ പതിവായെത്തുന്ന പാത്തുമ്മായുടെ ആടിൻെറ രീതികൾ നോവലിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു.
14. അബിയുടെ ട്രൗസർ തിന്ന പാത്തുമ്മായുടെ ആട് കുറ്റക്കാരിയല്ലാത്തതെന്തുകൊണ്ട്?
15. "അങ്ങനെ അന്നു മുതൽ അബ്ദുൽഖാദർ അനുജനായി"— അതിനിടയാക്കിയ സാഹചര്യമെന്ത്?
16. കഥാകൃത്തു പെൺകുട്ടികളോട് പ്രതികാരം ചെയ്തതെങ്ങനെ?
17. അബ്ദുൽഖാദറിൻെറ നെയ്യ് മോഷണം ബഷീർ മറ്റുള്ളവരെ ബോധ്യപ്പെടുത്തിയതെങ്ങനെ?
18. "ഞാൻ പുതപ്പിട്ടു മൂടി കൃമ്മാതെ കണ്ണടച്ചു കിടന്നു"—. ഈ സന്ദർഭത്തിലെ രസികത്തം ചൂണ്ടിക്കാട്ടുക.
19. പതിവില്ലാത്ത രീതിയിൽ പാത്തുമ്മ അബ്ദുൽഖാദറിനും ഖനീഫയ്ക്കും പാൽചായ കൊടുത്തയച്ചതിലെ രഹസ്യം കണ്ടെത്തുക.
20. ഉമ്മ വിവാഹക്കാര്യം പറഞ്ഞപ്പോൾ കഥാകൃത്ത് ചെയ്തതെന്ത്? അതിലൂടെ വെളിവാകുന്ന ബഷീറിൻെറ മനഃസ്ഥിതി എന്ത്?
21. ഈ നോവലിലെ പ്രധാന സംഭവങ്ങൾ ക്രമത്തിൽ രേഖപ്പെടുത്തുക.
22. 'എനിക്കേറ്റവും ഇഷ്ടപ്പെട്ട കഥാസന്ദർഭങ്ങൾ' എന്ന ശീർഷകത്തിൽ ഈ നോവലിലെ സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുക.
23. ഈ നോവലിലെ സവിശേഷമായ പ്രയോഗങ്ങൾ, ശൈലികൾ, സംബോധനകൾ; ഫലിതങ്ങൾ ഇവ കണ്ടെത്തി ക്ലാസിൽ വായിക്കുക.

24. 'ഫലിതത്തിൻെറ ഒരു പുതിയ മുഖമാണ് പാത്തുമ്മായുടെ ആട്' — ഫലിതത്തിൻെറ ഈ സവിശേഷമായ മുഖം അനാവരണം ചെയ്യുക.

25. സ്വന്തം വീട് മോടിപിടിപ്പിക്കാൻ ബഷീർ ചെയ്ത കാര്യങ്ങൾ എന്തെല്ലാം?

ചർച്ച നടത്തുക

1. 'ഹൃദയത്തിലെ രക്തംകൊണ്ടെഴുതിയ ഹൃദ്യവും ശക്തവുമായ ഭാഷയാണ് വൈക്കം മുഹമ്മദ് ബഷീറിൻേറത്.'

2. സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്ത ബഷീർ ഇത്രയും നല്ല കഥാകൃത്തായതെങ്ങനെ?

3. 'മനുഷ്യേതര കഥാപാത്രങ്ങൾക്ക് ഈ നോവലിലുള്ള പങ്ക്.'

4. എന്താണ് നോവൽ?, നോവലിൻെറ വിവിധ വിഭാഗങ്ങൾ, നോവലും ചെറുകഥയും, നോവലും നാടകവും തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പു തയ്യാറാക്കി ചർച്ച ചെയ്യുക.

5. കുടുംബത്തിൽ അംഗങ്ങൾ ഏറിപ്പോയാൽ വരാനിടയുള്ള പൊരുത്തക്കേടുകളെക്കുറിച്ച് 'പാത്തുമ്മായുടെ ആട്' എന്ന കൃതിയെ ആധാരമാക്കി ചിന്തിക്കുക.

വിവരണം തയ്യാറാക്കുക

1. 'ആ സദസ്സിലേക്ക് ഒരു വെള്ളപ്പൂച്ച വന്നു' ഈ സദസ്സിനെ നിങ്ങളുടെ കുഞ്ഞനുജത്തിക്ക് പരിചയപ്പെടുത്തുക.

2. "മാതാവേ, കുറച്ചു ശുദ്ധജലം തന്നാലും"— ഇത് പറഞ്ഞ കഥാപാത്രത്തിന് പിന്നീടുണ്ടായ അനുഭവങ്ങൾ സ്വന്തം വാക്യത്തിൽ വിവരിക്കുക.

3. പാത്തുമ്മായുടെ ആട് പറയുന്ന രീതിയിൽ ഈ നോവലിലെ കഥ വിവരിക്കുക.

4. ചെറിയ ചാമ്പക്ക കൊടുത്തപ്പോൾ വിദ്യാർത്ഥിനികൾ ബഷീറിനെക്കുറിച്ച് പരസ്പരം പറഞ്ഞിരിക്കാൻ സാധ്യതയുള്ള അഭിപ്രായങ്ങൾ സങ്കല്പിച്ച് എഴുതുക.

5. ലേഖകൻെറ സഹോദരങ്ങളുടെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു?

6. തൻെറ ഉമ്മ എന്തു ചുമന്നാലും കഥാകാരൻ മിണ്ടാതിരുന്നതിൻെറ പൊരുൾ ഉമ്മയുടെ സ്വഭാവവുമായി ബന്ധിപ്പിച്ച് എഴുതുക.

7. പാത്തുമ്മായുടെ ആടു പ്രസവിക്കാറായപ്പോൾ കഥാകൃത്തിൻെറ മനസ്സിലൂടെ കടന്നുപോയ വിചാരങ്ങൾ ചുരുക്കിയെഴുതുക.

8. 'സ്ത്രീകൾ മഹനീയ സേവനം അനുഷ്ഠിക്കുന്നു—ഇത് എന്തുകൊണ്ട് പുരുഷൻമാർ അറിയുന്നില്ല?' ഈ അഭിപ്രായപ്രകടനത്തിനിടയായ പശ്ചാത്തലം സ്വന്തം വാക്യങ്ങളിൽ എഴുതുക.

9. എല്ലാവരും തന്നെ പിടിച്ചു പറിച്ചു എന്ന് കഥാകൃത്തിനെക്കൊണ്ട് പറയിച്ചതിൻെറ പിന്നിലുള്ള സംഭവങ്ങളേവ?

10. 'പാത്തുമ്മായുടെ ആടി'ലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രം പാത്തുമ്മായാണോ? ആടാണോ? വീടാണോ? കഥാകൃത്താണോ? സ്ഥാപിക്കുക.

ഉപന്യസിക്കുക

1. ഈ നോവലിലെ എല്ലാ കഥാപാത്രങ്ങളുടെയും ആകൃതിപ്രകൃതികൾ വ്യക്തമാകും വിധം വിവരിക്കുക.

2. ബഷീറിൻെറ കഥകളിൽ പരിസരം നിറഞ്ഞു നിൽക്കുന്നു—പരിശോധിക്കുക.

3. "സ്വന്തമായി ആലോചിച്ചാൽ മറ്റുള്ളവരെ ആശ്രയിക്കാതെ എന്തെങ്കിലുമൊക്കെ കണ്ടുപിടിച്ച് അധ്വാനിച്ച് ഒരുവിധം സുഖമായി ജീവിക്കാൻ ചിലപ്പോൾ കഴിഞ്ഞേക്കും"— ബഷീറിൻെറ ഈ അഭിപ്രായം ആരെക്കുറിച്ചാണെന്നു കണ്ടുപിടിച്ച് ഉപന്യസിക്കുക.

4. പക്ഷിമൃഗാദികളോട് ബഷീറിനുള്ള സ്നേഹത്തെക്കുറിച്ച് വിവരിക്കുക.

കഥയെഴുതുക

1. സഹോദരന്മാരെക്കൊണ്ട് ഖനീഫ മടലുവാരിച്ച സംഭവം കേന്ദ്രീകരിച്ച് ഒരു കഥ രചിക്കുക.

2. സ്വന്തം ഗൃഹാന്തരീക്ഷത്തിൽ നിന്ന് ഒരു സംഭവം സ്വീകരിച്ച് ഓരോ കുട്ടിയും ഓരോ കഥ രചിക്കട്ടെ.

### അഭിനയിക്കുക

ഈ നോവലിനെ പല രംഗങ്ങളുള്ള ഒരു നാടകമാക്കുക. അതിൽ ഒരു രംഗമെങ്കിലും സ്കൂൾ വാർഷികത്തിൽ സംഘം ചേർന്ന് അഭിനയിക്കട്ടെ.

### രചിക്കുക

1. ഈ നോവലിലെ ഓരോ അധ്യായവും ആശയച്ചോർച്ച വരാതെ ആകർഷകമായി രചനാബുക്കിൽ ചുരുക്കി എഴുതുക.
2. ഈ നോവലിൽ ഞാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന കഥാപാത്രം—ഈ വിഷയത്തെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കുക.
3. 'പാത്തുമ്മായുടെ ആട്' എഴുതിയ കഥാകൃത്തിന് ഒരു ആസ്വാദകൻ അയയ്ക്കുന്ന രീതിയിൽ കത്ത് തയ്യാറാക്കുക.

### വായിക്കുക

ഈ നോവലിലെ ഓരോ കഥാപാത്രത്തിന്റെയും സംഭാഷണം ഓരോരുത്തർ അവതരിപ്പിച്ച് നോവൽ സംഘം ചേർന്ന് ക്ലാസ്സിൽ വായിക്കുക.

### കവിതാരചന

വിഷയം—ആട്ടിൻകുട്ടി

### ശേഖരിക്കാം

1. ബഷീറിനു ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ ഏതെല്ലാമാണെന്നും ഏതേത് കൃതികൾക്കാണ് അവ ലഭിച്ചതെന്നും വ്യക്തമാക്കുന്ന ഒരു ചാർട്ട് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.
2. വൈക്കം മുഹമ്മദ് ബഷീറിന്റെയും മറ്റു സാഹിത്യകാരന്മാരുടെയും ഫോട്ടോ ഉൾപ്പെടുത്തി ഒരു ആൽബം തയ്യാറാക്കുക.
3. ഈ നോവലിലെ മനുഷ്യ കഥാപാത്രങ്ങളുടെ പേരും പരസ്പര ബന്ധവും വ്യക്തമാക്കുന്ന ഒരു ബഹുവർണ ചാർട്ട് നിർമ്മിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുക.



SCERT
വിദ്യാഭവൻ

PRINTED BY THE MANAGING DIRECTOR
KERALA BOOKS AND PUBLICATIONS SOCIETY, KAKKANAD, KOCHI-682 030